അദ്ധ്യാപനസഹായി

4

3167
14.6

വികസനവും ജനങ്ങളും

വെളിച്ചമേ നയിച്ചാലും

എറണാകുളം ജില്ല സമ്പൂർണ്ണ സാക്ഷരതായജ്ഞം
പഴയ കലക്ടറേറ്റ്, എറണാകുളം

വികസനവും
ജനങ്ങളും

Vikasanavum Janangalum
(Development and People)
Prepared by C.G. Santhakumar

Published and Distributed by
The Ernakulam District Total
Literacy Programme,
old Collectorate, Cochin, 682 011
Layout Chandranandan
Printed Ayodhya Printers, Cochin.
Total Literacy Programme is
implemented with the financial
support of the National Literacy Mission,
Ministry of Human Resources Development
Government of India.

ഉള്ളടക്കം

1. സാക്ഷരതയും ക്ഷേമപ്രവർത്തനങ്ങളും.
2. റവന്യു വകുപ്പിൽനിന്നുള്ള ആനുകൂല്യങ്ങൾ.
3. ഗ്രാമവികസനവകുപ്പിൻെറ പ്രവർത്തനങ്ങൾ.
4. സാമൂഹ്യക്ഷേമവകുപ്പിൻെറ പ്രവർത്തനങ്ങൾ.
5. ഹരിജനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക ക്ഷേമപദ്ധതികൾ.
6. കൃഷിവകുപ്പിൻെറ ക്ഷേമപ്രവർത്തനങ്ങൾ.
7. തൊഴിലാളികൾക്കുവേണ്ടിയുള്ള ആശ്വാസപദ്ധതികൾ.
8. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമായി ബന്ധപ്പെടുന്നതെങ്ങനെ.
9. തൊഴിലില്ലായ്മ വേതനവും സ്വയം തൊഴിൽ കണ്ടെത്തലും.
10. മത്സ്യത്തൊഴിലാളി കൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ.
11. കേരള ഖാദി ഗ്രാമവ്യവസായബോർഡിൽനിന്നുള്ള ചില ആനുകൂല്യങ്ങൾ.
12. ബാങ്കുവായ്പ-തൊഴിലിനും കച്ചവടത്തിനും
13. മറ്റു ചില സഹായപരിപാടികൾ.
14. അനുബന്ധം.

ആമുഖത്തിനു പകരം



എറണാകുളം ജില്ലാ സമ്പൂർണ സാക്ഷരതാ യജ്ഞത്തിൻെറ ഭാഗമായാണ് ഈ അധ്യാപനസഹായി പ്രസിദ്ധീകരിക്കുന്നത്. 1989 ജനുവരി 26-ന് ബഹു: കേരള മുഖ്യമന്ത്രി ഉൽഘാടനം ചെയ്ത എറണാകുളം ജില്ലാ സമ്പൂർണ സാക്ഷരതായജ്ഞം, ഈ രംഗത്ത് ഇന്ത്യയിൽ ഇന്നോളം നടന്നിട്ടുള്ള ഏറ്റവും ബൃഹത്തായ പ്രവർത്തനമാകുന്നു. 1989 ഒക്ടോബറിൽ എറണാകുളം ജില്ലയെ ഇന്ത്യയിലെ ഒന്നാമത്തെ സമ്പൂർണ്ണ സാക്ഷരതാജില്ലയാക്കിത്തീർക്കുക എന്നതാണ് ഈ യജ്ഞത്തിൻെറ ലക്ഷ്യം. സാക്ഷരതയെന്നാൽ കേവലമായ അക്ഷരജ്ഞാനമല്ല. തങ്ങൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ചുറ്റുപാടുകളെക്കുറിച്ച് വ്യക്തമായ അവബോധം നേടാൻ പഠിതാക്കളെ സഹായിക്കുക എന്നത് സാക്ഷരതാപ്രവർത്തനത്തിൻെറ അവിഭാജ്യഘടകമാണ്. ഇത് സാധ്യമാകണമെങ്കിൽ, ഈ മഹാപ്രസ്ഥാനത്തിൻെറ ജീവനായി വർത്തിക്കുന്ന ഇരുപതിനായിരത്തിലധികം ഇൻസ്ട്രക്റ്റർമാരുടെ ബോധനിലവാരം ഉയർത്തണം. ഇതിനു സഹായകമായ വിധത്തിൽ പ്രസിദ്ധീകരിച്ച അദ്ധ്യാപനസഹായികളുടെ കൂട്ടത്തിൽ ഒന്നാണ് ജനങ്ങളും വികസനവും എന്ന ഈ പുസ്തകം. സാക്ഷരതാക്ലാസുകളിലെ ഇൻസ്ട്രക്റ്റർമാർക്കും അവരിൽക്കൂടി പഠിതാക്കൾക്കും, നമ്മുടെ നാട്ടിൽ നിലവിലുള്ള ഏതാനും സാമൂഹ്യക്ഷേമപദ്ധതികളെക്കുറിച്ച് വിവരം നല്കുക എന്നതാണ് ഈ പുസ്തകത്തിൻെറ ഉദ്ദേശ്യം. വെറുതെ വിവരം നല്കൽ മാത്രമല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. നമ്മുടെ പഠിതാക്കളിൽ അധികംപേരും, ഇത്തരം ക്ഷേമപ്രവർത്തനങ്ങളിൽക്കൂടി ലഭി

ക്കുന്ന പല ആനുകൂല്യങ്ങൾക്കും അർഹരാണ്. എന്നാൽ ബഹുഭൂരിപക്ഷം പഠിതാക്കൾക്കും, പഠിതാക്കളല്ലാത്ത പലർക്കും ഈ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നോ, അവ ലഭ്യമാക്കാൻ എന്തുചെയ്യണമെന്നോ അറിഞ്ഞുകൂടാ. ആവശ്യമുള്ള വിവരം നല്കി, ഈ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നു ധരിക്കാൻ നമ്മുടെ ഇൻസ്ട്രക്റ്റർമാരെയും അവരിൽക്കൂടി പഠിതാക്കളെയും പഠിതാക്കളല്ലാത്തവരെയും സഹായിക്കുക എന്നതാണ് ഈ പുസ്തകംകൊണ്ടു ഞങ്ങൾ ഉദ്ദേശിക്കുന്നത്. കാര്യം മനസ്സിലായാൽ, തങ്ങൾക്കർഹമായത് നേടാൻ അവർ സ്വയം ശ്രമിച്ചുകൊള്ളും.

ഈ ലഘുലേഖയ്ക്കുവേണ്ട വിവരങ്ങൾ സംഭരിച്ചുതന്നവരിൽ പ്രമുഖർ എറണാകുളം ജില്ലാ പ്ലാനിങ്ങ് ഓഫീസർ ശ്രീമതി കെ. റോസ്, ആലുവാതഹസീൽദാർ ശ്രീ വി.ഡി ശശീന്ദ്രൻ, മുളന്തുരുത്തി ബി.ഡി.ഒ ശ്രീ എസ്. രമേശൻ എന്നിവരാണ്. അവരോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

സമ്പൂർണസാക്ഷരതായജ്ഞത്തിന്റെ വിജയത്തിനായി തളരാതെ അധ്വാനിച്ചുകൊണ്ടിരിക്കുന്ന പ്രിയപ്പെട്ട ഇൻസ്ട്രക്റ്റർമാർക്കും സാക്ഷരതാപ്രവർത്തകർക്കും ഈ പുസ്തകം സാദരം സമർപ്പിച്ചുകൊള്ളുന്നു.

സ്നേഹത്തോടെ

സി.ജി. ശാന്തകുമാർ
പ്രോജക്റ്റ് ഓഫീസർ

സാക്ഷരതയും ക്ഷേമപ്രവർത്തനങ്ങളും

ഒട്ടേറെ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. ഈ പരിപാടികളിൽ മിക്കതും വികസനത്തിന്റെ പൊതുനേട്ടങ്ങളുടെ തണലിൽ, സ്വന്തം ജീവിതം മെച്ചപ്പെടുത്താൻ കഴിവില്ലാത്ത അവശവിഭാഗങ്ങളെ ഉദ്ദേശിച്ചുള്ളവയാകുന്നു.

സമൂഹത്തിന് മൊത്തത്തിൽ പ്രയോജനപ്പെടുന്നവയും ഉല്പാദനക്ഷമവുമായ പദ്ധതികളായിട്ടാണ്, വികസനപ്രവർത്തനങ്ങളിൽ ഏറിയ പങ്കും വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. അങ്ങനെ ആയിരിക്കുകയും വേണം. വൈദ്യുതനിലയങ്ങൾ, അണക്കെട്ടുകൾ, വ്യവസായശാലകൾ എന്നിവ അക്കൂട്ടത്തിൽപ്പെടുന്നു. എന്നാൽ സാമൂഹ്യവും സാമ്പത്തികവുമായ അവശതകൾ, അറിവില്ലായ്മ, ശാരീരിക വൈകല്യങ്ങൾ എന്നീ കാരണങ്ങളാൽ വികസനത്തിന്റെ ഗുണഫലങ്ങൾ നേരിട്ടനുഭവിക്കാൻ കഴിവില്ലാത്ത ഒരു വിഭാഗം ജനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പഞ്ചവത്സരപദ്ധതികൾ എത്രയെണ്ണം കഴിഞ്ഞാലും അത്തരക്കാർ പുരോഗതിയുടെ പാതയിൽനിന്നൊറ്റപ്പെട്ട് അവഗണനയിലും ദാരിദ്ര്യത്തിലും മുഴുകിക്കഴിയുകയേ ഉള്ളു. ജനങ്ങളുടെ മൊത്തം മേന്മയ്ക്കുവേണ്ടി കാലാകാലങ്ങളിൽ തയ്യാറാക്ക

പ്പെടുന്ന പദ്ധതികളുടെ ഗുണാംശങ്ങൾ എത്തിപ്പിടിച്ചു സ്വാംശീകരിക്കാൻ സമൂഹത്തിൻെറ താഴെത്തട്ടിൽ ഇഴയുന്ന ഇത്തരക്കാർക്ക് പലപ്പോഴും കഴിയാറില്ല. ഇക്കാരണത്താൽ, വികസനത്തിൻെറ ഗുണഫലങ്ങളനുഭവിക്കാനവസരം കിട്ടുന്നവർ സമൃദ്ധിയുടെ പാതയിൽ കൂടി മുന്നേറിക്കൊണ്ടിരിക്കുന്ന അതേവേഗതയിൽ ഇക്കൂട്ടർ, സാമൂഹ്യപുരോഗതിയുടെ മുഖ്യധാരയിൽനിന്ന് ഒറ്റപ്പെട്ടുകൊണ്ടിരിക്കും. വികസനത്തിൻെറ ഗുണഭോക്താക്കളെന്നതിനേക്കാൾ, ദോഷഭോക്താക്കളെന്നപേരായിരിക്കും ഇവർക്ക് കൂടുതൽ യോജിക്കുക. ഇങ്ങനെ പിന്തള്ളപ്പെടുന്നവരുടെ സ്ഥാനം പല തട്ടുകളിലായിട്ടാണ്. പല വിഭാഗങ്ങളിലും അവരുടെ സംഖ്യ ഏറിയും കുറഞ്ഞുമിരിക്കും. സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവശതയനുഭവിക്കുന്ന ഇക്കൂട്ടരെക്കൂടി, പുരോഗതിയുടെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ ബോധപൂർവ്വം ശ്രമിച്ചില്ലെങ്കിൽ, വികസനത്തിൻെറ നേട്ടങ്ങൾ നഗരങ്ങളിലെ സൗഭാഗ്യത്തുരുത്തുകളുടെയും ഗ്രാമങ്ങളിലെ നാട്ടുപ്രമാണിമാരുടെയും പ്രത്യേകാവകാശമായിച്ചുരുങ്ങും. പ്രത്യേക പരിപാടികൾ വഴി വികസനത്തിൻെറ നേട്ടങ്ങൾ ദുർബ്ബലവിഭാഗങ്ങളിലെത്തിച്ച്, അവരെക്കൂടി സാമൂഹ്യപുരോഗതിയുടെ മുഖ്യധാരയിലേക്കാനയിക്കാനുള്ള പരിശ്രമമാണ്, സർക്കാർ നടപ്പിലാക്കി വരുന്ന പലതരം ക്ഷേമപദ്ധതികൾക്കു പിറകിലുള്ളത്.

സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് ധനസഹായം, ചെറുകിട വ്യവസായങ്ങളാരംഭിക്കാൻ കുറഞ്ഞ പലിശയ്ക്ക് വായ്പ, തുടങ്ങി പല ക്ഷേമപ്രവർത്തനങ്ങളും അതിൻെറ ഗുണഭോക്താക്കൾക്കും അതുവഴി സമൂഹത്തിനും നേട്ടമുണ്ടാക്കുന്നവയും ഉല്പാദനപരവുമാണ്. എന്നാൽ അഗതികൾക്കു നൽകുന്ന പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ അത്രയേറെ പ്രോൽസാഹിപ്പിക്കാവുന്നവയല്ലെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. അവ ഉൽപാദനപരമല്ലെന്നാണ് അതിനു പറയുന്ന കാരണം. ഭരണകൂടം നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സമൂഹത്തിന് മൊത്തത്തിൽ ലാഭകരവും ഉല്പാദനപരവുമാകണമെന്നു പറയുന്നതിൽ അർത്ഥമില്ല. സാമൂഹ്യപുരോഗതി കൈവരുത്താൻ ശ്രമിക്കുന്നതോടൊപ്പം സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തേണ്ട കടമയും ഭരണകൂടത്തിനുണ്ട്. അവശ വിഭാഗത്തിന് നൽകുന്ന പലതരം ആനുകൂല്യങ്ങളും സാമൂഹ്യ സുസ്ഥിതിയുടെ ഭാഗമാണ്.

സാക്ഷരത വികസനത്തിൻെറ ഭാഗമാണ്:-

ഭൗതികനേട്ടങ്ങളുണ്ടാക്കുന്ന കൂട്ടത്തിൽ, ജനങ്ങളുടെ മാനസികവും വിദ്യാഭ്യാസപരവുമായ ഉന്നമനം കൂടി വികസനത്തിൻെറ പരിധിയിൽ വരും. "വികസനമെന്നാൽ, റോഡുകളും ഫാക്ടറികളും അണക്കെട്ടുകളും മാത്രമല്ല. അടിസ്ഥാനപരമായി അതു മനുഷ്യൻെറ വികസനമാണ്" ഏഴാം പഞ്ചവത്സരപദ്ധതി രേഖയുടെ ആമുഖത്തിൽ ഇന്ത്യയുടെ പ്രധാനമന്ത്രി ഇങ്ങനെ പ്രസ്താവിക്കുന്നു. മനുഷ്യവിഭവത്തിൻെറ വികസനത്തിന് വിദ്യാഭ്യാസം, ചുരുങ്ങിയപക്ഷം സാക്ഷരതയെങ്കിലും കൂടാതെ കഴിയില്ല. അതേസമയം, അജ്ഞതയിലും അക്ഷരശൂന്യതയിലും മുഴുകിക്കഴിയുന്ന ജനങ്ങളെ സാക്ഷരരാക്കേണ്ടത് പുരോഗതി കാംക്ഷിക്കുന്ന ഏതൊരു സമൂഹത്തിൻെറയും പ്രാഥമിക കടമയാണ്. അതിനാൽ സാക്ഷരതയെ ന്നത് ഒരേ സമയം വികസനത്തിൻെറ ഉല്പന്നവും മുൻ ഉപാധിയുമായിത്തീരുന്നു. സാക്ഷരത്വം നേടി ചുറ്റുപാടുകളെ തിരിച്ചറിയാനും വ്യാഖ്യാനിക്കാനും വേണ്ട വകതിരിവാർജിച്ചവർക്കു മാത്രമേ വികസനപ്രവർത്തനങ്ങളിൽ പങ്കുചേർന്ന്, സാമൂഹ്യപുരോഗതിക്കുവേണ്ടി എന്തെങ്കിലും സംഭാവന ചെയ്യാൻ കഴിയൂ. സാക്ഷരതയാർജിച്ച സമൂഹത്തിൽനിന്നു മാത്രമേ, വികസനപ്രവർത്തനങ്ങൾക്കുവേണ്ട സാങ്കേതിക വൈദഗ്ദ്ധ്യം വളർത്തിയെടുക്കാനാവൂ. നിരക്ഷരരായ ജനങ്ങൾ വികസനഫലങ്ങളുടെ ഉപഭോക്താക്കൾ മാത്രമായിരിക്കും. തങ്ങൾ അനുഭവിക്കുന്നത് ആരുടെയെല്ലാം അധ്വാനഫലമാണെന്നോ ഇത്രയും നേടുന്നതിൽ തങ്ങളുടെ പങ്കാളിത്തം കൂടി ആവശ്യമാണെന്നോ മനസ്സിലാക്കാൻ അവർക്കു കഴിയുന്നില്ല.

നമ്മുടെ പ്രദേശത്തെ നിരക്ഷരരെ സംബന്ധിച്ചിടത്തോളം അവരുടെ സ്ഥിതി കുറേക്കൂടി അനുകമ്പാർഹമാണ്. വികസനഫലങ്ങളുടെ ഗുണഭോക്താക്കളായിരിക്കാൻപോലും അവരിൽപ്പലർക്കും കഴിയുന്നില്ല. അതിനു പല കാരണങ്ങളുമുണ്ട്. അനന്യസൂചിപ്പിച്ചതുപോലെ പൊതുവായിവരുന്ന വികസനഫലങ്ങളുടെ ആയക്കെട്ടിൽപ്പെടാൻ അവരിൽപ്പലർക്കും കഴിയുന്നില്ല. പിന്നെയുള്ളത്, അവരിൽ ഏറെപ്പേർക്കും ഗുണം കിട്ടാവുന്ന ക്ഷേമപരിപാടികളാണ്. വികസനത്തിൻെറ ഭാഗമായാവിഷ്കരിക്കപ്പെട്ടിരിക്കുന്ന നാനാതരം ക്ഷേമപ

രിപാടികളെക്കുറിച്ച്, നിരക്ഷരരിൽ ഭൂരിഭാഗത്തിനും വലിയ വിവരമൊന്നുമില്ല. അറിഞ്ഞാൽത്തന്നെ അവ എങ്ങനെ ലഭ്യമാകും എന്നു നിശ്ചയമില്ലാത്തതിനാൽ പലതരം ക്ഷേമപരിപാടികളും ആനുകൂല്യങ്ങളും നിരക്ഷരരായ സാധുജനങ്ങളിൽ എത്താതെ പോകുന്നു. അറിയാവുന്നവർക്കുതന്നെ അപേക്ഷയെഴുതാനോ ബന്ധപ്പെട്ടവരെ സമീപിക്കാനോ കഴിയാത്തതിനാൽ ഇടത്തട്ടുകാരുടെ സഹായം തേടേണ്ടിവരുന്നു.

നമ്മുടെ സാക്ഷരതാകേന്ദ്രങ്ങളിൽ വരുന്ന പഠിതാക്കളിൽ ബഹുഭൂരിപക്ഷവും 4000 രൂപയിൽത്താഴെ വാർഷികവരുമാനമുള്ളവരും എത്ര ശ്രമിച്ചാലും പട്ടിണിരേഖയ്ക്കു മുകളിലെത്താൻ കഴിയാത്തവരുമാണ്. സർക്കാറിൻെറ എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുക എന്നത് അവ യഥാർഥത്തിൽ അർഹിക്കുന്ന ഈ മനുഷ്യരെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമാണ്. അതിനാൽ എഴുത്തും വായനയും പഠിപ്പിക്കുന്നതോടൊപ്പം ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായിക്കിട്ടുന്ന പലതരം ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരവും അവർക്കു നല്കണം. ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരണം, കുറേക്കൂടി വിശദമായ "വികസന സാക്ഷരത"യുടെ തുടക്കം കുറിക്കലായി മാറ്റാനും കഴിയണം. കേവലം ആനുകൂല്യങ്ങളും ഔദാര്യങ്ങളും സ്വീകരിക്കാൻ മാത്രമായി, വികസനത്തെക്കുറിച്ച് അവർക്കുള്ള ബോധം പരിമിതപ്പെടുത്തിക്കൂടാ. ആനുകൂല്യങ്ങളിൽ നിന്നാരംഭിച്ച്, വികസനപ്രവർത്തനങ്ങളിൽ ബോധപൂർവ്വം പങ്കാളികളാകാനും, അതിൻെറ ഗുണഫലങ്ങൾ ബഹുഭൂരിപക്ഷത്തിനും ലഭ്യമാക്കേണ്ടതിനെക്കുറിച്ചു ബോധവാന്മാരാകാനും അവരെ സഹായിക്കണം.

സമൂഹത്തിനു പൊതുവായി നേട്ടമുണ്ടാക്കുന്നവയും ഒരു നിശ്ചിത ജീവിതനിലവാരത്തിലുള്ള വ്യക്തികൾക്ക് മാത്രം പ്രയോജനമുള്ളതുമായി ക്ഷേമപ്രവർത്തനങ്ങൾ രണ്ടുവിധത്തിലുണ്ട്. അതുപോലെ വ്യക്തികൾക്ക് നേരിട്ടു സഹായം നല്കുന്നവയും, വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന സംഘടനകൾക്കും ഏജൻസികൾക്കും സഹായം നൽകുന്നവയുമായ പദ്ധതികളുണ്ട്. ഇവയിൽ മിക്കവാറും, വ്യക്തികൾക്ക് നേരിട്ടു ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചു മാത്രമേ ഈ പുസ്തകത്തിൽ വിവരിക്കപ്പെടുന്നുള്ളു. കാരണം, സാക്ഷരതാകേന്ദ്രങ്ങളിലെ ഇൻസ്ട്രക്റ്റർമാരും, അവരിൽക്കൂടി വിവരം ലഭിക്കേണ്ട പഠിതാക്കളുമാണല്ലോ നമ്മുടെ ലക്ഷ്യം.

റവന്യൂവകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ

വാർദ്ധക്യകാല പെൻഷൻ

വൃദ്ധരായ അഗതികൾക്കുള്ള ഒരു ക്ഷേമ പദ്ധതിയാണിത്. വളരെ താഴ്ന്ന സാമ്പത്തിക സ്ഥിതിയുള്ളവരും സഹായത്തിന്നാരുമില്ലാത്ത വയസ്സന്മാർക്കാണ് വാർദ്ധക്യകാല പെൻഷൻ ലഭിക്കുക. അപേക്ഷകന് 65 വയസ്സ് കഴിഞ്ഞിരിക്കണം. അപേക്ഷകൻേറയോ ഭാര്യയുടെയോ മാസവരുമാനം നൂറുരൂപയിൽ താഴെയായിരിക്കണം. ആൺമക്കളുള്ളവർക്ക് ആനുകൂല്യത്തിനർഹതയില്ല. ചില പ്രത്യേക സാഹചര്യത്തിൽ ആൺമക്കൾ ഉണ്ടെങ്കിലും ചട്ടം ഇളവു ചെയ്ത് പെൻഷൻ അനുവദിക്കാം. പെൻഷൻ തുക 75 രൂപയാണ്.

വാർദ്ധക്യ പെൻഷനുള്ള അപേക്ഷ *നിർദ്ദിഷ്ട ഫോറത്തിൽ* (ഫോറം നമ്പർ 1) സ്വന്തം പ്രദേശത്തെ വില്ലേജാപ്പീസർക്ക് സമർപ്പിക്കണം. ഓരോ വർഷവും *മാർച്ച്-ഏപ്രിൽ* മാസങ്ങളാണ് അപേക്ഷ നൽകേണ്ട സമയം. അപേക്ഷയോടൊപ്പം വയസ്സു തെളിയിക്കുന്നതിനുള്ള രേഖയും ഉണ്ടായിരിക്കണം.

അപേക്ഷ അംഗീകരിച്ച് പെൻഷൻ നല്കാനുള്ള അധികാരം ബന്ധപ്പെട്ട തഹസിൽദാർക്കാണ്. അദ്ദേഹം വില്ലേജ് ഓഫീസർ വഴിയോ, ആവശ്യമെങ്കിൽ സ്വതന്ത്രമായോ അന്വേഷണം നടത്തി അർഹത ബോധ്യപ്പെട്ടതിന്നുശേഷമാണ് പെൻഷൻ അനുവദിക്കുക. അംഗീകരിക്കപ്പെട്ട അപേക്ഷയുടെ കർത്താവിന് സർക്കാർ ചെലവിൽ മണിയോർഡറായി അയച്ചുകൊടുക്കും. വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നവർ സർക്കാരിൽനിന്നും മറ്റേതെങ്കിലും പെൻഷൻ സ്വീകരിക്കാൻ പാടില്ല. **ഫോറം അനുബന്ധം 1-ൽ**

വിധവാ പെൻഷൻ

ഭർത്താവു മരിച്ചുപോയവരോ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരോ, തുടർച്ചയായി എട്ടുവർഷത്തിൽ കൂടുതൽ ഭർത്താവിനെക്കുറിച്ചു വിവരം ലഭിക്കാത്തവരോ ആയ സ്ത്രീകളെയാണ് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരായി കണക്കാക്കുന്നത്. അപേക്ഷകയ്ക്ക് മാതാവ്, പിതാവ്, പ്രായപൂർത്തിയായ ആൺമക്കൾ എന്നിവർ ഉണ്ടെങ്കിൽ പെൻഷന് അർഹതയില്ല. ആൺമക്കൾ പ്രായപൂർത്തിയെത്താത്തവരാണെങ്കിൽ, അവർക്ക് 20 വയസ്സ് തികയുന്നതുവരെ അപേക്ഷകയ്ക്ക് പെൻഷൻ കിട്ടും. പ്രതിമാസവരുമാനം 100 രൂപയിൽ കുറഞ്ഞ വിധവകൾക്കേ പെൻഷനപേക്ഷിക്കാനർഹതയുള്ളു. പെൻഷൻ തുക 75 ക. *നിശ്ചിതഫോറത്തിൽ* (ഫോറം നമ്പർ 1) പെൻഷനുവേണ്ടി അപേക്ഷിക്കാനുള്ള സമയം മാർച്ച് 1 നും മേയ് 31 നും ഇടയ്ക്കാണ്. തഹസിൽദാരാണ് അപേക്ഷ പരിഗണിച്ച് പെൻഷൻ അനുവദിക്കേണ്ടത് **അപേക്ഷാഫോറം അനുബന്ധം 1-ൽ,**

വികലാംഗ പെൻഷൻ

അന്ധരും മൂകരും ബധിരരും മറ്റുവിധത്തിൽ നാല്പതു ശതമാനമെങ്കിലും അംഗവൈകല്യം ഉള്ളവരുമാണ് വികലാംഗപെൻഷന് അപേക്ഷിക്കാനർഹതയുള്ളവർ. അപേക്ഷകൻെറ കുടുംബവരുമാനം പ്രതിമാസം 300 രൂപയിൽ കൂടരുത്. വാർധക്യപെൻഷൻേറതുപോലെതന്നെ ഇതിനുള്ള അപേക്ഷയും വില്ലേജാപ്പീസർക്കുതന്നെയാണ് നല്കേണ്ടത്. തഹസിൽദാരാണ് പെൻഷൻ തുക അനുവദിക്കുക. 75 രൂപ പ്രതിമാസം ലഭിക്കും.

മാനസിക രോഗികൾക്കും പെൻഷൻ ലഭിക്കും. I. Q. അമ്പതിൽ കുറവുള്ള മാനസിക രോഗികൾക്കാണ് ഇതിനർഹത. അയാൾ മാനസിക രോഗിയാണെന്നുള്ളതിന്ന് സർക്കാർ സർവീസിലുള്ള ഒരു മനോരോഗവിദഗ്ദൻെറ സർട്ടിഫിക്കറ്റുവേണം. രോഗിക്ക് പ്രയാസമാണെങ്കിൽ അയാൾക്കുവേണ്ടി രക്ഷിതാവിന്ന് അപേക്ഷിക്കാം. പണം ലഭിക്കുന്നത് രക്ഷകർത്താവിൻെറ പേരിലായിരിക്കും. ഇതിനുവേണ്ടി രക്ഷകർത്താവ് ഒരു സമ്മതപത്രത്തിൽ ഒപ്പിടണം.

മുകളിൽപ്പറഞ്ഞ അപേക്ഷകളൊക്കെ തഹസിൽദാർ നിരസിക്കുന്നപക്ഷം അപ്പീൽ കൊടുക്കേണ്ടത് R.D.O വിനാണ്.

അപേ ക്ഷാഫോറം അനുബന്ധം 2-ൽ

ക്ഷയരോഗികൾക്കു പെൻഷൻ

ക്ഷയരോഗിയാണെന്നും ചുരുങ്ങിയത് ഒരു വർഷത്തെ ചികിത്സയെങ്കിലും ആവശ്യമാണെന്നും ക്ഷയരോഗ ക്ലിനിക്കുള്ള ആസ്പത്രിയിലേയൊ സാനിറ്റോറിയത്തിലേയൊ ഡോക്ടറുടെ സർട്ടിഫിക്കറ്റുണ്ടാവണം. അതേസമയം ക്ലിനിക്കിലോ സാനിട്ടോറിയത്തിലോ പ്രവേശനം ലഭിച്ചിട്ടുണ്ടാവാനും പാടില്ല. രോഗിയുടെ പ്രതിവർഷ കുടുംബവരുമാനം 600 രൂപയിൽ താഴെയായിരിക്കണം. ഇങ്ങനെയുള്ള ക്ഷയരോഗിക്ക് മാസം 50 രൂപ പെൻഷൻ ലഭിക്കും. പെൻഷൻ തുക മണിയോർഡറായി അയച്ചുകൊടുക്കും.

പെൻഷനുള്ള അപേക്ഷ ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ സഹിതം വില്ലേജാഫീസർവഴി തഹസിൽദാർക്ക് സമർപ്പിക്കണം. ആറു **മാസത്തേക്കാണ്** ആദ്യം പെൻഷൻ അനുവദിക്കുക. ആറുമാസം കഴിയുമ്പോൾ പെൻഷൻ തുടർന്നു ലഭിക്കുന്നതിന് വീണ്ടും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം. പെൻഷൻ ഒരു വർഷം ലഭിച്ചു കഴിഞ്ഞാൽ, വീണ്ടും അർഹതയുണ്ടാവാൻ 3 വർഷം കഴിയണം.

അപേക്ഷാഫോറം അനുബന്ധം 3-ൽ

കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കുമുള്ള പെൻഷൻ

സാധുക്കളായ കുഷ്ഠരോഗികൾക്ക് പ്രതിമാസം 100 രൂപ പെൻഷൻ ലഭിക്കും. അയാളുടെ പ്രതിമാസവരുമാനം 200 രൂപയിൽ കവിയാൻ പാടില്ല. അതുപോലെ മറ്റുകുടുംബാംഗങ്ങളുടെ മാസവരുമാന

വും 200 രൂപയിൽ കൂടരുത്. പെൻഷനുള്ള അപേക്ഷ എപ്പോൾ വേണമെങ്കിലും അയയ്ക്കാം. അപേക്ഷയോടൊപ്പം കുഷ്ഠരോഗ ആശുപത്രിയിൽനിന്നുള്ള സർട്ടിഫിക്കറ്റുകൂടി ഹാജരാക്കണം. അപേക്ഷ വില്ലേജാഫീസർവഴി ബന്ധപ്പെട്ട തഹസിൽദാർക്കാണ് അയയ്ക്കേണ്ടത്. ആദ്യം ഒരു വർഷത്തേക്കാണ് പെൻഷൻ അനുവദിക്കുക. രോഗം ഭേദമായില്ലെങ്കിൽ ഒരു വർഷത്തേക്കുകൂടി നല്കാവുന്നതാണ്.

കുഷ്ഠരോഗികൾക്കുള്ള പെൻഷൻെറ നിബന്ധനകൾ തന്നെയാണ് അവശതയനുഭവിക്കുന്ന ക്യാൻസർ രോഗികളുടെ പെൻഷനെ സംബന്ധിച്ചും ഉള്ളത്. മെഡിക്കൽ സർട്ടിഫിക്കറ്റ്, രോഗി താമസിക്കുന്ന സ്ഥലത്തുള്ള ഏതെങ്കിലും ഗവൺമെൻറ് മെഡിക്കലാപ്പീസറിൽ നിന്നു വാങ്ങണം. അർഹതയുള്ളവർക്ക് പെൻഷൻ തുകയായ 100 രൂപ മണിയോർഡറായി അയച്ചുകൊടുക്കും.

വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിന് ധനസഹായം

കുടുംബവരുമാനം ആറായിരം രൂപയിൽ താഴെയുള്ള വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 1000 രൂപ ധനസഹായം ലഭിക്കുന്നു.

ധനസഹായത്തിന്നപേക്ഷിക്കുമ്പോൾ, വിവാഹിതയാകുന്ന പെൺകുട്ടിക്ക് 18 വയസ്സ് തികഞ്ഞിരിക്കണം. വിവാഹിതയാകുന്ന പെൺകുട്ടിക്ക് ഓഹരിയായി ലഭിക്കുന്ന കുടുംബസ്വത്തിൻെറ വില 6000 രൂപയിൽ കവിയാൻ പാടില്ല.

അച്ഛനും അമ്മയും ഇല്ലാത്ത പെൺകുട്ടികൾക്കും ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായത്തിന്നർഹതയുണ്ടായിരിക്കും.

സഹായത്തിന്നുള്ള അപേക്ഷ സമർപ്പിക്കേണ്ടത് വില്ലേജാഫീസർ വഴി ബന്ധപ്പെട്ട തഹസിൽദാർക്കാണ്. വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷ നല്കണം. പ്രത്യേക കാരണമുണ്ടെങ്കിൽ, ഒരു മാസമെന്ന സമയപരിധിയിൽ കളക്ടർക്ക്ഇളവനുവദിക്കാം. നിശ്ചിത ഫോറമുണ്ട്. അപേക്ഷയോടൊപ്പം, വരുമാനസർട്ടിഫിക്കറ്റ്, ഭർത്താവ് മരണമടഞ്ഞുവെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയും നിബന്ധനകളിൽ പ്പറഞ്ഞിട്ടുള്ള മറ്റു രേഖകളും ഹാജരാക്കണം. അപേക്ഷാഫാറം

അനുബന്ധ 4

മോട്ടോർ വാഹന അപകടങ്ങളിൽപ്പെടുന്നവർക്കുള്ള ധനസഹായം

വാഹന അപകടങ്ങളിൽപ്പെട്ട് പരുക്കു പറ്റിയവർക്കും, മരണമടയുന്നവരുടെ കുടുംബത്തിനും അടിയന്തിര ധനസഹായം അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഗുരുതരമായി പരിക്കുപറ്റിയവർക്ക് 500 രൂപയും മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് 1000 രൂപയുമാണ് ഇങ്ങനെ അനുവദിക്കാൻ കഴിയുക. ഈ സഹായത്തിന് വരുമാനപരിധിയില്ല. അപകടം പറ്റി മുപ്പത്ദിവസങ്ങൾക്കകം അപേക്ഷ തഹസിൽദാർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം F.I.Rൻെറ പകർപ്പ്, മുറിവ് സർട്ടിഫിക്കറ്റ്, മരണമാണെങ്കിൽ പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിൻെറ പകർപ്പ്, വണ്ടിയുടെ വിവരങ്ങൾ എന്നിവ ഉണ്ടായിരിക്കണം. ന്യായമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ 60 ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷകളും പരിഗണിക്കും. അപേക്ഷയ്ക്കുള്ള സമയപരിധി 120 ദിവസം വരെ ഇളവു ചെയ്തുകൊടുക്കാനുള്ള അധികാരം ജില്ലാ കളക്ടർക്കുണ്ട്. K.S.R.T.C വാഹനങ്ങൾ മൂലമാണ് അപകടം സംഭവിച്ചതെങ്കിൽ, ധനസഹായത്തിന് K.S.R.T.C. യുമായി ബന്ധപ്പെടണം.

ഇതൊരു താല്ക്കാലിക ധനസഹായം മാത്രമാണ്. മറ്റുവിധത്തിൽ ലഭിക്കേണ്ട നഷ്ടപരിഹാരം തുടങ്ങിയ ആനുകൂല്യങ്ങൾക്ക് ഇതൊരു തടസ്സമല്ല.

വണ്ടി ഇടിച്ചിട്ടുപോയ കേസുകളിൽ, വണ്ടിയെക്കുറിച്ച് യാതൊരു വിവരവും ലഭിക്കാതെ വരികയാണെങ്കിൽ "സൊലേഷ്യം ഫണ്ടിൽ"നിന്ന് 5000 രൂപ ജില്ലാ കളക്ടർക്ക് അനുവദിക്കാവുന്നതാണ്. ഇതിന്നുള്ള അപേക്ഷ നിശ്ചിതഫോറത്തിൽ

വില്ലേജാഫീസർവഴി തഹസിൽദാർക്കാണ് സമർപ്പിക്കേണ്ടത്.

• തീപ്പിടുത്തം മൂലം വീടു നശിച്ചവർക്ക് ധനസഹായം

തീപ്പിടുത്തം മൂലം വീടു നശിച്ച പാവപ്പെട്ടവർക്ക്, അവരുടെ കുടിലിന് 1000 രൂപ എന്ന നിരക്കിലും കത്തിനശിച്ച മറ്റു വസ്തുക്കൾക്ക് 500 രൂപ എന്ന നിരക്കിലും ധനസഹായം ലഭിക്കുന്നതാണ്.

റവന്യൂ ഡിവിഷനൽ ആപ്പീസറാണ് ഇതനുവദിക്കേണ്ടത്. തീപ്പിടുത്തംമൂലം വീടു നശിച്ചവർക്കുള്ള ധനസഹായത്തിനുവേണ്ടി ഗവൺമെൻറിന് അപേക്ഷ സമർപ്പിക്കണം.

● പ്രകൃതിക്ഷോഭം മൂലം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചാലുള്ള ധനസഹായം

കാറ്റ്, പേമാരി എന്നിവയുടെ ശല്യംകൊണ്ട് വീടു നശിച്ചവർക്ക് അടിയന്തിര സഹായം ലഭിക്കാനുള്ള വ്യവസ്ഥയുണ്ട്. ഭാഗികമായി വീടു നശിച്ചവർക്ക് 500 രൂപയും വീടു മുഴുവനായി നശിച്ചവർക്ക് 1500 രൂപയുമാണ് സഹായധനമായിക്കിട്ടുക. അപേക്ഷകൻെറ പ്രതിവർഷ വരുമാനം 9600 രൂപയിൽ കവിയാൻ പാടില്ല. വില്ലേജാഫീസർ വഴി തഹസിൽദാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

വെള്ളപ്പൊക്കത്തിൽപ്പെട്ടു മരണമടയുന്നവരുടെ കുടുംബത്തിന് ധനസഹായം നല്കാനുള്ള വ്യവസ്ഥയുണ്ട്. മരിച്ചത് പ്രായപൂർത്തി വന്ന ആളാണെങ്കിൽ 5000 രൂപയും കുട്ടിയാണെങ്കിൽ 2000 രൂപയും സഹായധനമായി ലഭിക്കും. വരുമാന പരിധിയുണ്ട്. ജില്ലാ കളക്ടറാണ് ആനുകൂല്യം അനുവദിക്കേണ്ടത്.

പേഴ്സണൽ ആക്സിഡൻറ് സെക്യൂരിറ്റി സ്കീം

അപകടമരണം സംഭവിച്ച് 180 ദിവസത്തിനകം നിശ്ചിത ഫോറത്തിൽ, (ഫോറം നമ്പർ 1) ആവശ്യമുള്ള രേഖകൾ സഹിതം അപേക്ഷിച്ചാൽ, ഈ പദ്ധതിപ്രകാരം 3000 രൂപ നഷ്ടപരിഹാരം ലഭിക്കും. ആനുകൂല്യം ലഭിക്കാൻ കുടുംബത്തിൻെറ (ഭാര്യ, ഭർത്താവ് കുട്ടികൾ എന്നിവരുടെ) പ്രതിവർഷവരുമാനം 7200 രൂപയിൽ കുറവായിരിക്കണം. മരണപ്പെട്ട കുടുംബാംഗം 18 നും 60 നും ഇടയിൽ പ്രായമുള്ളവനും എന്തെങ്കിലും വരുമാനമുണ്ടായിരുന്നവനുമായിരിക്കണം.

അപകടം സംഭവിച്ച ഉടനേയോ, ആറുമാസത്തിനകമോ സംഭവിക്കുന്ന മരണമാണ് അപകടമരണം. ഭക്ഷ്യവിഷബാധ, ഇടിവെട്ട്, ഉയരത്തിൽനിന്നുള്ള വീഴ്ച, പാമ്പുകടി എന്നിവ കൊണ്ടുള്ള മരണം,

മുങ്ങിമരണം, എന്നിവയ്ക്ക് നഷ്ടപരിഹാരം ലഭിക്കും.

കുടുംബത്തിൽ അവശേഷിക്കുന്ന ഭാര്യയ്ക്ക്/ഭർത്താവിന്, ഭാര്യയോ ഭർത്താവോ ജീവിച്ചിരിപ്പില്ലെങ്കിൽ എല്ലാ കുട്ടികൾക്കും, കുട്ടികളില്ലെങ്കിൽ മരണമടഞ്ഞ അംഗത്തെ ആശ്രയിച്ചുകഴിയുന്ന മാതാപിതാക്കൾക്ക്, അവരുമല്ലെങ്കിൽ അവിവാഹിതരായ സഹോദരങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കും.

ഇതിനുള്ള അപേക്ഷാഫോറം ജില്ലയിലെ ആർ.ഡി.ഒ. ഓഫീസിൽ നിന്നു ലഭിക്കും. മരണം നടന്ന് 180 ദിവസത്തിനകം, മരണസർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് എന്നിവയോടൊപ്പം അപേക്ഷ ആർ.ഡി.ഒ. ക്ക് സമർപ്പിക്കണം.

ഗ്രാമവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

ഗ്രാമവികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത് ഗ്രാമവികസനവകുപ്പാണ്. ജില്ലാ ഗ്രാമവികസന ഏജൻസി (ഡി.ആർ.ഡി.എ) ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് എന്നിവയിൽ കൂടിയാണ് ഗ്രാമവികസനവകുപ്പ് അതിന്റെ പരിപാടികൾ നടപ്പിലാക്കുന്നത്. ബ്ലോക്ക് വികസന ആപ്പീസുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ (വി.ഇ.ഒ)വഴിയാണ് ഗ്രാമവികസനവകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തുന്നത്. തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിൽക്കൂടിദാരിദ്ര്യനിർമ്മാർജ്ജനംഎന്നതാണ് ഗ്രാമവികസനവകുപ്പിന്റെ പ്രധാനലക്ഷ്യം. മുഖ്യപരിപാടികൾ താഴെ കൊടുക്കുന്നു.

ഐ.ആർ.ഡി.പി.

സംയോജിത ഗ്രാമവികസന പരിപാടിയുടെ ചുരുക്കപ്പേരാണിത്. അർഹിക്കുന്നവരെ കണ്ടെത്തി, സ്വയം തൊഴിൽ ആർജിക്കാനാവശ്യമായ ധനസഹായവും വായ്പ്പയുംകൊടുത്ത് കുടുംബവരുമാനം വർധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾആവിഷ്ക്കരിച്ചു നടപ്പാക്കുക

യെന്നതാണ് സംയോജിതഗ്രാമവികസന പരിപാടിയുടെ ലക്ഷ്യം. വാർഷികവരുമാനം ഇപ്പോൾ 6400 രൂപയോ അതിൽക്കുറവോ ഉള്ള കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കണക്കാക്കുന്നു. ജീവൻ നിലനിർത്തുന്നതിനും സ്വന്തം ജോലി ചെയ്യാനും ആവശ്യമായ ഊർജം സമ്പാദിക്കാൻ വേണ്ട ഭക്ഷണപദാർഥങ്ങൾ വാങ്ങാൻ കഴിവില്ലാത്തവർ എന്നാണ് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ എന്ന പദംകൊണ്ടുദ്ദേശിക്കുന്നത്. ഇത്തരക്കാരെയാണ് ഐ.ആർ. ഡി.പി. യുടെ മുഖ്യ ഗുണഭോക്താക്കളായി കണക്കാക്കിയിരിക്കുന്നത്. ഓരോ വില്ലേജിലും വിശദമായ കുടുംബ സർവ്വെ നടത്തി, ഐ.ആർ.ഡി.പി.യുടെ സഹായം ലഭിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കുന്നു. നിശ്ചിത കാലയളവിൽ, സഹായം കിട്ടിയവരെ ഒഴിവാക്കിയും പുതിയവരെ ചേർത്തും ലിസ്റ്റ് പുതുക്കുകയും വിപുലീകരിക്കുകയും ചെയ്യേണ്ടതാണ്. ഏറ്റവും താഴ്ന്ന കുടുംബവരുമാനമുള്ള ആളുകൾക്കാണ് ആദ്യമാദ്യം സഹായം ലഭിക്കുക. ചെറുകിട-പരിമിത കർഷകർ, കർഷകത്തൊഴിലാളികൾ, കർഷകേതര തൊഴിലിലേർപ്പെട്ടിരിക്കുന്നവർ ഗ്രാമീണ കൈത്തൊഴിലുകാർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന, പ്രതിവർഷം 4800 രൂപയിൽ കുറവ് കുടുംബവരുമാനമുള്ള ആളുകൾക്കെല്ലാം ഐ. ആർ.ഡി.പി. യിൽ നിന്നുള്ള ആനുകൂല്യത്തിന്നർഹതയുണ്ട്. ഇങ്ങനെ സഹായം ലഭിക്കുന്ന കുടുംബങ്ങളിൽ 35 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരായിരിക്കണമെന്നാണ് നിബന്ധന. അതുപോലെ, ഗുണഭോക്താക്കളിൽ മൂന്നിലൊരുഭാഗം സ്ത്രീകളായിരിക്കണം. ഐ.ആർ.ഡി.പി. സഹായത്തിന്നർഹമായ ഏറ്റവും ചെറിയ യൂനിറ്റ് വ്യക്തിയല്ല, കുടുംബമാണ്. ബന്ധപ്പെട്ട വി.ഇ.ഒ. ആനുകൂല്യമർഹിക്കുന്ന കുടുംബങ്ങൾ സന്ദർശിച്ച്, ഓരോ കുടുംബത്തിനും ഏറ്റെടുക്കാൻ പറ്റിയ പരിപാടികളെന്താണെന്ന് നിശ്ചയിക്കുന്നു. പണമായിട്ടല്ല, ജീവനോപാധികളായിട്ടാണ്, സഹായം നൽകുക.

കാർഷിക പ്രവർത്തനങ്ങൾ, മൃഗസംരക്ഷണപരിപാടി ചെറുകിട വ്യവസായം, ചെറുകിട കച്ചവടം എന്നിങ്ങനെ കുടുംബത്തിൻെറ വരുമാനം വർധിക്കാവുന്നതും, അംഗങ്ങൾക്ക് ഏറ്റെടുത്തുനടത്താവുന്നതുമായ ഏതു സാമ്പത്തിക പ്രവർത്തനവും ഐ.ആർ.ഡി.പി. യുടെ പരിധിയിൽ വരാം. അർഹരായ അപേക്ഷകർ, ബ്ലോക്ക് ഉദ്യോഗസ്ഥന്മാർ, ബാങ്കിലേയും മറ്റു വകുപ്പുകളിലേയും പ്രതിനിധികൾ

എന്നിവർ ചേർന്നാണ് പരിപാടികൾക്ക് അന്തിമരൂപം നൽകുക. വി.ഇ.ഒ മാർ വഴി ലഭിക്കുന്ന അപേക്ഷകൾ ബി.ഡി.ഒ. ബാങ്കിലേയ്ക്ക് അയയ്ക്കുന്നു. അംഗീകരിക്കപ്പെടുന്ന അപേക്ഷകൾക്ക് സബ്സിഡി കഴിച്ച് ബാക്കിയുള്ള തുക ലോണായി അനുവദിച്ച് ബാങ്കുകളാണ് ജീവനോപാധികൾ ലഭ്യമാക്കുന്നത്. നിശ്ചയിച്ച പരിപാടിക്ക് എത്ര രൂപയാണ് വായ്പ നൽകേണ്ടതെന്ന് തീരുമാനിക്കുന്നത് ബാങ്കുമാനേജരുടെ വിലയിരുത്തൽ അനുസരിച്ചാണ്. ഇതിൽ, ചുരുങ്ങിയത് ഇരുപത്തഞ്ചുശതമാനം സബ്സിഡിയായി ലഭിക്കും. പട്ടികവർഗ്ഗക്കാർക്കാണെങ്കിൽ അമ്പതുശതമാനം വരെ—പരമാവധി 5000 ക.—സബ്സിഡിയായി ലഭിക്കും. സബ്സിഡി കഴിച്ച് ആവശ്യമുള്ളത് വായ്പയായി ബാങ്കുകൾ നൽകും. 10000 രൂപ വരെയുള്ള വായ്പകൾക്ക് ജാമ്യം ആവശ്യമില്ല.

തക്കതായ കാരണമില്ലാതെ, ഐ.ആർ.ഡി.പി. അപേക്ഷകൾ മടക്കാൻ ബാങ്കുകൾക്കധികാരമില്ല. മടക്കുന്നുണ്ടെങ്കിൽ, അപേക്ഷാഫോറത്തിൽ അതിന്റെ കാരണം വ്യക്തമായി കാണിച്ചിരിക്കണം അപേക്ഷകനും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമടങ്ങുന്ന ഒരു ക്രയസമിതിയാണ് അനുവദിക്കപ്പെട്ട തുകയ്ക്ക് ജീവനോപാധികൾ വാങ്ങുക. ജീവനോപാധിയായി വാങ്ങുന്ന കന്നുകാലികൾക്ക് ഇൻഷ്വറൻസ് നല്കുന്നുണ്ട്. പ്രകൃതിക്ഷോഭത്തിലോ, രോഗംമൂലമോ കന്നുകാലികൾ ചത്താൽ നഷ്ടപരിഹാരം ലഭിക്കും. ഇൻഷ്വറൻസ് പ്രീമിയം സർക്കാരും ഉടമസ്ഥനും കൂടി അടയ്ക്കണം.

ഐ.ആർ.ഡി.പി. വായ്പകൾ തിരിച്ചടയ്ക്കാനുള്ള കാലാവധി 3 മുതൽ 5 വർഷം വരെയാകുന്നു.

ട്രൈസം (Training of Rural Youth for Self Employment)

തൊഴിൽ രഹിതരായ ഗ്രാമീണയുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീല ന പരിപാടിയാണിത്. പത്തുവർഷംമുമ്പ് ആരംഭിച്ചതാണിത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 18 നും 35 നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവതീയുവാക്കൾക്കാണ് പ്രത്യേക തൊഴിലുകളിൽ പരിശീലനം നൽകുക. പരിശീലനം സിദ്ധിക്കുന്നമറുയ്ക്ക് കർശനമായും തൊഴിൽ ചെയ്യുന്നതിനുള്ള വായ്പയും സഹായ ധനവും നൽകുക—ഇതാണ് ട്രൈസം. ഓരോ

ബ്ലോക്കിലും ഒരു വർഷം 40 പേരെയാണ് തെരഞ്ഞെടുക്കുക. പ്രതിമാസം 250 രൂപ സ്റ്റൈപ്പെൻറ് നൽകുന്നതാണ്. പരിശീലകന് 75 രൂപ വീതം പ്രതിഫലം നൽകും. കൂടാതെ പരിശീലനകാലത്ത് 500 രൂപ വിലയ്ക്കുള്ള ടൂൾ കിറ്റ് വാങ്ങിക്കൊടുക്കും. പഞ്ചായത്തുകളിൽ താമസിക്കുന്നവർക്കാണ് ഇതിൻെറ ആനുകൂല്യം ലഭിക്കുന്നുള്ളു. അപേക്ഷകർ വി.ഇ.ഒ. മാരെയാണ് സമീപിക്കേണ്ടത്.

അപേക്ഷാഫാറം: അനുബന്ധം 5.

ഇന്ദിരാ അവാസ്‌യോജന

വികസന ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് ഇന്ദിരാ അവാസ്‌യോജന. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കാർഷികത്തൊഴിലാളികൾക്ക് ഈ പദ്ധതിയനുസരിച്ച് വീടു നിർമിച്ചുകൊടുക്കുന്നു. പഞ്ചായത്തിൽ നിന്നു ലഭിച്ച നാലു സെൻറ് ഭൂമിയോ, സ്വന്തമായി ഭൂമിയോ ഉള്ളവർക്കുമാത്രമേ വീടുവെക്കാൻ ധനസഹായം നൽകുകയുള്ളു. ഇതു പൂർണമായും ഗ്രാൻറായിരിക്കും.

വീടിന് 7400 ക. കക്കൂസിന് 1200 ക. വയറിങ്ങിനു 400 ക. പുകയില്ലാത്ത അടുപ്പിന് 150 ക. ഭൂമി നന്നാക്കാൻ 370 ക.

ഇങ്ങനെ അഞ്ചിനത്തിനായി ആകെ 9779 രൂപയാണ് ഓരോ വീടിനും ലഭിക്കുക. ബ്ലോക്ക് ഡെവലപ്പ്മെൻറ് കമ്മറ്റിയാണ് അർഹതയുള്ളവരെ തെരഞ്ഞെടുക്കുക. അപേക്ഷകർ ബി.ഡി.ഒ. വിനെ സമീപിക്കണം. ഒറ്റപ്പെട്ട വീടുകളായിട്ടല്ല, ഒട്ടേറെ വീടുകളുള്ള കൂട്ടങ്ങളായിട്ടാണ് ഹരിജൻ ആദിവാസകേന്ദ്രങ്ങളിൽ, ഇന്ദിരാ അവാസ് യോജന പ്രകാരം വീടുകൾ നിർമ്മിച്ചു കൊടുക്കുക.

ഭൂരഹിത കർഷകത്തൊഴിലാളികളിൽ അർഹരായവർക്ക് വീടുവെക്കാൻ 4 സെൻറുഭൂമി പഞ്ചായത്തുകൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

ചെലവുകുറഞ്ഞ കക്കൂസുകൾ (E.S.P.)

സാനിട്ടേഷൻ പരിപാടിയുടെ ഭാഗമായി ഗ്രാമീണർക്ക് ശുചിത്വമുള്ള കക്കൂസുകൾ നിർമിച്ചുകൊടുക്കുന്ന പദ്ധതി സംസ്ഥാന സർക്കാർ എല്ലാ ബ്ലോക്കുകളിലൂടെയും നടപ്പാക്കുന്നുണ്ട്.

രണ്ടു കുഴികളോടുകൂടിയ, ക്ലോസെറ്റും അടച്ചുതുറപ്പു സൗകര്യ

ങ്ങളുമുള്ള ഒരു കക്കൂസിന് 1200 രൂപയാണ് അനുവദിക്കുക. പട്ടിക ജാതി-പട്ടകിവർഗ കുടുംബങ്ങൾക്ക് സൗജന്യമായി ഈ ആനുകൂല്യം ലഭിക്കുമ്പോൾ, മറ്റു വിഭാഗങ്ങൾ തങ്ങളുടേതായ വിഹിതം കുടി ചെലവാക്കേണ്ടതുണ്ട്. ഗുണഭോക്താക്കൾക്ക് കക്കൂസുകൾ സ്വന്തമായി പണിയാവുന്നതാണ്. വികസന ബ്ലോക്കുകളെയാണ് ഇതിനുവേണ്ടി സമീപിക്കേണ്ടത്.

എൽ.ഡി. സ്കീം

ഗ്രാമീണർക്ക് കുടിവെള്ളം ലഭിക്കുന്നതിന് പൊതുക്കിണർ കുഴിച്ചു കൊടുക്കുന്ന ഒരു പദ്ധതിയാണിത്. കിണറിനാവശ്യമായ സ്ഥലം സൗജന്യമാതി സർക്കാരിനു വിട്ടുതരാൻ തയ്യാറുള്ളവരുടെ സ്ഥലത്ത്, മറ്റു ഗുണഭോക്താക്കൾക്കു കൂടി പൊതുവഴിയിലൂടെ വന്ന് വെള്ളമെടുക്കാനുള്ള സൗകര്യമുണ്ടെങ്കിൽ, കിണർ ഉണ്ടാക്കിക്കൊടുക്കും. കിണർ വ്യക്തികൾക്കായല്ല, പൊതുജനങ്ങൾക്കുവേണ്ടിയുള്ളതാണ്. കിണർ നിർമ്മിക്കേണ്ടത് പൊതുജനങ്ങളുടെ പ്രതിനിധിയോ, പഞ്ചായത്തുകമ്മിറ്റിയോ നിശ്ചയിക്കുന്ന ആളോ ആയിരിക്കും. കിണറിനുവേണ്ടി സമീപിക്കേണ്ടത് വികസന ബ്ലോക്കിനെ.

സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാരം

(കോമ്പോസിറ്റ് പ്രോഗ്രാം ഫോർ വിമൻ ആൻറ് പ്രി സ്കൂൾ ചിൽഡ്രൻ) അഞ്ചുവയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, മുലയൂട്ടുന്നവരും ഗർഭിണികളുമായ അമ്മമാർ എന്നിവരാണ് ഈ പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ. ഈ പരിപാടിക്കു രണ്ടു ഭാഗങ്ങളുണ്ട്: ഒന്ന്, പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനാവശ്യമുള്ള പ്രത്യേക പോഷകങ്ങളടങ്ങിയ ആഹാരം ഒരു നേരമെങ്കിലും ഗുണഭോക്താക്കൾക്കു നൽകുക. രണ്ടാമതായി, ആഹാരം, ആരോഗ്യം, സ്വഭാവരൂപീകരണം, ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാഭ്യാസം നല്കുക. ബാലവാടികളിലും ഫീഡിങ്ങ് കേന്ദ്രങ്ങളോടനുബന്ധമായി പ്രവർത്തിക്കുന്ന പഠനകേന്ദ്രങ്ങളിലും സൗജന്യ വിദ്യാഭ്യാസം ഗുണഭോക്താക്കൾക്ക് നല്കിവരുന്നു.

ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്

1988 ഏപ്രിൽ മാസത്തിനുശേഷം ഐ.ആർ.ഡി.പി. അനുസരിച്ച് സഹായം ലഭിച്ചിട്ടുള്ള എല്ലാ ഗുണഭോക്താക്കളും ഈ പദ്ധതിയുടെ പരിധിയിൽവരും. 18 നും 60 നും മദ്ധ്യേപ്രായമുള്ള ഗുണഭോക്താക്കളെല്ലാം പ്രീമിയം അടയ്ക്കാതെ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നവരായിമാറും. ഗുണഭോക്താവിൻെറ മരണം സ്വാഭാവികമരണമാണെങ്കിൽ 3000 രൂപ LIC നല്കും. അപകടമരണമാണെങ്കിൽ ബന്ധുക്കൾക്ക് 6000 രൂപ ലഭിക്കും. ആത്മഹത്യ, മദ്യപാനം കൊണ്ടുള്ള മരണം എന്നിവ അപകടമരണത്തിൻെറ പരിധിയിൽ വരുന്നില്ല. ബി.ഡി.ഒ. യുടെ ശുപാർശയനുസരിച്ച് ജില്ലാ ഗ്രാമവികസന ഏജൻസി വഴി LIC യിൽനിന്നും പണം അനന്തരാവകാശികൾക്കു ലഭിക്കും.

DWCRA:

ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബാംഗങ്ങളിൽപ്പെട്ട 15 സ്ത്രീകളെച്ചേർത്ത് ഒരു വ്യവസായ യൂനിറ്റുണ്ടാക്കി സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതിയാണിത്. 10 ശതമാനം പലിശനിരക്കിൽ ബാങ്കുവായ്പയും മൂന്നിലൊരുഭാഗം സബ്സിഡിയും ലഭിക്കും. ഇവ ഒരുമിച്ച് ബാങ്കിൽ നിക്ഷേപിച്ച് യന്ത്രങ്ങൾ, പ്രവർത്തനമൂലധനം എന്നിവയ്ക്ക് ചെലവാക്കി വ്യവസായം ആരംഭിക്കണം. വികസന ബ്ലോക്കുകളാണ് ഇക്കാര്യത്തിൽ സഹായിക്കുക.

ജവഹർ റോസ്ഗാർ യോജന

1980 മുതൽ നടപ്പാക്കിക്കൊണ്ടിരുന്ന തൊഴിൽദാന പദ്ധതികളെല്ലാം സംയോജിപ്പിച്ച് 1989-ൽ ജവഹർ റോസ്ഗാർ യോജന എന്ന പുതിയ പദ്ധതി ആവിഷ്കൃതമായി. ഭാഗികമായോ പൂർണമായോ തൊഴിൽരഹിതരായ ഗ്രാമീണത്തൊഴിലാളികൾക്ക് ഒരു ക്ലിപ്തകാലത്തേയ്ക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും അതിലൂടെ വരുമാന ഭദ്രത ഉറപ്പാക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുകയാണ്. ഗ്രാമങ്ങളിൽ ഉല്പാദനക്ഷമവും എന്നും സ്ഥായിയായി നില്ക്കുന്നതുമായ ആസ്ഥികൾ ഉണ്ടാക്കുക, അതിലൂടെ തൊഴിൽദിനങ്ങൾ

സൃഷ്ടിക്കുക ഇതെല്ലാമാണ് റോസ്ഗാർ യോജനകൊണ്ടുദ്ദേശിക്കുന്നത്. മൊത്തം അടങ്കലിൻെറ 80 ശതമാനം കേന്ദ്രവിഹിതം, 20 ശതമാനം സംസ്ഥാന സർക്കാരിൻെറ. കേന്ദ്രഗവൺമെൻറ് പണം നേരിട്ട് ജില്ലാ ഗ്രാമവികസന ഏജൻസിയെ ഏല്പിക്കുന്നു. ജില്ലയിലെ പട്ടികജാതി പട്ടികവർഗക്കാരുടെയും കാർഷികത്തൊഴിലാളികളുടെയും ദാരിദ്രത്തിൻെറയും തോത് അനുസരിച്ചാണ് ഓരോ ജില്ലയ്ക്കുമുള്ള വിഹിതം നിശ്ചയിക്കുന്നത്. ഗ്രാമവികസന ഏജൻസികൾ ജനസംഖ്യയുടെ അനുപാതത്തിൽ പഞ്ചായത്തുകൾക്ക് ഈ തുക വീതിച്ചു നൽകുന്നു. ഇതൊരു പുതിയ പരിപാടിയാണ്. നടപ്പാക്കി വരുന്നതേയുള്ളു.

സാമൂഹ്യക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ

മുഖ്യമായും സ്ത്രീകൾ, ശിശുക്കൾ, വികലാംഗർ എന്നിവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കാണ് സാമൂഹ്യക്ഷേമവകുപ്പ് കൂടതൽ ഊന്നൽ നൽകുന്നത്. ഏഴു തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ ഈ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു.

1. ശിശുക്ഷേമപദ്ധതികൾ 2. വനിതാക്ഷേമപദ്ധതികൾ 3. വികലാംഗർക്കുള്ള ക്ഷേമപരിപാടികൾ 4. പുനരധിവാസ കേന്ദ്രങ്ങൾ 5. അനാഥാലയങ്ങൾ 6. മറ്റുസ്ഥാപനങ്ങൾക്കുള്ള സഹായപദ്ധതികൾ 7. മിശ്രവിവാഹിതർക്കു ധനസഹായം.

ശിശുക്ഷേമപരിപാടികൾ:

പ്രത്യേക പോഷകാഹാര പരിപാടി:

ബാല്യത്തിലേയുള്ള പോഷകാഹാരക്കുറവ് കുട്ടികളുടെ ബുദ്ധിവികാസത്തേയും മാനസിക വളർച്ചയേയും കാര്യമായി തടസ്സപ്പെടുത്തുന്നു. നമ്മുടെ നാട്ടിൽ പോഷകാഹാരക്കമ്മിയനുഭവിച്ച് ശാരീരികമായും മാനസികമായും കൊച്ചിലേ വളർച്ച മുരടിച്ചുപോകുന്ന കുഞ്ഞുങ്ങൾ ആയിരക്കണക്കിനുണ്ട്. രക്ഷിതാക്കളുടെ ദാരിദ്ര്യം ഏറ്റവും

മാരകമായി ബാധിക്കുന്നത് കുഞ്ഞുങ്ങളുടെ വളർച്ചയെയാണ്. സാധുക്കളായ രക്ഷിതാക്കളുടെ പോഷകക്കമ്മിയനുഭവിക്കുന്ന കുഞ്ഞുങ്ങളെ ഉദ്ദേശിച്ചാണ് ആറുവയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും വേണ്ടി സർക്കാർ പോഷകാഹാര പരിപാടി ആരംഭിച്ചത്. 1971-ലാണ് ഇതാരംഭിച്ചത്.

പോഷകങ്ങളടങ്ങുന്ന റൊട്ടി, പാൽ, വിറ്റാമിൻ ഗുളികകൾ എന്നിവ ഗുണഭോക്താക്കൾക്ക് നിശ്ചിത കേന്ദ്രങ്ങളിൽ വെച്ച് വിതരണം ചെയ്യലാണ് ഇതുവഴി നടക്കുന്നത്. ആഹാരസാധനങ്ങൾ വേണ്ടവിധം പാകം ചെയ്താണ് നല്കുക.

ചുരുങ്ങിയത് 100 ഗുണഭോക്താക്കളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഒരു കേന്ദ്രം ആരംഭിക്കാൻ അനുവാദം നല്കാറുള്ളു. അതിൽ പത്തു ശതമാനം പേരെങ്കിലും പാലൂട്ടുന്ന അമ്മമാരും ഗർഭിണികളും ആയിരിക്കണം. ബാക്കിയുള്ളവർ ആറുവയസ്സിനു താഴെയുള്ള കുട്ടികൾ. സന്നദ്ധസംഘടനകൾക്കും സ്വയംഭരണസ്ഥാപനങ്ങൾക്കും ഒരു പ്രദേശത്ത് പോഷകാഹാര വിതരണകേന്ദ്രം തുടങ്ങുന്നതിനു മുൻകയ്യെടുക്കാം. സാധുജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന കടലോരത്തും, നഗരങ്ങളിലെ ചേരിപ്രദേശങ്ങളിലും ഹരിജനങ്ങളും ഗിരിജനങ്ങളും കൂട്ടമായിത്താമസിക്കുന്ന സ്ഥലങ്ങളിലും ആരംഭിക്കുന്ന കേന്ദ്രങ്ങൾക്ക് മുൻഗണന ലഭിക്കുന്നു. കേന്ദ്രം ആരംഭിക്കാൻ സന്നദ്ധസംഘടനകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അപേക്ഷ സ്വീകരിക്കാനവകാശം സാമൂഹ്യക്ഷേമവകുപ്പു ഡയറക്ടർക്കാണ്. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ആപ്പീസർ ഇതിനെക്കുറിച്ച് പ്രാഥമികാന്വേഷണം നടത്തി അർഹതയുള്ള സ്ഥലങ്ങളിൽ കേന്ദ്രങ്ങൾ അനുവദിക്കുന്നു.

അംഗനവാടികൾ-സംയോജിത ശിശുക്ഷേമപദ്ധതി.

കേന്ദ്രഗവൺമെൻറിൻെറ ധനസഹായത്തോടെ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന ഒരു പദ്ധതിയാണിത്. സംയോജിത ശിശുക്ഷേമപദ്ധതിയുടെ മുഖ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ പോഷകാഹാര നില മെച്ചപ്പെടുത്തുക.

കുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹികവുമായ വികാസത്തിന് ആരോഗ്യകരമായ അടിസ്ഥാനമിടുക

കുട്ടികൾക്കു നൽകേണ്ട പൊതുആരോഗ്യപരിപാലനം, പോഷകാഹാരം എന്നിവയിൽ ശരിയായ അറിവ് അമ്മമാർക്കു നല്കി, അവരെ

പോഷകാഹാര—ആരോഗ്യ വിദ്യാഭ്യാസത്തിൽ മികവുള്ളവരാക്കുക.

സംയോജിത ശിശുക്ഷേമ പരിപാടിയുടെ ഭാഗമായി പോഷകാഹാര വിദ്യാഭ്യാസം രോഗപ്രതിരോധ കുത്തിവെപ്പുകൾ, ആരോഗ്യ പരിശോധനാ ക്യാമ്പുകൾ എന്നിവ പ്രാധാന്യത്തോടെ നടത്തിവരുന്നു.

അംഗനവാടികളിൽ കൂടിയാണ് സംയോജിത ശിശുക്ഷേമ പദ്ധതി പ്രവർത്തിക്കുന്നത്. ആയിരം ആളുകൾ താമസിക്കുന്ന സ്ഥലത്ത് ഒരു അംഗനവാടി എന്നതാണ് സാധാരണ പതിവ്, ഗർഭിണികളായ സ്ത്രീകളെക്കൂടി ഈ പരിപാടിയുടെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ആകെ ഇപ്പോൾ സംയോജിത ശിശുക്ഷേമ പദ്ധതികളുണ്ട്.

ശിശുപരിപാലനകേന്ദ്രങ്ങൾ:

പകൽസമയം ജോലിക്കുപോകുന്ന സ്ത്രീകളുടെ, മൂന്നുവയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളെ പരിപാലിക്കാനുള്ള കേന്ദ്രങ്ങളാണ് ക്രേഷസ്: വീട്ടിൽ കുട്ടികളെ നോക്കാൻ ആളില്ലാത്ത അമ്മമാർ, ജോലിക്കുപോകുന്നവഴിക്ക് കുട്ടികളെ ക്രേഷിൽ ഏല്പിക്കുന്നു. പണികഴിഞ്ഞു മടങ്ങുംവഴി കുട്ടിയെ എടുത്തു വീട്ടിൽക്കൊണ്ടുപോരുന്നു. ചാരിറ്റിബിൾ സൊസൈറ്റി ആക്റ്റ് പ്രകാരം റജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾക്ക് ക്രേഷ് ആരംഭിക്കാൻ വേണ്ട സാമ്പത്തിക സഹായത്തിനപേക്ഷിക്കാം.

ഇപ്രകാരം സാമൂഹ്യക്ഷേമവകുപ്പിൻെറ അംഗീകാരമുള്ള ക്രേഷിൽ ചുരുങ്ങിയത് പത്തുകുഞ്ഞുങ്ങളെങ്കിലും ഉണ്ടായിരിക്കണം. പ്രത്യേക പോഷകാഹാര പരിപാടി പ്രകാരമുള്ള ഭക്ഷണം ഇതിനു ലഭിക്കാനർഹതയുണ്ട്. ഓരോ ക്രേഷിലും ഒരു കെയർമദറും, ഇരുപതുകുട്ടികൾക്ക് ഒരാളെന്ന കണക്കിൽ ആയയും ഉണ്ടായിരിക്കും.

ക്രേഷ് ആരംഭിക്കാനുദ്ദേശിക്കുന്ന സംഘടന, അതിനുവേണ്ടിയുള്ള പ്രത്യേക ഫോറത്തിൽ ജില്ലാ സോഷ്യൽ വെൽഫെയർ ആപ്പീസർക്ക് അപേക്ഷ നൽകണം. അംഗീകാരത്തിനുള്ള അപേക്ഷയോടൊപ്പം, ക്രേഷിനുവേണ്ടി മറ്റൊരേജൻസിയിൽ നിന്നും യാതൊരു സഹായവും സ്വീകരിക്കുകയില്ലെന്ന സത്യവാങ്മൂലം കൂടി ഉണ്ടായിരിക്കണം. സാമൂഹ്യക്ഷേമവകുപ്പ് അംഗീകരിച്ച ക്രേഷിലെ ജീവനക്കാർക്കുള്ള പ്രതിഫലം (കെയർ മദറിന് 100 രൂപയും ആയയ്ക്ക് 50 രൂപയും വീതം) കുട്ടികളുടെ ചികിൽസയ്ക്കുള്ള ചെലവ് (ഒരു കുഞ്ഞിന് 10 രൂപ വീതം) കളിപ്പാട്ടങ്ങൾ, തൊട്ടിൽ എന്നിവ വാങ്ങാ

നുള്ള ചെലവ് എന്നിവ ഗ്രാൻറായി ലഭിക്കുന്നു.

നഴ്സറി സ്കൂളുകൾ ആരംഭിക്കുന്ന സന്നദ്ധസംഘടനകൾക്ക് സഹായധനം നല്കാനുള്ള പരിപാടി സാമൂഹ്യക്ഷേമ വകുപ്പിനുണ്ട്. ഗ്രാൻറിനുവേണ്ടിയുള്ള അപേക്ഷ നല്കേണ്ടത് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്കാണ്.

ഗ്രാൻറിന് അർഹത നേടണമെങ്കിൽ നഴ്സറിയിൽ അത്യാവശ്യ സൗകര്യങ്ങളുണ്ടായിരിക്കുകയും ചില്ലറ വ്യവസ്ഥകൾക്ക് വിധേയമായി അതു പ്രവർത്തിക്കുകയും വേണം.

1. നഴ്സറിക്ക് ഒരു ക്ലാസ് മുറി, കുട്ടികൾക്ക് കളിക്കാനുള്ള മുറി എന്നിവ ഉണ്ടായിരിക്കണം. ആരോഗ്യകരമായ ചുറ്റുപാടിലായിരിക്കണം നഴ്സറി ആരംഭിക്കേണ്ടത്.

2. നഴ്സറിയിൽ, അഞ്ചുവയസ്സിന് താഴെപ്രായമുള്ള 30 കുട്ടികളെങ്കിലും ഉണ്ടായിരിക്കണം.

3. ചുരുങ്ങിയത് S.S.L.C. യും നഴ്സറി സ്കൂൾ പരിശീലനവുമുള്ള അധ്യാപികയുണ്ടായിരിക്കണം.

2. വനിതാക്ഷേമപദ്ധതികൾ

അവശതയനുഭവിക്കുന്ന സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ ധനസഹായം. ഇതിനുവേണ്ടിയുള്ള അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് വില്ലേജാപ്പീസറുടെ മേലൊപ്പോടുകൂടി സാമൂഹ്യക്ഷേമവകുപ്പു ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകയുടെ വാർഷിക വരുമാനപരിധി 1800 ക. 500 രൂപ വരെയാണ് സഹായധനമായി ലഭിക്കുക. വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, മാരകമായ രോഗം ബാധിച്ച ഭർത്താവുള്ളവർ, ദീർഘകാലം ജയിൽവാസം അനുഭവിക്കുന്ന ഭർത്താവുള്ളവർ—ഇങ്ങനെ പ്രയാസങ്ങളനുഭവിക്കുന്ന സ്ത്രീകളെ ഉദ്ദേശിച്ചുള്ള സഹായ പദ്ധതിയാണിത്. അപേക്ഷാഫോറം: അനുബന്ധം 6 ൽ

സ്ത്രീകൾക്ക് തൊഴിലവസരം വർധിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതികളാവിഷ്ക്കരിക്കുന്ന സന്നദ്ധസംഘടനകൾക്ക്, ഈ ആവശ്യത്തിനുവേണ്ടി സഹായധനം നല്കാനുള്ള ഒരു പദ്ധതികൂടി സാമൂഹ്യക്ഷേമവകുപ്പിനുണ്ട്. സൊസൈറ്റീസ് ആക്ടനുസരിച്ചോ കമ്പനീസ് ആക്ടനുസരിച്ചോ റജിസ്റ്റർ ചെയ്ത വനിതാ സംഘടനകൾക്കു മാത്രമേ ഇതിൻെറ പ്രയോജനം ലഭിക്കൂ. തൊഴിൽദായകമായ പരിപാടിക്കുവേണ്ടി സംഘടന സമാഹരിക്കുന്നതിൻെറ ഇരട്ടിയോ, പതി

നായിരം രൂപയോ, ഏതാണ് കുറവെന്നുവെച്ചാൽ ആ സംഖ്യയായിരിക്കും സഹായധനമായി ലഭിക്കുക. ധനസഹായം സ്വീകരിക്കുന്ന സംഘടന ചുരുങ്ങിയത് മൂന്നു സ്ത്രീകൾക്കെങ്കിലും തൊഴിൽകൊടുക്കാൻ ബാധ്യസ്ഥമാണ്. നിശ്ചിതഫോറത്തിനുള്ള അപേക്ഷ സാമൂഹ്യക്ഷേമവകുപ്പ് ഡയരക്ടർവഴി ഗവൺമെൻറിനാണ് സമർപ്പിക്കേണ്ടത്. അപേക്ഷാഫോറം അനുബന്ധം 6 എ യിൽ

ഇതു കൂടാതെ വർക്കിങ്ങ് വിമൻസ് ഹോസ്റ്റലുകളുടെ നിർമാണത്തിനും അവയുടെ പരിപാലനത്തിനും സാമൂഹ്യക്ഷേമവകുപ്പ് സഹായിക്കുന്നു.

3. വികലാംഗക്ഷേമപരിപാടികൾ

വികലാംഗർക്ക് സ്വയംതൊഴിൽ

സ്വന്തം പരിമിതികൾക്കകത്തുനിന്നുകൊണ്ട് ചെറിയ കച്ചവടം തുടങ്ങാനോ, മാടിനെയോ കോഴികളേയോ വളർത്താനോ വികലാംഗർക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന ഒരു പരിപാടി സാമൂഹ്യക്ഷേമവകുപ്പിനുണ്ട്. കുടുംബവരുമാനം 2400 രൂപയിൽക്കവിയാത്ത വികലാംഗർക്ക് ഇതിനുവേണ്ടി 500 രൂപവരെ ധനസഹായം നല്കുന്നു.

ധനസഹായത്തിനുവേണ്ടി നിശ്ചിതഫോറത്തിലുള്ള അപേക്ഷ അംഗവൈകല്യം തെളിയിക്കാൻ മെഡിക്കലാപ്പീസറിൽനിന്ന് ജാതിയും വരുമാനവും തെളിയിക്കാൻ വില്ലേജാപ്പീസറിൽനിന്നും വാങ്ങിയ സർട്ടിഫിക്കറ്റുകളോടൊപ്പം ജില്ലാസാമൂഹ്യക്ഷേമ ആപ്പീസർക്ക് നല്കുക.

കൃത്രിമാവയവങ്ങളും ഉപകരണങ്ങളും

അംഗവൈകല്യമുള്ളവർക്ക് കൃത്രിമാവയവങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതിയനുസരിച്ച്, വാർഷിക കുടുംബവരുമാനം 7200 രൂപയിൽക്കവിയാത്ത വികലാംഗർക്ക് അവരുടെ ആവശ്യത്തിനനുസരിച്ച കൃത്രിമാവയവങ്ങൾ—കൃത്രിമക്കണ്ണ്, ശ്രവണസഹായി, കൃത്രിമക്കാലുകൾ തുടങ്ങിയവ—സൗജന്യമായി നല്കാനുള്ള ഏർപ്പാടുണ്ട്. ഇതിനുവേണ്ടി നിശ്ചിതഫോറത്തിലുള്ള അപേക്ഷ സാമൂഹ്യക്ഷേമ വകുപ്പ് ഡയരക്ടർക്കാണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം കൃത്രിമാവയവത്തിൻെറ ആവശ്യകതയെക്കുറിച്ച്, ഒരു വിദഗ്ദ്ധ ഡോക്ടറുടെ ശുപാർശ കൂടി ഉണ്ടായിരിക്കണം. 2500 രൂപ വരെ വിലയുള്ള

ഉപകരണങ്ങൾ അനുവദിക്കാനുള്ള അധികാരം സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടർക്കുണ്ട്. അതിൽ കൂടുതൽ വിലയുള്ളത് സർക്കാർ നേരിട്ടനുവദിക്കുന്നു.

കൃത്രിമാവയവങ്ങൾ ഘടിപ്പിക്കാൻ ബന്ധപ്പെട്ട ആരോഗ്യകേന്ദ്രത്തിൽ പോകേണ്ടിവരുന്ന വികലാംഗർക്കു യാത്രപ്പടിയും ദിനബത്തയുമൊക്കെ ലഭിക്കും. അംഗീകൃത നിരക്കിലുള്ള യാത്രപ്പടിക്കും ദിനബത്തയ്ക്കും വേണ്ട അപേക്ഷയും സാമൂഹ്യക്ഷേമ ഡയറക്ടർക്കു തന്നെയാണ് നല്കേണ്ടത്.

ആഗസ്റ്റ് 31 വരെയാണ് കൃത്രിമാവയവങ്ങൾക്ക് വേണ്ട അപേക്ഷ നല്കാനുള്ള സമയം.

പരീക്ഷയ്ക്കും ഇൻറർവ്യൂവിനും പോകാൻ യാത്രാബത്ത:

സർക്കാർ ജോലിക്കു വേണ്ടിയുള്ള എഴുത്ത് പരീക്ഷയ്ക്കോ ഇൻറർവ്യൂവിനോ പോകേണ്ടിവരുന്ന വികലാംഗർക്ക് യാത്രാബത്ത, ദിനബത്ത, മറ്റു ചില്ലറച്ചെലവുകൾ എന്നിവയ്ക്കുവേണ്ട പണം നല്കാനുള്ള പരിപാടിയുണ്ട്. യാത്രചെയ്യാൻ മറ്റൊരാളുടെ സഹായം വേണമെങ്കിൽ, അയാളുടെ ചെലവുകൂടി സർക്കാർ വഹിക്കും.

അപേക്ഷകൻ ഏതെങ്കിലും പ്രകടമായ അംഗവൈകല്യം—അന്ധത, ബധിരത എന്നിങ്ങനെ—ഉള്ളവനും എഴുത്തും വായനയും അറിയാവുന്നവനുമായിരിക്കണം. 30 കിലോമീറ്ററിനപ്പുറം മുതൽ ഇന്ത്യയിൽ എവിടെയും മേൽപ്പറഞ്ഞ ആവശ്യത്തിനുവേണ്ടി സഞ്ചരിക്കാൻ ഈ ആനുകൂല്യം ഉപയോഗപ്പെടുത്താം. ആനുകൂല്യത്തിന് അപേക്ഷകൻെറ കുടുംബവരുമാനം പരിഗണിക്കും. വാർഷിക കുടുംബവരുമാനം 4000 രൂപയിൽ കവിയാത്തവർക്ക് മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കും. 6000 രൂപ വരെയുള്ളവർക്ക് ഈ പദ്ധതിപ്രകാരം പകുതിയാത്രാബത്ത സൗജന്യമായി ലഭിക്കാനർഹതയുണ്ട്.

ഇൻറർവ്യൂവിനോ എഴുത്തുപരീക്ഷയ്ക്കോ അപേക്ഷകനെ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പു സഹിതം, നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ സാമൂഹ്യക്ഷേമ ഡയറക്ടർക്കാണ് യാത്രാബത്തയ്ക്കുള്ള അപേക്ഷ നൽകേണ്ടത്.

വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

വികലാംഗരായ പ്രൈമറി വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ഒരാനു

കൂല്യമാണിത്. ഒന്നാംക്ളാസുമുതൽ ഏഴാം ക്ളാസുവരെയുള്ള വികലാംഗരായ വിദ്യാർത്ഥികൾ ഈ ആനുകൂലത്തിനർഹരാണ്. അവരുടെ വാർഷിക കുടുംബവരുമാനം 6000 രൂപയിൽ കവിയരുതെന്നേയുള്ളു. ഈ പദ്ധതിയനുസരിച്ച് ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് പ്രതിമാസം 30 രൂപയും അപ്പർപ്രൈമറി വിദ്യാർത്ഥികൾക്ക് 45 രൂപയും സ്കോളർഷിപ്പായി സാമൂഹ്യക്ഷേമവകുപ്പ് നൽകുന്നു. കൂടാതെ പുസ്തകങ്ങൾ വാങ്ങാനുള്ള ചെലവിലേക്കായി പ്രൈമറി വിദ്യാർത്ഥിക്ക് 25 രൂപയും അപ്പർപ്രൈമറിക്കാരന് 40 രൂപയും പ്രത്യേക സഹായധനമായി ലഭിക്കും. അപേക്ഷകൻ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്നവനും അന്ധത, ബധിരത എന്നീ ഏതെങ്കിലും അംഗവൈകല്യം ബാധിച്ചവനുമായിരിക്കണം.

അധ്യയനവർഷാരംഭത്തിലാണ് ഇതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. പ്രത്യേകം ഫോറമുണ്ട്. പൂരിപ്പിച്ച ഫോറം, മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയോടൊപ്പം സ്ഥാപനത്തിലെ ഹെഡ്മാസ്റ്റർവഴി സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടർക്കയയ്ക്കണം.

തൊഴിൽ പരിശീലനത്തിന് സ്റ്റൈപ്പൻഡ്

സ്വന്തം സാധ്യതയനുസരിച്ച് ബുക്ക്ബയൻറിങ്ങ്, പ്ലാസ്റ്റിക്ക് ഉപകരണ നിർമാണം, തുകൽപ്പണി, തുന്നൽ തുടങ്ങിയ തൊഴിലുകൾ പരിശീലിക്കാൻ വികലാംഗർക്കു കഴിയും. ഇത്തരം പരിശീലനം നല്കുന്ന നാലു സ്ഥാപനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിനുകീഴിലും രണ്ടെണ്ണം സ്വകാര്യമാനേജ്മെൻറിലും പ്രവർത്തിക്കുന്നുണ്ട്.

ഈ സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനം നേടുന്ന വികലാംഗർക്ക് സ്റ്റൈപ്പൻഡ് നല്കാനുള്ള പരിപാടി സാമൂഹ്യക്ഷേമ വകുപ്പിനുണ്ട്. അപേക്ഷകൻ 8000 രൂപയിൽത്താഴെ കുടുംബവരുമാനമുള്ളവനും 30 വയസ്സിൽ താഴെ പ്രായമുള്ളവനുമായിരിക്കണം. സ്റ്റൈപ്പൻഡ് തുക മുഴുവൻ സമയ പരിശീലനത്തിന് പ്രതിമാസം 60 രൂപയും ഭാഗികമായ പരീശീലനത്തിന് 30 രൂപയുമാകുന്നു. പരീക്ഷ ഫീസ് സൗജന്യമാണ്. സ്റ്റൈപ്പൻഡിനുവേണ്ടി ബന്ധപ്പെട്ട സ്ഥാപനത്തിലെ മേലധികാരിയുടെ ശുപാർശയോടെ നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സാമൂഹ്യക്ഷേമ ഡയരക്ടർക്കയയ്ക്കണം. അപേക്ഷയോടൊപ്പം, മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ജനനത്തീയതിയും വിദ്യാഭ്യാസയോഗ്യതയും തെളിയിക്കുന്ന

സർട്ടിഫിക്കറ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഉണ്ടായിരിക്കണം.

സ്വന്തമായ വാഹനമുള്ള വികലാംഗർക്ക് പെട്രോൾ സബ്സിഡി നല്കുന്നു.

മാസവരുമാനം 2000 രൂപയിൽക്കവിയാത്ത വികലാംഗർക്ക് അവരുടെ വീടുകളിൽ നിന്ന് ജോലിസ്ഥലത്തേയ്ക്കും തിരിച്ചു വീട്ടിലേയ്ക്കും യാത്രചെയ്യുന്നതിന് ഉപയോഗിക്കേണ്ടിവരുന്ന ഡീസൽ/പെട്രോൾ ഇവയുടെ വിലയിൽ 50% സബ്സിഡിയായി നല്കുന്നു. 2HPവാഹനങ്ങൾക്ക് പ്രതിമാസം 15 ലിറ്റർ പെട്രോളിൻെറ വിലയും 2HP യിൽ കൂടുതലുള്ള വാഹനങ്ങൾക്ക് 25 ലിറ്റർ പെട്രോളിൻെറ/ഡീസലിൻെറ വിലയുമാണ് പരമാവധി സബ്സിഡിയായി അനുവദിക്കുന്നത്. ഇതിനുള്ള അപേക്ഷ നിശ്ചിതഫോറത്തിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയും ലൈസൻസ്, വാഹനത്തിൻെറ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളുമടക്കം അപേക്ഷിക്കേണ്ടതാണ്. സബ്സിഡി അനുവദിക്കുക സാമൂഹ്യക്ഷേമഡയറക്ടറേറ്റിൽ നിന്നാണ്.

വികലാംഗർക്ക് പെട്രോളിയം ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു സഹായം.

മെട്രിക്കുലേഷനോ അതിനു തുല്യമായ യോഗ്യതകളുള്ളവരും 21 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളവരുമായ വികലാംഗർക്ക് പെട്രോളിയം ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഡീലർഷിപ്പ് അനുവദിക്കുന്ന ഒരു പദ്ധതി നിലവിലുണ്ട്. അപേക്ഷകരുടെ വാർഷിക വരുമാനം 24000 രൂപയിൽ കവിയരുത്. അപേക്ഷകർ ഓയിൽ കമ്പനികളുടെ സ്പോൺസർഷിപ്പ് അനുമതി ലഭിച്ചവരായിരിക്കണം. അപേക്ഷ സമർപ്പിക്കേണ്ടത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്കാണ്. ഇതിന്മേൽ തീരുമാനമെടുക്കേണ്ടത് കേന്ദ്രഗവൺമെൻറാണ്.

മന്ദബുദ്ധികളായ കുട്ടികൾക്ക് വിദ്യാഭ്യാസസഹായം

മന്ദബുദ്ധികളായ കുട്ടികളുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സ്ഥാപനങ്ങൾ പൊതുമേഖലയിൽ കുറവാണ്. ഏതാനും സ്വകാര്യ സ്ഥാപനങ്ങളുള്ളതിൽ ചെലവേറുന്നതിനാൽ സാധുക്കളായ രക്ഷിതാക്കളുടെ മക്കളെ അയയ്ക്കാൻ പ്രയാസം. ഇത്തരം

സ്വകാര്യ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന മന്ദബുദ്ധികളായ കുട്ടികളുടെ വിദ്യാഭ്യാസം, പരിശീലനം എന്നിവയ്ക്കു വേണ്ട ധന സഹായം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമവകുപ്പ് നല്കുന്നു.

വ്യവസ്ഥകൾ: 1. മന്ദബുദ്ധികളായ കുട്ടികൾ 25 നും 75 നും ഇടയിൽ ഐ.ക്യു (IQ) ഉള്ളവരും 17 വയസ്സിനു താഴെ പ്രായമുള്ളവരുമായിരിക്കണം.

2. അവർ ചേരുന്നത് അംഗീകൃതസ്വകാര്യസ്ഥാപനങ്ങളിലായിരിക്കണം.

3. രക്ഷിതാക്കളുടെ വാർഷികവരുമാനം 6000 രൂപയിൽ കുറവായിരുന്നാൽ താഴെപ്പറയുന്ന കണക്കിൽ മുഴുവൻ സഹായധനവും കിട്ടും. വാർഷിക വരുമാനം 8000 രൂപ വരെയാണെങ്കിൽ സഹായധനം പകുതിയാവും.

4. മുഴുവൻ സഹായത്തിന്നർഹതയുള്ളവർക്ക് സ്കോളർഷിപ്പായി പ്രതിമാസം 60 രൂപ ലഭിക്കും. കൂടാതെ വസ്ത്രങ്ങൾക്കുള്ള അലവൻസായി ഒരു വർഷം 40 രൂപയും പഠനോപകരണങ്ങൾക്ക് 20 രൂപയും കിട്ടുന്നു.

ഈ ആനുകൂല്യത്തിനുവേണ്ടി, അപേക്ഷകൻ, അധ്യയനവർഷാരംഭത്തിൽതന്നെ സ്ഥാപനത്തിന്റെ മേലധികാരി വഴി നിശ്ചിത ഫോറത്തിൽ സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടർക്ക് അപേക്ഷനൽകണം. അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റും വരുമാനസർട്ടിഫിക്കറ്റും ഉണ്ടാകേണ്ടതാണ്.

മിശ്രവിവാഹിതർക്ക് ധനസഹായം

പട്ടികജാതി-പട്ടികവർഗക്കാരല്ലാത്ത മിശ്രവിവാഹിതർക്ക് സാമ്പത്തിക സഹായം നൽകാനുള്ള ഒരു പദ്ധതി സാമൂഹ്യക്ഷേമ വകുപ്പിനുണ്ട്. പട്ടികജാതിക്കാർക്കുള്ള സഹായം ഹരിജൻ വെൽഫെയർ വകുപ്പിൽ നിന്നു ലഭിക്കുമല്ലൊ. സഹായത്തിനപേക്ഷിക്കുന്ന ദമ്പതികളുടെ വാർഷിക വരുമാനം 8000 രൂപയിൽ കവിയാൻ പാടില്ല. സഹായധനമായിക്കിട്ടുക 2000 രൂപയാണ്. വിവാഹം കഴിഞ്ഞ് രണ്ടു വർഷത്തിനകം ഇതിനുവേണ്ടിയുള്ള അപേക്ഷ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്കു നല്കണം. അപേക്ഷ കൊടുക്കാൻ പ്രത്യേകം ഫോറമുണ്ട്.

അപേക്ഷാഫോറം അനുബന്ധം 8-ൽ

ഹരിജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ

കേരളത്തിലെ ജനസംഖ്യയിൽ 10.02 ശതമാനം പട്ടികജാതിക്കാരും 1.03 ശതമാനം പട്ടികവർഗക്കാരുമാകുന്നു. പുരാതനകാലം മുതല്ക്കേ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കാവസ്ഥയിൽക്കഴിയുന്ന ഇക്കൂട്ടർ ഇന്നും സാമ്പത്തികമായി മറ്റു വിഭാഗത്തോടൊപ്പമെത്തിയിട്ടില്ല. പട്ടികജാതിക്കാരുടെ സാക്ഷരതാ നിരക്ക് 56 ശതമാനവും പട്ടികവർഗക്കാരുടേത് 25.72 ശതമാനവുമാണ്. പട്ടികജാതി-പട്ടികവർഗക്കാരെ സാമൂഹ്യമായും വിദ്യാഭ്യാസപരമായും ഉയർത്തിക്കൊണ്ടുവരുന്നതിന് അവർക്ക് പ്രത്യേകമായുള്ള പല ക്ഷേമ പരിപാടികളും ഗവൺമെൻറ് ആവിഷ്കരിച്ചിരിക്കുന്നു. പട്ടികജാതി വികസനവകുപ്പും പട്ടികവർഗ്ഗവികസനവകുപ്പുമാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. പട്ടികജാതി വികസന വകുപ്പിൻെറ പ്രത്യേക ഘടകപദ്ധതി (Special Component Plan) യും പട്ടികവർഗവികസന വകുപ്പിൻെറ ഗിരിവർഗ ഉപപദ്ധതി (Tribal-Sub plan) യും ഹരിജനങ്ങൾക്കു മാത്രം വേണ്ടിയുള്ള ക്ഷേമ പരിപാടികളാണ്. വ്യക്തികളെന്ന നിലയിൽ ഹരിജനങ്ങൾക്ക് ലഭിക്കുന്ന ചില പ്രധാന ആനുകൂല്യങ്ങൾ താഴെകൊടുക്കുന്നു.

ഭവനനിർമ്മാണ ഗ്രാൻറ്

വീടില്ലാത്ത ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും സ്വന്തമായി വീടുപണിയുന്നതിന് സാമ്പത്തിക സഹായം നല്കുന്ന ഈ പദ്ധതി ആരംഭിച്ചത് 1980 ലാണ്. വീടുവെയ്ക്കാൻ സ്വന്തമായി ഭൂമിയുള്ള ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും സഹായധനമായി 4000 രൂപ നല്കുന്നു. അട്ടപ്പാടി തുടങ്ങിയ ആദിവാസി കേന്ദ്രങ്ങളിൽ കുറച്ചു കൂടി ഉയർന്ന സംഖ്യയും ഗ്രാൻറായി പ്രത്യേകം നല്കപ്പെടുന്നുണ്ട്. നാലുഗഡുക്കളായിട്ടാണ് ഈ സംഖ്യ ലഭിക്കുക.

സാമ്പത്തികവർഷത്തിൻെറ ആരംഭത്തിൽ, ജില്ലാവെൽഫെയർ ആപ്പീസർ ഇതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. നിർദ്ദിഷ്ട ഫോറത്തിൽ താലൂക്ക് വെൽഫെയർ ഓഫീസർക്കാണ് അപേക്ഷ നല്കേണ്ടത്. ജാതി, വാർഷിക വരുമാനം, വീടുവെക്കാൻ സ്വന്തമായുള്ള ഭൂമി എന്നിവയെക്കുറിക്കുന്ന സർട്ടിഫിക്കറ്റുകൾ വില്ലേജാപ്പീസറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാകുന്നു. അർഹരായവരെ തെരഞ്ഞെടുക്കുന്നത് ജില്ലാ ഉപദേശകസമിതിയാണ്. അപേക്ഷാഫോറം അനുബന്ധം 9 ൽ

ഭവനനിർമ്മാണ വായ്പ

വീടുവെക്കാനുദ്ദേശിക്കുന്ന ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും, ക്രിസ്തുമതം സ്വീകരിച്ച ഹരിജനങ്ങൾക്കും വരുമാനത്തിൻെറ അടിസ്ഥാനത്തിൽ 5000 രൂപ മുതൽ 10000 രൂപ വരെ വായ്പ ലഭിക്കുന്നതാണ്. പലിശയില്ല. വായ്പത്തുക 360 തുല്യമാസഗഡുക്കളായി തിരിച്ചടച്ചാൽ മതി. കോർപ്പറേഷൻ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ ബാധ്യതകളൊന്നുമില്ലാത്ത രണ്ടു സെൻറുസ്ഥലവും പഞ്ചായത്തിൽ നാലു സെൻറുസ്ഥലവും സ്വന്തമായുള്ളവർക്ക് ഭവനനിർമ്മാണവായ്പക്കു് അപേക്ഷിക്കാം. വായ്പ ലഭിക്കാൻ സ്ഥലവും അതിൽ നിർമിക്കുന്ന കെട്ടിടവും ഈടായി കൊടുക്കണമെന്നേയുള്ളു. വീടുപണിയുടെ ഘട്ടങ്ങൾക്കനുസരിച്ച് നാലു ഗഡുക്കളായിട്ടാണ് വായ്പത്തുക ലഭിക്കുക.

അപേക്ഷകൻെറ വാർഷിക വരുമാനത്തിൻെറ അടിസ്ഥാനത്തി ലാണ് വായ്പത്തുക ലഭിക്കുക. വാർഷികവരുമാനം, 2000 രൂപ വരെയുള്ളവർക്ക് 5000 രൂപയും 4000 രൂപ വരെയുള്ളവർക്ക് 7500 രൂപയും 6000 രൂപ വരെയുള്ളവർക്ക് 10000 രൂപയും വായ്പയായി ലഭിക്കാനർഹതയുണ്ട്.

നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കേണ്ടത് താലൂക്ക് വെൽഫെയർ ഓഫീസർക്ക്. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾകൂടി ഉണ്ടായിരിക്കണം.

1. ജാതിയും പ്രതിവർഷവരുമാനവും തെളിയിക്കാൻ വില്ലേജാപ്പീസറുടെ സർട്ടിഫിക്കറ്റ്.

2. വീടുവെയ്ക്കാനുള്ള ഭൂമിയുടെ അസ്സൽ പ്രമാണം.

3. ഭൂമിയുടെ വിസ്തീർണം, വില, ഉടമസ്ഥാവകാശം, എന്നിവ തെളിയിക്കുന്നതിന്നുള്ള സർട്ടിഫിക്കറ്റ് — വില്ലേജാപ്പീസറിൽനിന്ന്.

4. ഭൂമിയുടെ 12 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്—ബന്ധപ്പെട്ട റജിസ്ട്രറാപ്പീസിൽനിന്ന്.

5. പണിയാൻപോകുന്ന കെട്ടിടത്തിൻെറ പ്ലാനും എസ്റ്റിമേറ്റും. ഇത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കണം. കെട്ടിടത്തിൻെറ വിസ്തീർണം 400 ചതുരശ്ര അടിയിൽകുറയരുത്.

6. ഗവൺമെൻറ് പ്ലീഡറിൽ നിന്നുള്ള ടൈറ്റിൽ സർട്ടിഫിക്കറ്റ്.

അപേക്ഷാഫോറം അനുബന്ധം 10-ൽ

പുര ഓടുമേയാനുള്ള സാമ്പത്തിക സഹായം

സ്വന്തം വീടിൻെറ മേൽപ്പുര ബലപ്പെടുത്തി ഓടുമേയുന്നതിനായി 2000 രൂപവരെ ഹരിജനങ്ങൾക്കു ധനസഹായം ലഭിക്കും. ഓടുമേയുന്നതിനു മാത്രമാണെങ്കിൽ സഹായം 1500 രൂപയിൽക്കവിയില്ല. വാർഷിക വരുമാനം 3000 രൂപയിൽക്കവിയാത്ത ഹരിജനങ്ങൾക്ക് ഈ ഗ്രാൻറിനപേക്ഷിക്കാം. സർക്കാരിൽനിന്നും ഗ്രാൻേറാ വായ്പയോ വാങ്ങി വീടുണ്ടാക്കിയവർക്ക് വീണ്ടും ഇതിനപേക്ഷിക്കാൻ പാടില്ല.

പുരമേയാനുള്ള സഹായധനത്തെക്കുറിച്ചുള്ള വിവരങ്ങൾ ഡിപ്പാർട്ടുമെൻറ് യഥാസമയം പത്രങ്ങൾ പ്രസിദ്ധീകരിക്കുമ്പോഴാണ് ഇതിനുള്ള അപേക്ഷ നല്കേണ്ടത്. നിർദ്ദിഷ്ടഫോറത്തിലുള്ള അപേക്ഷയോടൊപ്പം ജാതിയും വരുമാനവും തെളിയിക്കാൻ വില്ലേജാപ്പീ

സറുടെ സർട്ടിഫിക്കറ്റും, മേൽക്കൂര ബലപ്പെടുത്തുന്നതിനും ഓടുമേയാനും വേണ്ട വിശദമായ എസ്റ്റിമേറ്റും, പുര **ഓടുമേയാൻ** വേണ്ട ബലമുള്ളതാണെന്നു കാണിക്കുന്ന സർട്ടിഫിക്കറ്റും നല്കണം. ഈ സർട്ടിഫിക്കറ്റുകൾ അസിസ്റ്റൻറ് എഞ്ചിനീയറിൽ നിന്നാണ് ലഭിക്കേണ്ടത്. **അനുബന്ധം 11-ൽ**

വീട് വൈദ്യുതീകരിക്കുന്നതിന് സഹായം

ഹരിജനങ്ങൾക്ക് വീട് വൈദ്യുതീകരിക്കുന്നതിന് 250 രൂപ ധനസഹായം ലഭിക്കും. കക്കൂസ് നിർമിക്കുന്നതിന് 250 രൂപയും കുളിമുറിയുണ്ടാക്കുന്നതിന് 500 രൂപയും സഹായധനമായിക്കിട്ടുന്നു. കോളനികളിലും, ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും താമസിക്കുന്ന ഹരിജനങ്ങൾക്കാണ് ഈ ആനുകൂല്യത്തിന്നർഹത. ചതുപ്പു പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കെട്ടിടത്തിൻെറ അടിത്തറ ബലപ്പെടുത്താൻ 400 രൂപ സാമ്പത്തിക സഹായം നല്കുന്നു. നിർദ്ദിഷ്ടഫോറത്തിലുള്ള അപേക്ഷയോടൊപ്പം ജാതിയും വരുമാനവും കാണിക്കുന്ന സർട്ടിഫിക്കറ്റുകളും താലൂക്ക് വെൽഫെയർ ആപ്പീസർക്കു സമർപ്പിക്കേണ്ടതാണ്. **അനുബന്ധം 12-ൽ**

ഹരിജനങ്ങൾക്ക് പുരകെട്ടിമേയുന്നതിന് 75 രൂപ വീതം ധനസഹായം നല്കുന്നുണ്ട്. ജാതിയും വരുമാനവും കാണിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം താലൂക്ക് വെൽഫെയർ ആപ്പീസർക്കാണ് ഇതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. സാധാരണയായി ഇതിനുവേണ്ട അപേക്ഷകൾ ഫിബ്രവരിമാസത്തിൽ ക്ഷണിക്കുകയും മാർച്ചിനു മുമ്പ് ആനുകൂല്യം നല്കുകയും ചെയ്യുന്ന പതിവാണുള്ളത്.

അനുബന്ധം 13-ൽ

വ്യവസായം തുടങ്ങുന്നതിനും കച്ചവടത്തിനും വായ്പ

തൊഴിൽ രഹിതരായ ഹരിജന-ഗിരിജനങ്ങൾക്ക് സ്വന്തമായി വ്യവസായമോ കച്ചവടമോ ആരംഭിക്കുന്നതിന് പലിശയില്ലാത്ത വായ്പയായി പരമാവധി 15000 രൂപ വരെ ലഭിക്കും. പ്രതിവർഷം 5000

രൂപയിലധികം വരുമാനമില്ലാത്തവർക്കാണ് ഇത് ലഭിക്കാൻ അർഹതയുള്ളത്. വായ്പ ലഭിക്കുന്നതിന് ചുരുങ്ങിയത് 400 രൂപ അടിസ്ഥാന ശമ്പളമുള്ള രണ്ട് ഉദ്യോഗസ്ഥന്മാരുടെ ജാമ്യമോ, വായ്പത്തുകയോളം സ്വത്തുള്ള രണ്ടു വ്യക്തികളുടെ ജാമ്യമോ നൽകേണ്ടതാകുന്നു. 40 ശതമാനം 30 ശതമാനം 30 ശതമാനം എന്നിങ്ങനെ മൂന്ന് തവണകളായിട്ടാണ് വായ്പത്തുക ലഭിക്കുക. ഇതിൽ ഒന്നാം ഗഡുവായി ലഭിക്കുന്ന പണം വ്യവസായത്തിനുള്ള കെട്ടിടം, യന്ത്രോപകരണങ്ങൾ എന്നിവയ്ക്കും പിന്നീടുള്ള തുക മൂലധനമായും ഉപയോഗിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പണം വാങ്ങി മൂന്നുവർഷത്തിനുശേഷം ഇരുപത് അർദ്ധവാർഷിക ഗഡുക്കളായി വായ്പത്തുക തിരിച്ചടച്ചാൽ മതി.

ഈ വായ്പ ലഭിക്കാനുള്ള അപേക്ഷ നല്കേണ്ടത് താലൂക്ക് വെൽഫെയർ ആപ്പീസർക്കാണ്. അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ട സർട്ടിഫിക്കറ്റുകൾ താഴെപ്പറയുന്നവ:

1. ജാതിയും വരുമാനവും കാണിക്കുന്ന സർട്ടിഫിക്കറ്റ്.
2. തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായത്തിൻെറ/കച്ചവടത്തിൻെറ വിശദമായ എസ്റ്റിമേറ്റ്—രണ്ട് കോപ്പി.
3. ജാമ്യസർട്ടിഫിക്കറ്റ്.
4. ജാമ്യം നില്ക്കാനുദ്ദേശിക്കുന്നവരുടെ സമ്മതപത്രം—വെള്ളക്കടലാസിലെഴുതിയത്.

ഈ വായ്പ ലഭിക്കാനർഹതയുള്ള വ്യവസായങ്ങൾ അഥവാ തൊഴിലുകൾ ഏതെല്ലാമാണെന്ന് അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. തൊഴിലുകളുടെ ലിസ്റ്റ് അനുബന്ധം 14-ൽ

സാങ്കേതികപരിശീലനം സിദ്ധിച്ച തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള ധനസഹായം

തയ്യൽ ചൂരൽപ്പണി, ബുക്ക്ബയൻറിങ്ങ്, തുകൽപ്പണി എന്നിങ്ങനെ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള തൊഴിലുകളിൽ പരിശീലനം സിദ്ധിച്ച തൊഴിൽ രഹിതരായ ഹരിജനങ്ങൾക്ക് അതുപയോഗിച്ച് ഉപജീവനമാർഗം തേടുന്നതിനായി 3000 രൂപ ധനസഹായം ലഭിക്കുന്നതാണ്. നെയ്ത്ത്, കൊല്ലപ്പണി, ആശാരിപ്പണി, ബാർബർ

ഷാപ്പ്, പുൽപ്പായ് നെയ്ത്ത്, തുന്നലും റെഡിമേയ്ഡ് വസ്ത്രനിർമ്മാണവും , ലോഹവാർപ്പ്, അലക്കുകമ്പനി, കോഴിവളർത്തൽ, തഴപ്പായ് നിർമ്മാണം, കയർ പിരിക്കൽ, ദന്ത-ദാരുശില്പനിർമാണം, ഈറമുള എന്നിവ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ നിർമ്മിക്കൽ എന്നീ തൊഴിലുകൾ ആരംഭിക്കാനാണ് ഇപ്രകാരം സഹായധനം കിട്ടുക. കൂടാതെ ബാർബർഷാപ്പ്, അലക്കുകമ്പനി, തുകൽ പണിശാല എന്നിവ നടത്തുന്ന ഹരിജനങ്ങൾക്ക്, പഞ്ചായത്ത് പ്രസിഡൻറ്, എം.ൽ.എ. ഗസറ്റഡ് ഓഫീസർ എന്നിവരിൽ ആരിൽ നിന്നെങ്കിലും ഹാജരാക്കുന്ന സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിവഴി ധനസഹായം ലഭിക്കും.

അറിയിപ്പുണ്ടാകുമ്പോൾ ബന്ധപ്പെട്ട രേഖകളടക്കം താലൂക്ക് വെൽഫെയർ ആപ്പീസർക്കാണ് ഇതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ജാതി തെളിയിക്കാനുള്ള സർട്ടിഫിക്കറ്റും സാങ്കേതിക പരിജ്ഞാനം നേടിയ സർട്ടിഫിക്കറ്റിൻെറ സാക്ഷ്യപ്പെടുത്തിയ കോപ്പിയും തുടങ്ങാനുദ്ദേശിക്കുന്ന തൊഴിലിൻെറ പ്രോജക്റ്റ് റിപ്പോർട്ടും ഉണ്ടായിരിക്കണം. പ്രോജക്റ്റ് റിപ്പോർട്ട് സാങ്കേതിക പരിശീലനകേന്ദ്രത്തിലെ സൂപ്രവൈസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായിരിക്കണം. അംഗീകൃത സ്ഥപനത്തിൽ നിന്നായിരിക്കണം അപേക്ഷകൻ സാങ്കേതിക പരിശീലനം നേടിയത്.

അപേക്ഷാഫോറവും പ്രോജക്ട് റിപ്പോർട്ടും അനുബന്ധം
15-ലും 16 ലും തൊഴിലുകൾ 17-ൽ

തയ്യൽ മെഷീൻ വാങ്ങാനുള്ള വായ്പ

ഏതെങ്കിലും അംഗീകൃതസ്ഥാപനത്തിൽനിന്നും തുന്നൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ, പട്ടികജാതി-പട്ടികവർഗക്കാർക്ക്, ഡിപ്പാർട്ടുമെൻറിൽനിന്നും തവണ വ്യവസ്ഥയിൽ തയ്യൽ മെഷീൻ നല്കാനുള്ള പരിപാടിയുണ്ട്. അപേക്ഷ നല്കേണ്ടത് ജില്ലാ ഹരിജനവെൽഫെയർ ഓഫീസർക്കാണ്. അപേക്ഷയോടൊപ്പം ജാതി, തയ്യൽ പരിശീലനകോഴ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റു

കൾകൂടി ഹാജരാക്കണം. അപേക്ഷയിൽനിന്നും തയ്യൽമെഷീൻ നല്കാനുള്ളവരെ തെരഞ്ഞെടുക്കുന്നത് ജില്ലാ ഉപദേശകസമിതിയാകുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ജില്ലാ ഹരിജൻ വെൽഫെയർ ഓഫീസർ മെഷീൻ നല്കും. നാലരശതമാനം നിരക്കിൽ മെഷീന്റെ വിലയ്ക്ക് പലിശകണക്കാക്കും. തയ്യൽ മെഷീൻവാങ്ങി ഒരു മാസത്തിനുശേഷം, അതിന്റെ വിലയും പലിശയുംകൂടി 36 തുല്യഗഡുക്കളായി വായ്പ തിരിച്ചടയ്ക്കണം.

മിശ്രവിവാഹിതർക്കുള്ള ധനസഹായം

മിശ്രവിവാഹം ചെയ്ത ദമ്പതികളിൽ ഒരാൾ ഹരിജനാണെങ്കിൽ, അവർക്ക് 2000 രൂപ ധനസഹായം കിട്ടും. വിവാഹംകഴിഞ്ഞ് ഒരു വർഷത്തിനുശേഷമേ സഹായത്തിനപേക്ഷിക്കാൻ പാടുള്ളു. ഈ ഒരു വർഷക്കാലം അവർ ഒന്നിച്ചു താമസിച്ചിട്ടുണ്ടാവണം. അപേക്ഷകരുടെ മൊത്തം വാർഷികവരുമാനം 8000 രൂപയിൽ കവിയാൻ പാടില്ല.

നിർദ്ദിഷ്ട ഫോറത്തിൽ ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ സഹിതം താലൂക്ക് വെൽഫെയർ ആപ്പീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ.

1. ദമ്പതികളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
2. വാർഷികവരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
3. ദമ്പതികൾ ചുരുങ്ങിയത് ഒരു വർഷക്കാലമെങ്കിലും ഒരുമിച്ചു താമസിച്ചു എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ്. ഇതു വാങ്ങേണ്ടത് എം.എൽ.എ., എം.പി., ഗസറ്റഡ് ഓഫീസർ എന്നിവരിൽ ആരെങ്കിലും ഒരാളിൽ നിന്നായിരിക്കണം.

അപേക്ഷാഫോറം: അനുബന്ധം 19-ൽ

സാഹിത്യകാരന്മാർക്ക് ധനസഹായം

സാഹിത്യകാരന്മാർക്ക് ധനസഹായം:

ഹരിജനങ്ങളായ സാഹിത്യകാരന്മാർക്ക് അവരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് 3000 രൂപവരെ സഹായധനം നല്കുന്നു. കവിത, നോവൽ, നാടകം, ചെറുകഥ, ജീവചരിത്രം, യാത്രാവിവരണം, ചരിത്രം, ഗവേഷണം, നാടൻപാട്ടുകൾ, ഉപന്യാസം എന്നിങ്ങനെ ഏതുവിഭാഗത്തിൽപ്പെട്ട കൃതിക്കും സഹായധനത്തിന്നർഹതയുണ്ട്. അതു പ്രസിദ്ധീകരണയോഗ്യമായിരിക്കണമെന്നേയുള്ളു.

സഹായധനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്ന വിവരം പത്രത്തിൽ വരുമ്പോഴാണ് ഇതിന്നപേക്ഷിക്കേണ്ടത്. അപേക്ഷയോടൊപ്പം പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന കൃതിയുടെ രണ്ടു കൈയെഴുത്തു പ്രതികളും നല്കണം ജാതിതെളിയിക്കാൻ തഹസീൽദാരിൽനിന്നുള്ള സർട്ടിഫിക്കറ്റ്, പുസ്തകം അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ വേണ്ടിവരുന്ന തുകയുടെ എസ്റ്റിമേറ്റ് എന്നിവയും വെള്ളക്കടലാസിലെഴുതിയ അപേക്ഷയോടൊപ്പം ഉണ്ടാവണം. ചീഫ് പബ്ലിസിറ്റി ഓഫീസർ, ഹരിജനക്ഷേമവകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിലാണ് അപേക്ഷ അയക്കേണ്ടത്. ഇപ്രകാരം ലഭിക്കുന്ന കൃതികൾ ഗവൺമെൻറ് ഒരു വിദഗ്ദ കമ്മിറ്റിയെക്കൊണ്ടു പരിശോധിപ്പിക്കയും, അർഹമായവയ്ക്ക് സഹായധനം നല്കുകയും ചെയ്യുന്നു.

കലാകാരന്മാർക്ക് തൊഴിലുപകരണങ്ങൾ വാങ്ങാൻ സഹായം

പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട കലാകാരന്മാർക്ക് സ്വന്തമായി തൊഴിലുപകരണങ്ങൾ വാങ്ങാൻ ധനസഹായം ലഭിക്കുന്നു. ശാസ്ത്രീയസംഗീതം, ലളിതസംഗീതം, വയലിൻ, മൃദംഗം, ചിത്രരചന, പ്രതിമാനിർമാണം എന്നിവയിൽ പ്രാവീണ്യമുള്ള കലാകാരന്മാർക്കാണ് സഹായത്തിന്നർഹതയുള്ളത്. സഹായധനത്തിനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിവരം പത്രത്തിൽ വരുമ്പോഴാണ് ഇതിന്നപേക്ഷിക്കേണ്ടത്. വെള്ളക്കടലാസിൽ അപേക്ഷ സമർപ്പിച്ചാൽ മതി. അപേക്ഷയോടൊപ്പം തഹസീൽദാരിൽനിന്നും ജാതി തെളിയിക്കുന്നതിനായി ലഭിച്ച സർട്ടിഫിക്കറ്റ്, കലാരംഗത്തു പ്രശസ്തരായ വ്യക്തികളിൽനിന്നോ പഞ്ചായത്ത് പ്രസിഡൻറിൽനിന്നോ, മുനി

സിപ്പാലിറ്റിചെയർമാനിൽനിന്നോ ലഭിച്ച സർട്ടിഫിക്കറ്റ് എന്നിവകൂടി ഉണ്ടായിരിക്കണം. അപേക്ഷ അയക്കേണ്ടത്, ചീഫ് പബ്ലിസിറ്റി ഓഫീസർ, ഹരിജനക്ഷേമവകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിലാണ്. അപേക്ഷകൾ, സർക്കാർ നിയോഗിക്കുന്ന ഒരു വിദഗ്ദകമ്മിറ്റിമുമ്പാകെ അവരുടെ കഴിവുകൾ പ്രായോഗികമായി തെളിയിക്കേണ്ടതാണ്. ഇപ്രകാരമുള്ള പ്രായോഗിക പരീക്ഷയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 1000 രൂപാ, 750 രൂപ, 500 രൂപ എന്നീ നിരക്കുകളിൽ സഹായധനം ലഭിക്കും. പ്രായോഗികപരീക്ഷയ്ക്ക് ഹാജരാകുന്നവർക്ക് യാത്രച്ചെലവു കിട്ടും.

നാടൻ കലാമേളകൾ

പട്ടികജാതി പട്ടികവർഗക്കാരുടെ ഇടയിലുള്ള നാടൻ കലകളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഹരിജനക്ഷേമവകുപ്പ് മേഖലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നാടൻ കലാമേളകൾ സംഘടിപ്പിച്ചുവരുന്നു. 10 കലാകാരന്മാർ വീതമുള്ള 20 സംഘങ്ങളെയാണ് മേഖലാതലത്തിലുള്ള കലാമേളയിൽ പങ്കെടുപ്പിക്കുന്നത്. മേഖലാതലകലാമേളയിൽനിന്നാണ് സംസ്ഥാനതല നാടൻ കലാമേളയിലേക്കുള്ള സംഘങ്ങളെ തെരഞ്ഞെടുക്കുന്നത്. മേഖലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലുമുള്ള കലാമേളകളിൽ പങ്കെടുക്കാനെത്തുന്ന എല്ലാ കലാകാരന്മാർക്കും യാത്രച്ചെലവും ദിനബത്തയും നല്കും. കൂടാതെ, മേഖലാതലത്തിൽ പങ്കെടുക്കുന്ന ഓരോ സംഘത്തിനും 500 രൂപ വീതവും സഹായധനം നല്കുന്നു. നാടൻ കലാമേളയിൽ പങ്കെടുക്കാനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിവരം പത്രത്തിൽ വന്നാൽ, സംഘങ്ങളെന്ന നിലയിൽ ഇതിനുവേണ്ടി അപേക്ഷിക്കാം. അപേക്ഷ വെള്ളക്കടലാസിലെഴുതി, ചീഫ് പബ്ലിസിറ്റി ഓഫീസർ, ഹരിജനക്ഷേമവകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചാൽ മതി. അപേക്ഷയോടൊപ്പം സംഘാംഗങ്ങളുടെ ജാതിതെളിയിക്കുന്ന സർട്ടിഫിക്കറ്റും (വില്ലേജാഫീസറിൽനിന്നോ പഞ്ചായത്ത് പ്രസിഡൻറിൽനിന്നോ ലഭിച്ചത്) അവതരിപ്പിക്കാനുദ്ദേശിക്കുന്ന കലാരൂപങ്ങളുടെ ഒരു ചെറുവിവരണവും ഉണ്ടായിരിക്കണം.

ഇവ കൂടാതെ താഴെപ്പറയുന്ന ആനുകൂല്യങ്ങൾകൂടി പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ലഭിക്കാനർഹതയുണ്ട്.

1. താഴപ്പായ നിർമ്മാണത്തിലേർപ്പെടുന്നവർക്ക് ധനസഹായം-അപേക്ഷ നല്കേണ്ടത് താലൂക്ക് വെൽഫെയർ ആപ്പീസർക്ക്

2. സർക്കാർ-അർധസർക്കാർ സ്ഥാപനങ്ങളിൽ ഉദ്യോഗത്തിനുവേണ്ടി ഇൻറർവ്യൂവിനു പോവാനുള്ള യാത്രച്ചെലവ്. രണ്ടാംക്ലാസ് റെയിൽവേ ചാർജോ യഥാർത്ഥ ബസ്ചാർജോ ആണ് ലഭിക്കുക. വെള്ളക്കടലാസിലെഴുതിയ അപേക്ഷയോടൊപ്പം ഇൻറർവ്യൂ നടന്ന സ്ഥാപനത്തിൽനിന്നുള്ള ഹാജർ സർട്ടിഫിക്കറ്റുകൂടി ബന്ധപ്പെട്ട താലൂക്ക് വെൽഫെയർ ആപ്പീസർക്കു നല്കണം.

3. അഭിഭാഷകർക്കു പലിശരഹിത വായ്പ.

പൊതുവായി ലഭിക്കുന്ന ആനുകൂല്യങ്ങൾ

1. പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാൻറ് സ്റ്റൈപ്പൻറ് എന്നിവ ലഭിക്കും.

2. സ്കൂൾ, കോളേജ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് ചെലവും പോക്കററ് മണിയും സർക്കാർ നല്കുന്നു.

3. കോളേജുകളിൽ സീറ്റുകൾ സംവരണം ചെയ്യുന്നു.

4. ജോലിക്കുള്ള എഴുത്തുപരീക്ഷയ്ക്കും ഇൻറർവ്യൂവിനും തയ്യാറാവുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നല്കാനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ മൂന്നു കേന്ദ്രങ്ങളിൽ പ്രി എക്സാമിനേഷൻ ട്രെയിനിങ് സെൻററുകൾ നടത്തുന്നു.

5. ഹരിജൻ വിദ്യാർത്ഥികൾക്കായി കോളേജുകളിൽ പ്രത്യേക പരിശീലനക്ലാസുകൾ.

6. ഹരിജൻ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ പ്രോൽസാഹനവും സഹായവും നല്കുന്നു.

കൃഷിവകുപ്പിൻെറ വികസന പ്രവർത്തനങ്ങൾ

കേരളീയരിൽ ഭൂരിഭാഗവും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവരാണ്. നമ്മുടെ പ്രധാന ഉപജീവനമാർഗ്ഗം കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലുകളാണ്. അതി വിപുലമായ രീതിയിലാണ് കേരളത്തിൽ കാർഷിക വികസന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. വിപുലമായ ഒരു ഉദ്യോഗസ്ഥ ശൃംഖലയുള്ള കൃഷിവകുപ്പും ഒട്ടേറെ വിദഗ്ദ്ധന്മാരുള്ള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപനവിഭാഗവും ഈ രംഗത്തു പ്രവർത്തിച്ചുവരുന്നു.

ഓരോ പഞ്ചായത്തിലും ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്നത് കൃഷിഭവനുകളാണ്. വികസന പ്രവർത്തനങ്ങളും വിജ്ഞാന വ്യാപനവും കൃഷിഭവനുകളിൽ കൂടിയാണ് ആവശ്യക്കാരിലെത്തുന്നത്. കൃഷിഭവനിൽ കൃഷി ആപ്പീസറും ഡെമോൺ സ്ട്രേറ്റർമാരുമുണ്ട്. ഡെമോൺ സ്ട്രേറ്റർമാരാണ് കൃഷിക്കാരുമായി ബന്ധപ്പെട്ട് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നത്. ഓരോ കൃഷിഭവനുമായും ബന്ധപ്പെട്ട്, പഞ്ചായത്ത് പ്രസിഡൻറിൻെറ അധ്യക്ഷതയിൽ ഒരു ജനകീയ ഉപദേശക സമിതിയുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായ കൃഷിരീതി കണ്ടെത്തി അതു നടപ്പാക്കാൻവേണ്ട ഉപദേശ നിർദേശങ്ങൾ നല്കുകയാണ് ഉപദേശകസമിതിയുടെ ചുമതല.

കേരളത്തിലെ കൃഷിവകുപ്പ് നടപ്പാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ മുഖ്യമായും താഴെ പറയുന്ന ലക്ഷ്യങ്ങൾ നേടാനുള്ളവയാണ്.

ആധുനിക കൃഷി സമ്പ്രദായങ്ങളുടെ വ്യാപനം.
ആധുനിക കൃഷി സമ്പ്രദായങ്ങളുടെ ഡെമോൺസ്ട്രേഷൻ
പരീക്ഷണശാലയിലേയും കൃഷിയിടങ്ങളിലേയും
വിളവുകൾ തമ്മിലുള്ള അന്തരംകുറക്കാനുതകുന്ന
വിധത്തിൽ കാർഷിക പ്രവർത്തനങ്ങളുടെ വ്യാപനം.
മുന്തിയ വിത്തിനങ്ങളുടെ വിതരണം.
മണ്ണു പരിശോധനയും ശാസ്ത്രീയ വളപ്രയോഗവും.

കൃഷിവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏതാനും വികസന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

കൂട്ടുകൃഷി (ഗ്രൂപ്പ് ഫാമിങ്ങ്) സമ്പ്രദായം പ്രചരിപ്പിക്കൽ

ഈ പദ്ധതിയനുസരിച്ച് ഓരോ പാടശേഖരത്തിലേയും കൃഷിക്കാരെ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് ശാസ്ത്രീയ രീതിയിൽ കൃഷി ചെയ്യുന്നതിന് പരിശീലനം നല്കുന്നു. കർഷകരുടെ ഗ്രൂപ്പുമായി യോജിച്ച് കൂട്ടായിചെയ്യാവുന്ന കാർഷിക പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യാവുന്നതാണ്. ഈ പദ്ധതിയനുസരിച്ച് ചെയ്യാവുന്ന പ്രവർത്തനങ്ങൾ:

1. കൃഷി വകുപ്പുദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ കർഷകർക്ക് കൃഷിയുടെ ഓരോ ഘട്ടത്തിലും യോഗം ചേർന്ന് ചർച്ച നടത്തുകയും തീരുമാനങ്ങളെടുത്ത് നടപ്പാക്കുകയും ചെയ്യാം.
2. പാടശേഖരങ്ങളിലെ മണ്ണു പരിശോധന നടത്തുകയും, പരിശോധനാ ഫലമനുസരിച്ച് വളം പ്രയോഗിക്കുകയും ചെയ്യാം.
3. ഓരോ പാടശേഖരത്തിലും ഒരേ മൂപ്പുള്ള മേൽത്തരം വിത്ത് കൃഷിയിറക്കാം.
4. പവർ ടില്ലർ, ട്രാക്ടർ, തുടങ്ങിയ കാർഷിക യന്ത്രങ്ങളുപയോഗിച്ച് കൂട്ടായി നിലമൊരുക്കൽ നടത്താം.
5. സൗകര്യമുള്ളിടത്തെല്ലാം പൊതു ഞാറ്റടിയായി ഞാറു വളർത്താം.
6. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യാധിഷ്ഠിതമായും യോജിച്ചും നടത്താം.

ഈ പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങളെല്ലാംഅതാത് പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ പ്രവർത്തിക്കുന്ന കൃഷിഭവൻെറ മേൽ നോട്ടത്തിലാണ് നടത്തുക. കൃഷിക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനി ഇവ ലഭ്യമാക്കുകയും ഓരോ ഘട്ടത്തിലും വിദഗ്ധോപദേശം ലഭിക്കുകയും ചെയ്യുന്നു എന്നതാണ് "കൂട്ടുകൃഷി"യുടെ ഏറ്റവും വലിയ മെച്ചം. ഓരോ കൃഷിക്കാരനും ഒറ്റയ്ക്കു കൃഷി ചെയ്യുമ്പോളുണ്ടാകുന്ന നഷ്ടം ഗ്രൂപ്പ് ഫാമിങ്ങിൽ വരുന്നില്ല. കൃഷിഭവനുമായി ബന്ധപ്പെട്ട ഉപദേശക സമിതിക്കാണ് ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയുക.

അത്യുല്പാദനശേഷിയുള്ള നെൽവിത്തുകളുടെ വിതരണം

അത്യുല്പദാനശേഷിയുള്ളതും ഗുണമേന്മയുള്ളതുമായ നെൽവിത്തുകൾ കൃഷിക്കാർക്ക് കിലോഗ്രാമിന് മൂന്നു രൂപനിരക്കിൽ വിതരണം ചെയ്യാനുള്ള പരിപാടിയുണ്ട്. സർക്കാർ വക വിത്തുല്പാദന കേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ കൃഷിയിടങ്ങളിലുമാണ് ഇതിന്നാവശ്യമുള്ള വിത്ത് ഉല്പാദിപ്പിക്കുക. കൂടാതെ ദേശീയ വിത്ത് കോർപ്പറേഷനിൽ നിന്നും വിതരണത്തിനുള്ള വിത്ത് വാങ്ങാം. പ്രത്യേക അപേക്ഷഫോറമൊന്നും ഇല്ല. ആവശ്യക്കാർ കൃഷിഭവനെ സമീപിച്ചാൽ മതി.

പുതിയതരം നെൽ വിത്തിനങ്ങളുടെ മിനികിറ്റ് വിതരണം

ഗവേഷണ കേന്ദ്രങ്ങളിൽ പുതുതായുല്പാദിപ്പിക്കുന്ന മേൽത്തരം വിത്തിനങ്ങളുടെ വിവിധ നെൽകൃഷിമേഖലകളിലെ ഉല്പാദനക്ഷമതയും അനുയോജ്യതയും. നിർണയിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ചെറുകിടകർഷകർക്കും നാമമാത്ര കർഷകർക്കും അഞ്ച് കിലോ ഗ്രാം നെൽവിത്ത് ഒരു രൂപയ്ക്ക് നല്കുന്നതാണ്. കൃഷിഭവനിൽ നിന്നാണ് ഇതിൻെറ വിതരണം. വെള്ളക്കടലാസ്സിൽ അപേക്ഷ എഴുതിയാൽ മതി.

പച്ചിലവളത്തിൻെറ വിത്ത് വിതരണം

സഹകരണ സംഘങ്ങൾ മുഖേന വിലയുടെ മൂന്നിലൊരു ഭാഗം സബ്സിഡി നല്കി വിതരണം ചെയ്യുന്നു. ബന്ധപ്പെട്ട സഹകരണ സംഘങ്ങളെ സമീപിച്ചാൽ മതി. പ്രത്യേകം അപേക്ഷാഫോറമില്ല.

കീടനാശിനി വിതരണം

മൂഞ്ഞ, ഓലചുരുട്ടിപ്പുഴു, പച്ചത്തുള്ളൻ, ഗാളീച്ച തുടങ്ങിയ കീടങ്ങളുടെ ബാധയും കുലവാട്ടം എന്ന രോഗവും വ്യാപകമായുണ്ടാവുന്ന പാടശേഖരങ്ങളിൽ ഇവയെ നിയന്ത്രിക്കുന്നതിന്നാവശ്യമായ കീടനാശിനികളും കുമിൾ നാശിനികളും 50 ശതമാനം സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. കൃഷിഭവൻെറ നേതൃത്വത്തിലാണ് വിതരണം. പ്രത്യേക അപേക്ഷഫോറം വേണ്ട. വെള്ളക്കടലാസിൽ അപേക്ഷ നൽകണം.

രാസവളത്തിനുള്ള സബ്സിഡി

ചെറുകിടകർഷകർക്കും നാമമാത്രകൃഷിക്കാർക്കും കൃഷിക്ക് രാസവളം വാങ്ങുന്നതിന് ഹെക്ടറൊന്നിന് 100 രൂപ സബ്സിഡി നല്കുന്നു. ഈ സഹായത്തിന് അപേക്ഷിക്കാനുള്ള ഫോറം കൃഷിഭവനിൽനിന്നു ലഭിക്കും. പൂരിപ്പിച്ച അപേക്ഷാഫോറം കൃഷിഭവനിൽ നല്കിയാൽ, കൃഷി ഡെമോൺസ്ട്രേറ്റർ വേണ്ട അന്വേഷണം നട

ത്തി ശുപാർശ ചെയ്യും, അതനുസരിച്ച് അർഹിക്കുന്ന സബ്സിഡി നല്കുന്നത് കൃഷി ഓഫീസറാണ്.

തെങ്ങുകൃഷി വികസന പദ്ധതികൾ

തെങ്ങിൻ തൈകളുടെ വിതരണം

മലബാർ പ്രദേശത്തെ, രോഗം ബാധിച്ചിട്ടില്ലാത്ത തെരഞ്ഞെടുത്ത തോട്ടങ്ങളിൽനിന്നും വിത്തുതേങ്ങ ശേഖരിച്ച് തൈകൾ വളർത്തി ലാഭമോ നഷ്ടമോ ഇല്ലാതെ കൃഷിക്കാർക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. "വെസ്റ്റ് കോസ്റ്റ് ടാൾ" എന്ന ഒരിനം തെങ്ങിൻ തൈകളാണ് ഇപ്രകാരം വിതരണം ചെയ്യുന്നത്. കൃഷിഭവനുകളിൽ, കാലവർഷാരംഭത്തോടെയാണ് ഇവ വിതരണത്തിനെത്തുന്നത്. പ്രത്യേക അപേക്ഷാഫോറമോ സർട്ടിഫിക്കറ്റോ ആവശ്യമില്ല. ഉൽപ്പാദനച്ചെലവനുസരിച്ച് തൈകളുടെ വില അതതു സന്ദർഭങ്ങളിൽ നിശ്ചയി ക്കാറാണു പതിവ്.

കൂടുതൽ വിളവു നല്കുന്ന ടി × ഡി, ഡി × ടി എന്നീ സങ്കരഇനം തെങ്ങിൻതൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പരിപാടിയുമുണ്ട്. ഇവയും കൃഷിഭവനുകളിൽനിന്നു തന്നെയാണ് വാങ്ങാൻ കിട്ടുക.

സമഗ്രതെ ങ്ങുവികസനപദ്ധതി

രോഗം ബാധിച്ച തെങ്ങുകശ വെട്ടിമാറ്റി പകരം ഗുണമേന്മയുള്ള തൈകൾ നടുക, നനയ്ക്കാൻ കുളങ്ങൾ കിണറുകൾ എന്നിവ നിർമിക്കുന്നതിന് 1000 രൂപ സബ്സിഡി നല്കുക, പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് 1000 രൂപ സബ്സിഡിയനുവദിക്കുക, രാസവളങ്ങൾ ഉപയോഗിക്കുന്നതിന് ഹെക്ടറൊന്നിന് 250 രൂപ സഹായധനം നല്കുക, മണ്ണു സംരക്ഷണ പ്രവർത്തനത്തിന് ഹെക്ടറിന് 800 രൂപ നിരക്കിൽ സഹായധനം നല്കുക എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. കൃഷിഭവനുകൾ വഴിയാണ് ഇതു നടപ്പിലാക്കുന്നത്. ആവശ്യ

ക്കാർ വെള്ളക്കടലാസ്സിൽ അപേക്ഷയെഴുതി കൃഷി ആപ്പീസർക്കു സമർപ്പിച്ചാൽ മതി.

മരുന്നുതളിക്കൽ: സഹകരണ ബാങ്കുകളുടെ വായ്പാ സഹായ ത്തോടെ, ഏരിയ അടിസ്ഥാനത്തിൽ ഓലരോഗത്തിന് മരുന്നു തളി ക്കാനുള്ള ഏർപ്പാടുണ്ട്. തെങ്ങൊന്നിന് മൂന്ന് രൂപ നിരക്കിൽ വായ്പ സഹകരണസംഘങ്ങൾ വഴിയും അമ്പതുശതമാനം സബ്സിഡിക്ക് ആവശ്യമായ തുരിശ് കൃഷിഭവനുകളിൽ നിന്നും ലഭിക്കുന്നു. വായ് പത്തുകയ്ക്ക് സഹകരണബാങ്കിലും തുരിശിന് കൃഷിഭവനിലും അപേക്ഷകൊടുക്കണം.

തെങ്ങുകൃഷിക്കാനുകൂല്യം: പുതുതായി തെങ്ങുകൃഷി ചെയ്യുന്ന തിന് ഹെക്ടറിന് 3000 രൂപ നിരക്കിൽ സബ്സിഡി നല്കാനുള്ള പദ്ധതിയുണ്ട്. അഞ്ചു വാർഷിക ഗഡുക്കളായിട്ടാണ് ഈ സബ്സി ഡിത്തുക വിതരണം ചെയ്യുക. അപേക്ഷിക്കുന്നതിന് നിശ്ചിത ഫോറമുണ്ട്. വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്വേണം. ഇതു സഹിതം അപേക്ഷ കൃഷിഭവനിൽ നല്കണം.

മറ്റു വിളകൾക്കുള്ള വികസനപരിപാടികൾ

വേരുപിടിപ്പിച്ച കുരുമുളകു വള്ളികളുടെ ഉല്പാദനവും വിതരണവും

പന്നിയൂർ-1, കരിമുണ്ട എന്നീ കുരുമുളകിനങ്ങളുടെ വേരു പിടി പ്പിച്ച വള്ളികൾ ഉൽപ്പാദിപ്പിച്ചു വിതരണം നടത്തുന്നുണ്ട്. വള്ളിക ളുടെ ഉല്പാദനം സർക്കാർ വക കൃഷിത്തോട്ടങ്ങളിലും തെരഞ്ഞെ ടുക്കപ്പെട്ട നഴ്സറികളിലും നടത്തുന്നു. വിതരണം കൃഷിഭവനുകൾ വഴി. ഉല്പാദനച്ചെലവു കണക്കാക്കി ലാഭനഷ്ടമില്ലാത്ത വിധമാണ് വിലയിടാറ്.

കുരുമുളകുവള്ളിക്കുള്ള മിനികിറ്റ് വിതരണം

കുരുമുളക് കൃഷിയുള്ള നാമമാത്ര കർഷകർക്കും ചെറുകിട കർ ഷകർക്കും ഈ പദ്ധതിയനുസരിച്ച് 75 രൂപ വിലവരുന്ന രാസവള ങ്ങളും കീടനാശിനികളും പത്തു രൂപയ്ക്ക് നല്കുന്നു. നിശ്ചിത ഫോറത്തിൽ കൃഷിഭവനിൽ അപേക്ഷിക്കണം.

ഗ്രാമ്പൂ തൈകൾ ഉല്പാദിപ്പിച്ച് കൃഷിഭവൻവഴി അമ്പതുശതമാ നം സബ്സിഡിയിൽ വിതരണം ചെയ്യുന്നു.

കൃഷിയിടങ്ങളിലെ മണ്ണു പരിശോധന

കൃഷി സ്ഥലങ്ങളിലെ മണ്ണു പരിശോധിച്ച് ആവശ്യമായ വളങ്ങൾ ചേർക്കേണ്ട രീതിയെപ്പറ്റി നിർദേശം നല്കുന്നു. മണ്ണു പരിശോധന സൗജന്യമാണ്. ആവശ്യക്കാർ കൃഷിഭവനുകളെ സമീപിച്ചാൽ മണ്ണിന്റെ സാമ്പിളെടുത്ത് പരിശോധന നടത്തി ആവശ്യമായ നിർദേശം നല്കുന്നതിനുള്ള ഏർപ്പാടുകൾ കൃഷി ആഫീസർ ചെയ്യുന്നതാണ്.

സ്പ്രെയറുകളുടെ വിതരണം: വിളവുകൾക്ക് മരുന്നു തളിക്കുന്നതിനുള്ള സ്പ്രെയറുകൾ വിലയുടെ മൂന്നിലൊന്നു സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുണ്ട്. നിർദ്ദിഷ്ട അപേക്ഷഫോറത്തിൽ ഇതിനായി കൃഷിഭവനുകളിൽ അപേക്ഷ നൽകണം.

ജലസേചന സൗകര്യം

ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ഡ്രിപ്പ് രീതിയിലും സ്പ്രിങ്ക്ളർ രീതിയിലും ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും തീരപ്രദേശങ്ങളിൽ ഫിൽട്ടർ പോയിൻറ് ട്യൂബുകിണറുകൾ ഉണ്ടാക്കുന്നതിനുമായി നാമമാത്ര കർഷകർക്ക് 33.3 ശതമാനം സബ്സിഡിയും ചെറുകിട കൃഷിക്കാർക്ക് 25 ശതമാനം സബ്സിഡിയും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 50 ശതമാനം സബ്സിഡിയും നല്കുന്നു. അപേക്ഷകർ നിർദിഷ്ടഫോറത്തിൽ കൃഷിഭവനുകളിൽ അപേക്ഷിക്കണം.

പ്രകൃതിക്ഷോഭംമൂലം വിള നശിക്കുന്നവർക്ക് സഹായം

പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിക്കുമ്പോൾ, കർഷകർക്ക് സഹായം നല്കാനുള്ള പദ്ധതിയനുസരിച്ച്, വിള നശിച്ച കൃഷിക്കാർ പത്തു ദിവസത്തിനകം നിർദിഷ്ടഫോറത്തിൽ അപേക്ഷ കൃഷിഭവനിൽ നല്കണം.

എള്ളുകൃഷിവികസനത്തിന്: വേനൽക്കാലത്ത് നെൽകൃഷിക്കു സൗകര്യമില്ലാത്ത പാടശേഖരങ്ങളിൽ എള്ളുകൃഷി പ്രചരിപ്പിക്കുന്നതിനായി. ഒരു കിലോഗ്രാം ഗ്രാം എള്ളു വീതമടങ്ങുന്ന മിനി കിറ്റുകൾ നാമമാത്ര കർഷകർക്കും ചെറുകിട കൃഷിക്കാർക്കും ഒരു രൂപ വിലയ്ക്ക് നല്കുന്നു. വെള്ളക്കടലാസിൽ അപേക്ഷയെഴുതി കൃഷിഭവനിൽ സമർപ്പിക്കണം.

പ്രത്യേക ഘടക പദ്ധതി

ഈ പദ്ധതിയനുസരിച്ച് പട്ടികജാതിയിൽപ്പെട്ടവർക്ക് അവരുടെ കൈവശഭൂമിയിൽ കൃഷിവികസനത്തിന് ആവശ്യമായ തെങ്ങിൻ തൈകൾ, വേരു പിടിച്ച കുരുമുളകു വള്ളികൾ, മറ്റു നടീൽ വസ്തുക്കൾ, രാസവളം, എന്നിവ സൗജന്യമായി നല്കുന്നു. ഇവയുടെ കൃഷിക്കാവശ്യമായ നിലം തയ്യാറാക്കൽ, വളപ്രയോഗം, ജലസേചനം തുടങ്ങിയ മറ്റെല്ലാ കാർഷിക പ്രവർത്തനങ്ങളും ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ നടത്തണം. എന്നാൽ നിരപ്പല്ലാത്ത കൃഷിഭൂമിയുള്ളവർക്ക് മണ്ണു സംരക്ഷണ പ്രവർത്തനത്തിന് സഹായധനം നല്കുന്നു.

തൊഴിലില്ലാത്ത പട്ടികജാതി യുവാക്കളെ സംഘടിപ്പിച്ച് കാർഷികകേന്ദ്രങ്ങൾ രൂപീകരിച്ചും അവർക്കു കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സൗജന്യമായി നല്കുകയും ചെയ്ത് കൂടുതൽ തൊഴിൽ ലഭ്യത ഉളവാക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. സഹായധനത്തിനുള്ള പണത്തിന്റെ ലഭ്യതയനുസരിച്ച് ഓരോ വർഷവും ഏതാനുംപഞ്ചായത്ത് പ്രദേശങ്ങൾ വീതം തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായിട്ടാണ് ഈ പരിപാടി നടപ്പാക്കുന്നത്.

പട്ടികജാതിക്കാരുടെ സഹകരണസംഘങ്ങൾക്ക് സൗജന്യമായി പവർ ടില്ലർ നല്കുകയും അതിന്റെ പ്രവർത്തനത്തിൽ പരിശീലനം നല്കുകയും ചെയ്യുന്ന ഒരു പരിപാടി ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

ബയോഗ്യാസ് പ്ലാന്റ് പലാന്റുകളുടെ നിർമ്മാണം

ചാണകമുപയോഗിച്ച് പാചകത്തിനും വിളക്കുകത്തിക്കുന്നതിനും ആവശ്യമായ വാതകം ഉണ്ടാക്കുന്നതിന് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ ഒരു പദ്ധതിയുണ്ട്. ഇതിന്നായി കർഷകർക്ക് സഹായധനം, വീട്ടമ്മമാർക്ക് പരിശീലനം, പണിക്കാർക്ക് പരിശീലനം, വാതക ലഭ്യതയ്ക്കുശേഷമുള്ള ചാണകം കൃഷിക്കുപയോഗിക്കുന്ന തെങ്ങനെയെന്നു വിശദമാക്കുന്ന ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിക്കൽ, എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. ആവശ്യക്കാർ നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ അപേക്ഷ നല്കണം.

പച്ചക്കറി വികസന പദ്ധതി: ഒരു കുടുംബത്തിന്നാവശ്യമായ പച്ചക്കറികൾ സ്വന്തമായി വളർത്തിയെടുക്കുന്നതിന് പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ **മിനികിറ്റുകൾ** കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നു.

കൃഷിവകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾക്ക്‌വേണ്ട ഫോറങ്ങൾ കൃഷിഭവനിൽ അന്വേഷിച്ചാൽ മതി.

തൊഴിലാളികൾക്കു വേണ്ടിയുള്ള പ്രത്യേക ക്ഷേമപദ്ധതികൾ



കർഷകത്തൊഴിലാളി പെൻഷൻ

1982-ലാണ് കർഷകത്തൊഴിലാളി പെൻഷൻ നിലവിൽവന്നത്. ഇതനുസരിച്ച് അറുപതു വയസ്സ് തികഞ്ഞവരും കുറഞ്ഞത് പത്തുവർഷക്കാലമെങ്കിലും ഏതെങ്കിലും ഭൂവുടമയുടെ കീഴിൽ കൃഷിപ്പണി ചെയ്ത് ജീവിക്കുന്നവരുമായ കർഷകത്തൊഴിലാളികൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കും. തൊഴിലാളിയുടെ വാർഷികവരുമാനം 1500 രൂപയിൽ കവിയരുത്. കുടുംബാംഗങ്ങളായ ഭർത്താവ്, ഭാര്യ, പ്രായപൂർത്തിയായ സന്താനങ്ങൾ എന്നിവരുടെ മൊത്തം വരുമാനമാണ് കണക്കാക്കുന്നത്. പെൻഷൻതുക പ്രതിമാസം 45 രൂപയാണ്.

അറുപതു വയസ്സു തികഞ്ഞ കർഷകത്തൊഴിലാളി പെൻഷനുവേണ്ടി അപേക്ഷ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്കാണ്. ഇതിനുവേണ്ടി ഒരു പ്രത്യേക ഫോറമുണ്ട്. അപേക്ഷയുടെ രണ്ടുകോപ്പി നല്കണം. അപേക്ഷയോടൊപ്പം അറുപതു വയസ്സായെന്നു തെളിയിക്കുന്ന ഒരു സർട്ടിഫിക്കറ്റുകൂടിവേണം.

അപേക്ഷകൻെറ സാമ്പത്തികസ്ഥിതിയെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയതിനുശേഷം വില്ലേജ് ഓഫീസർ ഫോറത്തി

ൻെറ ഒരു കോപ്പി ബന്ധപ്പെട്ട ഡെപ്യൂട്ടി ലേബർ ഓഫീസർക്ക് അയച്ചുകൊടുക്കുന്നു. വസ്തുതകൾ തൃപ്തികരമാണോ എന്ന് പരിശോധിച്ച് പെൻഷൻ അനുവദിക്കുന്നത് അദ്ദേഹമാണ്. തൃപ്തികരമല്ലാത്ത അപേക്ഷ നിരസിക്കുന്നതിന് പതിനഞ്ചുദിവസംമുമ്പ്, അപേക്ഷകനായ കർഷകത്തൊഴിലാളിയേയും വില്ലേജ് ഓഫീസറേയും അറിയിക്കണം.

അംഗീകരിക്കപ്പെട്ട അപേക്ഷകർക്ക് മുമ്മൂന്ന് മാസത്തിലൊരിക്കൽ അതുവരെയുള്ള പെൻഷൻ തുക ഡെപ്യൂട്ടി ഓഫീസർ മണിയോർഡറായി അയച്ചുകൊടുക്കും. കർഷകതൊഴിലാളി പെൻഷൻ അപേക്ഷാഫോറം: അനുബന്ധം 23-ൽ

തെങ്ങുകയറ്റത്തൊഴിലാളി പദ്ധതി

തെങ്ങ് (പന, കവുങ്ങ്) കയറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രാബല്യത്തിൽ വന്നത് 1979 ഏപ്രിൽ മാസത്തിലാണ്. ഈ പദ്ധതിയനുസരിച്ച് തൻെറ ജോലിക്കിടയിൽ അപകടം സംഭവിച്ച് തൊഴിൽ ചെയ്യാനുള്ള ശേഷി നഷ്ടപ്പെടുന്ന തൊഴിലാളിക്ക് ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. അപകടത്തിൽപ്പെട്ട് തൊഴിലാളി മരണമടയുകയാണെങ്കിൽ, ആനുകൂല്യം അയാളുടെ ആശ്രിതർക്കു നൽകും. അപകടം മൂലം ജോലി ചെയ്യാനുള്ള കഴിവ് സ്ഥിരമായി നഷ്ടപ്പെടുന്ന തൊഴിലാളിക്ക് അയ്യായിരം രൂപ ഗവൺമെൻറ് നൽകുന്നതായിരിക്കും. അപകടം മൂലം മരണമടയുന്ന തൊഴിലാളിയുടെ ഭാര്യയ്ക്ക് 5000 രൂപയുടെ ധനസഹായം നൽകുന്നതാണ്. തൊഴിലാളി അവിവാഹിതനാണെങ്കിൽ, അയാളുടെ മാതാപിതാക്കൾക്കോ സഹോദരീ സഹോദരന്മാർക്കോ ആയിരിക്കും ആനുകൂല്യം മുൻഗണനാക്രമത്തിൽ ലഭിക്കുക.

തെങ്ങ്, പന, കവുങ്ങ് കയറ്റത്തൊഴിലാളി ക്ഷേമപദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ അപകടം സംഭവിച്ച് തൊണ്ണൂറുദിവസത്തിനകം നിർദ്ദിഷ്ടഫോറത്തിൽ (ഫോറം നമ്പർ 1) ജില്ലാ ലേബർ ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം അസിസ്റ്റൻറ് സർജൻെറ പദവിയിൽക്കുറയാത്ത ഒരു ഗവൺമെൻറ് മെഡിക്കൽ പ്രാക്ടീഷണറിൽനിന്ന് അപകടത്തെ സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകൂടി ഹാജരാക്കണം. വിശദമായ അന്വേഷണത്തിനുശേഷം, അർഹമായ അപേക്ഷകൾക്കുള്ള ആനു

കൂല്യം ജില്ലാലേബർ ഓഫീസർ തൊണ്ണൂറുദിവസത്തിനകം അനുവദിക്കുന്നതാണ്.

നിർമ്മാണത്തൊഴി ലാളി ക്ഷേമനിധി

കല്പണിയിലും മറ്റു നിർമാണപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി 1981 ഏപ്രിലിൽ നിലവിൽവന്നു. ഈ പദ്ധതിപ്രകാരം ഏതെങ്കിലും നിർമ്മാണത്തൊഴിലാളിക്ക് തൊഴിൽസമയത്തുണ്ടാകുന്ന അപകടത്തിൻെറ ഫലമായി പരിപൂർണ്ണമായും ജോലിചെയ്യാനുള്ള കഴിവ് നഷ്ടപ്പെടുകയാണെങ്കിൽ, ഗവൺമെൻറ് അയ്യായിരം രൂപയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്. അപകടത്തിൽപ്പെട്ട് തൊഴിലാളി മരണമടയുകയാണെങ്കിൽ സഹായധനം ആശ്രിതർക്കു ലഭിക്കും.

ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ അപകടം സംഭവിച്ച് മൂന്നുമാസത്തിനകം നിർദ്ദിഷ്ടഫോറത്തിൽ (ഫോറം നമ്പർ 1) ജില്ലാ ലേബർ ഓഫീസർക്കു സമർപ്പിക്കണം. അപേക്ഷയോടൊപ്പം അസിസ്റ്റൻറ് സർജൻെറ പദവിയിൽ കുറയാത്ത ഒരു ഗവൺമെൻറ് മെഡിക്കൽ പ്രാക്ടീഷണറിൽനിന്ന് അപകടത്തെ സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകൂടി ഹാജരാക്കണം. വിശദമായ അന്വേഷണത്തിനുശേഷം ജില്ലാ ലേബർ ഓഫീസർ ആനുകൂല്യം അനുവദിക്കും.

ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിൻെറ പരിധിയിൽ വരുന്നവർ കല്പണി, മരപ്പണി, ഇഷ്ടികപ്പണി എന്നിവയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളാണ്. കരിങ്കല്ലുവെട്ടുകൂടാതെ കുഴിക്കൽ പ്രക്രിയയിലും മറ്റും ഏർപ്പെട്ടിരിക്കുന്നവരേയും നിർമാണജോലിക്കാരായി കണക്കാക്കും. എന്നാൽ മേസ്തിരിമാരും, മറ്റു മേൽനോട്ടക്കാരും നിർമാണത്തൊഴിലാളികളുടെ പരിധിയിൽ വരുന്നില്ല.

അപേക്ഷാഫോറം അനുബന്ധം 24 ൽ

പരമ്പരാഗത വ്യവസായത്തൊളിലാളികൾക്കു വേണ്ടിയുള്ള ക്ഷേമപദ്ധതികൾ

കയർ, കൈത്തറി, കശുവണ്ടി എന്നിവ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളാണ്. പ്രതിസന്ധിയിലകപ്പെട്ടിരിക്കുന്ന ഈ വ്യവസാ

യങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ പണിയില്ലായ്മ നിമിത്തം വർഷത്തിൽ അനേകം ദിവസങ്ങളിൽ പട്ടിണിയും ദുരിതവും അനുഭവിക്കേണ്ടിവരുന്നു. ഇവർക്കുവേണ്ടി ഗവൺമെൻറ് പ്രത്യേകം ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട വ്യവസായരംഗത്ത് ചുരുങ്ങിയത് അഞ്ചുവർഷമെങ്കിലും ജോലിചെയ്തിട്ടുള്ള തൊഴിലാളിക്കോ അയാളുടെ ആശ്രിതർക്കോ ആണ് ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾക്കർഹതയുള്ളത്.

കയർ, കൈത്തറി, കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനുതകുന്ന പരിപാടികൾക്കായിട്ടാണ് ക്ഷേമനിധിയിലെ സംഖ്യ ഉപയോഗിക്കുക. തൊഴിലാളികളുടെ മക്കളുടെ എസ്.എസ്.എൽ.സി.ക്കുശേഷമുള്ള പഠനത്തിന് വാർഷിക സ്കോളർഷിപ്പെന്ന നിലയിൽ 500 രൂപ ലഭിക്കും. മെഡിസിൻ, എഞ്ചിനീയറിങ് തുടങ്ങിയ പ്രൊഫഷനൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 1500 രൂപ വരെ സഹായധനമായി ലഭിക്കും.

തൊഴിലാളിക്കോ അയാളുടെ ആശ്രിതർക്കോ ചികിൽസക്കായി 200 രൂപ ലഭിക്കും. സ്ത്രീത്തൊഴിലാളികളുടെ പ്രസവശുശ്രൂഷാ ചെലവുകൾക്കായും ക്ഷേമനിധിയിൽനിന്നും 200 രൂപ സഹായധനം ലഭിക്കും.

രോഗം മൂലമോ അംഗവൈകല്യം കാരണമോ തൊഴിലിൽനിന്നും പൂർണമായി വിട്ടുനില്ക്കേണ്ടിവരുന്ന തൊഴിലാളികൾക്കും, അകാല നിര്യാണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്കും 5000 രൂപ വരെ ഗ്രാൻറായി നല്കാൻ ഗവൺമെൻറ് നിശ്ചയിച്ചിട്ടുണ്ട്. ഗുരുതരമായ അപകടത്തിൽപ്പെട്ട തൊഴിലാളിയുടെ ഭാര്യക്ക് 5000 രൂപ വരെ എക്സ്ഗ്രേഷ്യോ ധനസഹായമായി നൽകാനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ആനുകൂല്യം പ്രതീക്ഷിക്കുന്ന തൊഴിലാളികൾ ബന്ധപ്പെട്ട അസിസ്റ്റൻറ് ലേബർ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. എക്സ്ഗ്രേഷ്യോ ധനസഹായത്തിനുവേണ്ടിയുള്ള അപേക്ഷകൾ അപകടം സംഭവിച്ച് 90 ദിവസത്തിനകം, ഡോക്ടറുടെ സർട്ടിഫിക്കറ്റു സഹിതം ഹാജരാക്കണം. ഇതിനുള്ള സഹായം അനുവദിക്കേണ്ടത് ജില്ലാ ലേബർ ഓഫീസറാകുന്നു.

അപേക്ഷാഫാറം: അനുബന്ധം 25-ൽ

കള്ളുവ്യവസായത്തൊഴിലാളി ക്ഷേമനിധി

കള്ളുവ്യവസായത്തൊഴിലാളികളുടെ ക്ഷേമത്തിനായി 1970 ജനുവരി മുതൽ പ്രാബല്യത്തിൽ വന്നതാണ് കള്ളുവ്യവസായത്തൊഴിലാളി ക്ഷേമനിധി ആക്റ്റ്. ഈ ക്ഷേമ നിധിയിൽ നിന്ന് തൊഴിലാളികൾക്ക് പ്രോവിഡൻറ് ഫണ്ടും ഗ്രാറ്റുവിറ്റിയും ലഭിക്കും. അതിനുപുറമെ ഭവന നിർമാണത്തിനുള്ള വായ്പയും ലഭിക്കും. തൊഴിലാളികളുടെ മരണാനന്തര ചടങ്ങുകൾക്കായി 1000 രൂപ സഹായധനം ലഭിക്കും. കൂടാതെ ചെത്തു തൊഴിലാളിയുടെ പെൺമക്കളുടെ വിവാഹത്തിനായി വായ്പയും കുട്ടികളുടെ പഠനത്തിന് സ്കോളർഷിപ്പും ലഭ്യമാകുന്നു. ക്ഷേമനിധി ബോർഡിൻെറ നിക്ഷേപമുള്ള ബാങ്കുകളിൽനിന്നുമായിരിക്കും പഠനത്തിന്നായുള്ള സ്കോളർഷിപ്പ് ലഭ്യമാവുന്നത്. ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളിക്ക് അസുഖം ബാധിച്ച് ഒരു മാസത്തിൽ കൂടുതൽ കാലം ആസ്പത്രിയിൽ കിടന്നു ചികിത്സ നടത്തേണ്ടിവരികയാണെങ്കിൽ ചികിത്സാസംബന്ധമായ വായ്പയും കിട്ടുന്നതാണ്.

കള്ളു വ്യവസായത്തൊഴിലാളി ക്ഷേമനിധി ആക്ടനുസരിച്ച് ഓരോ തൊഴിലാളിയും കൂലിയുടെ എട്ടു ശതമാനം പ്രോവിഡൻറ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അത്രയും തുക മുതലാളിയും നിക്ഷേപിക്കും. ഇതിനുപുറമെ കൂലിയുടെ അഞ്ചു ശതമാനം തൊഴിലാളി ഗ്രാറ്റുവിറ്റി ഫണ്ടിലേക്കും നിക്ഷേപിക്കണം. ഫലത്തിൽ ഒരു തൊഴിലാളിക്കു കിട്ടുന്ന കൂലിയുടെ 21 ശതമാനം ക്ഷേമനിധിയിലേക്കുള്ള സംഭാവനയെന്ന നിലയിൽ കിട്ടുന്നു. കള്ളു വ്യവസായത്തൊഴിലാളി ക്ഷേമനിധിയുടെ ഭരണം നടത്തുന്നത് 21 അംഗങ്ങളുള്ള ഒരു ഡയറക്ടർ ബോർഡാകുന്നു. ഇതിൽ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും സർക്കാരിനും തുല്യ പ്രാതിനിധ്യമാണുള്ളത്.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമായി ബന്ധപ്പെടുന്നതെങ്ങനെ

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും തൊഴിൽ വകുപ്പിൻെറ കീഴിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും എംപ്ളോയ്മെൻറ് എക്സ്ചേഞ്ചുകൾ ഉണ്ട്. ചില താലൂക്ക് ആസ്ഥാനങ്ങളിലും ഈ സ്ഥാപനം പ്രവർത്തിക്കുന്നു. പ്രത്യേക വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കായി തിരുവനന്തപുരത്ത് ഒരു പ്രൊഫഷനൽ ആൻറ് എക്സിക്യൂട്ടീവ് എക്സ്ചേഞ്ച് ഉണ്ട്.

താഴെപ്പറയുന്നവയാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൻെറ പ്രധാന പ്രവർത്തനങ്ങൾ.

1. പേര് രജിസ്റ്റർ ചെയ്യൽ, പുതുക്കൽ, ജോലിക്കായി ഉദ്യോഗാർത്ഥികളുടെ പേര് നിർദ്ദേശിക്കൽ. വിദ്യാഭ്യാസ യോഗ്യത ഉള്ളവരും ഇല്ലാത്തവരുമായ എല്ലാവർക്കും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാം. ഇതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം 14 വയസ്സ്. ഒരിക്കൽ രജിസ്റ്റർ ചെയ്തവർ മൂന്നു കൊല്ലത്തിലൊരിക്കൽ രജിസ്ട്രേഷൻ പുതുക്കണം. അപ്രതീക്ഷിത കാരണങ്ങളാൽ പുതുക്കാൻ പറ്റാതെ വന്നാൽ ഒരു മാസത്തെ ഇളവ് ലഭിക്കും. ഇതിനിടയിലും പുതുക്കിയില്ലെങ്കിൽ, രജിസ്ട്രേഷൻ റദ്ദാവും. തുടർന്നും

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൻെറ സഹായം ആവശ്യമുള്ളവർക്ക് വീണ്ടും പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്. പക്ഷെ അവരുടെ ഇതുവരെയുള്ള സീനിയോരിറ്റി നഷ്ടപ്പെടും.

പേർ രജിസ്റ്റർ ചെയ്ത് കൃത്യമായി പുതുക്കിക്കൊണ്ടിരിക്കുന്ന ആളുകളെ സീനിയോരിറ്റി, വിദ്യാഭ്യാസം, തൊഴിൽപരമായ യോഗ്യതകൾ, വയസ്സ്, സമുദായം ഇവയുടെ അടിസ്ഥാനത്തിൽ, വിവിധ ജോലികൾക്ക് നാമനിർദേശം ചെയ്യുന്നു.

ഒരാളെ ഒരുവർഷത്തിന്, ഒരു മുഴുവൻ സമയജോലി, ഒരു പാർട്ട് ടൈം ജോലി, ജില്ലയ്ക്കു പുറത്തുള്ള ഒരു ജോലി, ഒരു താത്ക്കാലിക ജോലി ഇവയ്ക്കു മാത്രമേ നാമനിർദേശം ചെയ്യുകയുള്ളു. സ്ഥിരം ജോലികളുടെ കര്യത്തിൽ ഒരാൾക്ക് മൂന്നവസരം മാത്രം ലഭിക്കും. അതുകഴിഞ്ഞാൽ, അവർക്കുശേഷം രജിസ്റ്റർ ചെയ്തവർക്ക് അവസരം നല്കും. ഏതെങ്കിലും ജോലിക്ക് യോഗ്യതയുള്ള ആളുകൾ വേണ്ടത്ര ഇല്ലാതെവന്നാൽ, ഈ നിയമങ്ങൾക്ക് അയവുവരുത്തും.

2. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ നല്കുന്ന മറ്റൊരു സേവനമാണ് വിദ്യാഭ്യാസപരവും തൊഴിൽപരവുമായ മാർഗനിർദേശം നല്കൽ. പക്ഷെ ഇക്കാര്യം പലരും വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. കുട്ടികൾക്ക്, സ്കൂൾ വിദ്യാഭ്യാസക്കാലത്തുതന്നെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ, താല്പര്യം, ബുദ്ധി, ഉദ്യോഗസാധ്യത ഇവയെ ആസ്പദമാക്കി, പറ്റിയ കോഴ്സുകൾ, പറ്റിയ തൊഴിലുകൾ ഇവ തെരഞ്ഞെടുക്കാൻ സഹായിക്കുക എന്നതാണ് ഇതിൻെറ ഉദ്ദേശ്യം. ഇതിനായി, എംപ്ലോയ്മെൻറ് ഓഫീസർ (വൊക്കേഷനൽ ഗൈഡൻസ്) എന്ന പേരിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥൻ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ സർവകലാശാലകളോടും അനുബന്ധിച്ച് 'യൂനിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് ഗൈഡൻസ് ബ്യൂറോ' എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ബിരുദാനന്തരബിരുദം ഉള്ളവർക്കും പ്രൊഫഷനൽ ബിരുദക്കാർക്കും ഈ ബ്യൂറോകളുടെ സേവനം ലഭ്യമാണ്.

3. സ്വയംതൊഴിൽ പദ്ധതി: എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്ത് മൂന്നു വർഷം തികഞ്ഞവരും, കുടുംബത്തിൻെറ വാർഷിക വരുമാനം 4000 രൂപയിൽ കവിയാത്തവരും, അപേക്ഷസമർപ്പിക്കുമ്പോൾ ജോലിയില്ലാത്തവരും, 40 വയസ്സിൽത്താഴെ പ്രായമുള്ളവരുമായ ഉദ്യോഗാർഥികൾക്ക് സ്വയം തൊഴിൽ പരിപാ

ടിക്ക് അപേക്ഷ സമർപ്പിക്കാം. ഒരു വർഷമോ അതിലധികമോ ജോലി നോക്കിയിട്ടുണ്ടെങ്കിൽ, അവർക്ക് അത്രയും കാലത്തെ സീനിയോരിറ്റി ഉണ്ടായിരിക്കും. സ്വയം തൊഴിലിന് അപേക്ഷക്ഷണിക്കുക പത്രപരസ്യം മുഖേനയാണ്.

4. തൊഴിലില്ലായ്മവേതനം: SSLC പാസായവരും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്ത്-മൂന്നുവർഷത്തെ സീനിയോരിറ്റിയുള്ളവരും 35 വയസ്സിൽത്താഴെ പ്രായമുള്ളവരും, കുടുംബത്തിൻെറ വാർഷികവരുമാനം 4000 രൂപയിൽ കവിയാത്തവരുമായവർക്ക് 60 രൂപ നിരക്കിൽ തൊഴിലില്ലായ്മവേതനം ലഭിക്കും. പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവർക്ക് വികലാംഗർക്കും SSLC തോറ്റാലും വേതനത്തിനപേക്ഷിക്കാം. വികലാംഗർക്ക് രജിസ്ട്രേഷൻ കാലാവധി രണ്ടുവർഷത്തെ മതി.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്യുന്നവരും പുതുക്കുന്നവരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1. കൈവശമുള്ള എല്ലാ സർട്ടിഫിക്കറ്റുകളും രജിസ്റ്റർ ചെയ്യുമ്പോൾ ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ കൈവശമില്ലെങ്കിൽ ആ വിവരം വാക്കാൽ പറഞ്ഞു ചേർക്കേണ്ടതും, എത്രയും വേഗം സർട്ടിഫിക്കറ്റ് തെളിവിനായി ഹാജരാക്കേണ്ടതുമാണ്.

2. രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് തൊഴിൽ പരിചയമുണ്ടെങ്കിൽ, ആ വിവരം രജിസ്ട്രേഷൻ സമയത്ത് തക്കതെളിവുകളോടെ രേഖയിൽപ്പെടുത്തണം.

3. ജോലിയിൽനിന്നും പിരിച്ചുവിടപ്പെട്ടാൽ, പിരിച്ചുവിടപ്പെട്ട തീയതി മുതൽ 90 ദിവസത്തിനകം ആ സർട്ടിഫിക്കറ്റ് ഹാജരാക്കണം. അല്ലാത്തപക്ഷം സീനിയോരിറ്റി നഷ്ടമാകും.

4. പിന്നീട് കിട്ടുന്ന യോഗ്യതാസർട്ടിഫിക്കറ്റുകൾ തക്കസമയത്ത് ചേർക്കേണ്ടതാണ്.

5. വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവർ പേര് രജിസ്റ്റർ ചെയ്യുമ്പോൾ ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (മാമൂദീസാസർട്ടിഫിക്കറ്റ്, ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയത് തുടങ്ങിയ) ഹാജരാക്കണം. സംവരണാനുകൂല്യമുള്ളവർ വില്ലേജാപ്പീസറിൽ നിന്നും ജാതിസർട്ടിഫിക്കറ്റ് വാങ്ങിക്കൊണ്ടുവരണം.

തൊഴിലില്ലായ്മ വേതനവും സ്വയം തൊഴിൽകണ്ടെത്തലും

1987-ലെ കണക്കനുസരിച്ച് കേരളത്തിൽ തൊഴിലില്ലാത്ത 28.81 ലക്ഷം പേരുണ്ട്. 108.53 ലക്ഷം വരുന്ന തൊഴിൽസേനയിൽപ്പെട്ടവരാണ്, എന്തെങ്കിലും ജോലിക്കുവേണ്ടി കാത്തിരിക്കുന്ന ഈ ഇരുപത്തെട്ടു ലക്ഷം പേരെന്നോർക്കണം. ഭാഗികമായിമാത്രം തൊഴിലുള്ളവർ വേറെയുമുണ്ട്. തൊഴിൽ രഹിതരിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരാണെന്നുള്ളതാണ് മുഖ്യസവിശേഷത. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും രൂക്ഷമായ സാമൂഹ്യപ്രശ്നം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ്. വൻതോതിലുള്ള വികസന പ്രവർത്തനങ്ങളിൽക്കൂടി വേണം ഇവർക്കെന്തെങ്കിലും തൊഴിൽ സാധ്യത പ്രതീക്ഷിക്കാൻ ഇതെന്നാണ് സംഭവിക്കുകയെന്ന് ആർക്കും പ്രവചിക്കാനാവില്ല. ഇത്തരമൊരു സാഹചര്യത്തിൽ, തൊഴിലില്ലാതെ കഴിയേണ്ടിവരുന്ന ചെറുപ്പക്കാർക്ക് ഒരു ചെറിയ ആനുകൂല്യമെങ്കിലും ചെയ്തുകൊടുക്കുകയെന്നത് സാമൂഹ്യസുരക്ഷയുടെ ഭാഗമാണ്. ഈ പശ്ചാത്തലത്തിലാണ് 1982-ൽ കേരള ഗവൺമെണ്ട് തൊഴിൽരഹിതർക്ക് സാമ്പത്തിക സഹായം നല്കാനും, സ്വയം തൊഴിൽകണ്ടെത്താനുള്ള പരിപാടിയുമായി മുന്നോട്ടുവരുന്നവർക്ക് എല്ലാവിധ പ്രോൽസാഹനങ്ങളും നല്കാനുള്ള പദ്ധതി ആവിഷ്കരിച്ചത്.

തൊഴിലില്ലായ്മവേതനം എന്ന പേരിൽ അറിയപ്പെടുന്ന, തൊഴിൽ രഹിതർക്ക് സാമ്പത്തികസഹായം നല്കാനുള്ള പദ്ധതി, ചുരുങ്ങിയത് എസ്.എസ്.എൽ.സി.യെങ്കിലും പാസായിട്ടുള്ളവർക്കുള്ളതാണ്. അപേക്ഷകൻെറ പ്രതിവർഷകുടുംബവരുമാനം 4000 രൂപയിൽ കവിയാൻ പാടില്ല. അപേക്ഷിക്കുന്ന സമയത്ത്, അയാൾ ചുരുങ്ങിയത് മൂന്നുവർഷമെങ്കിലും എംപ്ലോയ്മെൻറ് ഓഫീസിൽ പേരു രജിസ്റ്റർ ചെയ്ത് കൃത്യമായി പുതുക്കിക്കൊണ്ടിരിക്കുന്ന ആളായിരിക്കണം. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക്—S.S.L.C പരീക്ഷപാസാകണമെന്ന നിബന്ധന ബാധകമല്ല. അവർ എസ്.എസ്.എൽ.സി. പരീക്ഷക്ക് എഴുതിയിട്ടുള്ളവരായാൽ മതി. എന്തായാലും പതിനെട്ടുവയസ്സ് തികയാത്തവർക്കും, വിദ്യാർത്ഥികൾക്കും, മുപ്പത്തഞ്ചുവയസ്സുകഴിഞ്ഞവർക്കും ഈ ആനുകൂല്യത്തിന് അർഹതയില്ല. എംപ്ളോയമെൻറ് എക്സ്ചേയ്ഞ്ചിൽ തൊഴിൽ രഹിതനെന്ന നിലയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതിനിടയിൽ അപേക്ഷകന് ഒരു വർഷത്തിലേറെക്കാലം എന്തെങ്കിലും ജോലി ലഭിച്ചിട്ടുണ്ടെങ്കിൽ, അയാളെ ആനുകൂല്യത്തിൻെറ പരിധിയിൽ നിന്നൊഴിവാക്കും. ജോലിചെയ്തത് ഒരു വർഷത്തിൽ കുറവാണെങ്കിൽ മൂന്നുവർഷം തികയ്ക്കാൻ അപേക്ഷകൻ അത്രയും കാലം കൂടിക്കാത്തിരിക്കേണ്ടിവരും.

പ്രതിമാസം 60 രൂപയാണ് സാമ്പത്തിക സഹായം. ഇതു ലഭിക്കുന്ന കാലപരിധി സാധാരണഗതിയിൽ നാലുവർഷമായിരിക്കും. ആനുകൂല്യമായി ലഭിക്കുന്ന സംഖ്യ രണ്ടുമാസത്തിലൊരിക്കൽ തെരഞ്ഞെടുക്കപ്പെട്ട ബാങ്കുകൾ മുഖേന അർഹരായവർക്കു ലഭിക്കും.

അപേക്ഷകർ നിർദ്ദിഷ്ടഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം ജില്ലാ എംപ്ളോയ്മെൻറ് ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം. ഫോറത്തിൻെറ രണ്ടുകോപ്പി ഉണ്ടായിരിക്കണം. അപേക്ഷയുടെ വിശദവിവരങ്ങളെക്കുറിച്ച് എംപ്ളോയ്മെൻറ് ഓഫീസർ, ബന്ധപ്പെട്ട വില്ലേജാപ്പീസർ വഴി അന്വേഷണം നടത്തിയതിനുശേഷം, അർഹരായവരെ ആനുകൂല്യത്തിനായി തെരഞ്ഞെടുക്കുന്നു. തിരസ്കരിക്കപ്പെടുന്ന അപേക്ഷകളുടെ കർത്താക്കളെ മുൻകൂട്ടി വിവരമറിയിച്ച് അവർക്ക് വിശദീകരണം നല്കാൻ ഒരു മാസത്തെ സമയം നല്കണം. തൊഴിലില്ലായ്മാവേതനത്തിനുള്ള അർഹതയെക്കുറിച്ച് എംപ്ളോയ്മെൻറ് ഓഫീസറുടെ തീരുമാനം തൃപ്തികരമല്ലെങ്കിൽ, അതിനെതിരെ അപേക്ഷകന് റവന്യൂ ഡിവിഷനൽ ആപ്പീസർക്ക്

അപ്പീൽ നല്കാവുന്നതാണ്. ആർ.ഡി.ഒ. യുടെ തീരുമാനം ഇക്കാര്യത്തിൽ അന്തിമമായിരിക്കും.

തൊഴിലില്ലായ്മ വേതനം പറ്റുന്നവർ സർക്കാർ നിർദേശിക്കുന്ന ഏതെങ്കിലും തൊഴിൽ പരിപാടിയിൽ പങ്കെടുക്കാൻ ബാധ്യസ്തരാകുന്നു. അപേക്ഷാഫോറം അനുബന്ധം 20 ൽ

സ്വയം തൊഴിൽ കണ്ടെത്തൽ

തൊഴിലില്ലായ്മ വേതനത്തിനർഹരാകുന്നവർ, സ്വയം തൊഴിൽ കണ്ടെത്താനുള്ള സഹായത്തിനും അർഹരായിരിക്കും. ഇവർക്കു പുറമേ വിദ്യാഭ്യാസയോഗ്യത S.S.L.C. യിൽ കുറവുള്ളവരും, 35 നു പകരം 40 വയസ്സുവരെ പ്രയ മുള്ളവരും ഇതിൻെറ പരിധിയിൽവരുന്നു.

തൊഴിലില്ലായ്മ വേതനം ലഭിച്ചുകൊണ്ടിരിക്കുന്നവർ നിർദ്ദിഷ്ട ഫോറത്തിൽ (ഫോറം നമ്പർ 2) ആവശ്യമുള്ള രേഖകൾ സഹിതം ജില്ലാ എംപ്ളോയ്മെൻറ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. അപേക്ഷ നല്കുന്നതിന് സമയപരിധിയുണ്ട്. പ്രാഥമിക പരിശോധന നടത്തി തെരഞ്ഞെടുത്ത ഫോറങ്ങൾ എംപ്ളോയ്മെൻറ് ഓഫീസർ, ഇതിനുവേണ്ടിയുള്ള ഒരു കമ്മിറ്റിയുടെ പരിഗണനയ്ക്കു വിധേയമാക്കുന്നു. ഈ കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ കളക്ടറും കൺവീനർ ജില്ലാ എംപ്ളോയ്മെൻറ് ഓഫീസറു(സ്വയം തൊഴിൽകണ്ടെത്തൽ)മാണ്. സഹായധനം നല്കണമോ വേണ്ടയോ എന്ന് അന്തിമ തീരുമാനമെടുക്കുക ഈ കമ്മിറ്റിയാണ്.

തെരഞ്ഞെടുക്കപ്പെട്ടവർക്ക് അവരുടെ ഒരു വർഷത്തെ വേതന ത്തുക ആദ്യമേ നല്കുന്നു. ഈ തുക അവർ ഏതെങ്കിലും ദേശസാൽകൃതബാങ്കിൽ മൂലധനമായി നിക്ഷേപിക്കണം. ബാങ്കിൽനിന്ന് അവർക്ക് 5000 രൂപ വരെ വായ്പയായി ലഭിക്കും.

കൂടുതൽ മൂലധനം ആവശ്യമായ പരിപാടികളാണെങ്കിൽ, ഒന്നിൽ ക്കൂടുതൽ പേർക്ക്, ജില്ലാ എംപ്ളോയ്മെൻറ് ഓഫീസറുടെയും, ബാങ്കിൻെറയും നിർദ്ദേശങ്ങൾക്കു വിധേയമായി "പാർട്ട്നർഷിപ്പ്" രൂപത്തിൽ പ്രവർത്തനമാരംഭിക്കാം.

അപേക്ഷാഫോറം അനുബന്ധം 21 ൽ

സ്വയം തൊഴിൽ മേഖലകൾ താഴെപ്പറയുന്നവയാണ്.

1. കൈത്തറിനെയ്ത്ത്, 2. യന്ത്രത്തറി നെയ്ത്ത്, 3. സോപ്പ്, മെഴുകുതിരി, അഗർബത്തി, തീപ്പെട്ടി എന്നിവ നിർമിക്കൽ (ഖാദിഗ്രാമ വ്യവസായത്തിൽ ഉൾപ്പെട്ടിട്ടുള്ളത്), 4. തൊണ്ടുശേഖരണവും കയറുല്പന്നങ്ങളുടെ നിർമാണവും, 5. കശുവണ്ടി സംഭരണവും സംസ്കരണവും, 6. നോട്ട്ബുക്ക്, ഫയൽബോർഡ്, ടാഗ് എന്നിവ നിർമിക്കുക. 7. പ്രസ്സ്, 8. ബനിയൻ നിർമാണം, 9. നൈലോൺ വല നിർമാണം., 10. പരുത്തി നൂൽവല നിർമാണം, 11. ഗൃഹ-കാർഷിക ഉപകരണ നിർമാണം, 12. ഫർണീച്ചർ നിർമാണം, 13. അലൂമിനിയം പാത്രനിർമാണം, 14. സ്റ്റീൽ, അലൂമിനിയം ഫർണീച്ചർ നിർമാണം, 15. കുട നിർമ്മാണം, 16. കടലാസ്, കപ്പ്, പ്ലേറ്റ് നിർമാണം, 17. ആണി, നട്ട്, ബോൾട്ട് നിർമാണം, 18. മൊട്ടുസൂചി, ക്ലിപ്പ് നിർമാണം, 19. ടയർ കട്ട് ചെയ്യൽ, ട്യബ് വൾക്കനൈസിങ്ങ്, 20. മൊസൈക്ക് ഓട് നിർമ്മാണം, 21. കോഴി- കന്നുകാലിത്തീറ്റ നിർമാണം, 22. ബീഡിതെറുക്കൽ, 23. മൽസ്യം വളർത്തലും മൽസ്യബന്ധനവും, 24. കടലിലും പുഴയിലും മൽസ്യബന്ധനവും സംസ്കരണവും, 25. കോൾഡ് സ്റ്റോറേജ്, 26. തയ്യലും വസ്ത്രനിർമാണവും, 27 സാരി, ലുങ്കി പ്രിൻടിങ്ങ്, 28. ഓട്ടോറിക്ഷ, ടാക്സി, 29. മൺപാത്രനിർമാണം, 30. തകരപ്പാത്ര നിർമാണം, 31. ഫിനോയിൽ, ബ്ലീച്ചിങ്ങ് പൗഡർ എന്നിവയുടെ നിർമാണവും വില്പനയും, 32. പ്ലാസ്റ്റിക് കളിപ്പാട്ട നിർമാണം, റബ്ബറുപകരണ നിർമാണം.

മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ

1. മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ:

"കേരള ഫിഷർമെൻ വെൽഫെയർ സൊസൈറ്റീസ് ആക്ട്" പ്രാബല്യത്തിൽ വന്നത് 1980 നവമ്പറിലായിരുന്നു. മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള പ്രദേശങ്ങൾ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളും, ഗ്രാമത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമ സംഘവും രൂപീകരിക്കാൻ ഈ നിയമം നിർദേശിക്കുന്നു. പലതരം ക്ഷേമ പ്രവർത്തനങ്ങൾവഴി മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തലാണ് ക്ഷേമ സംഘങ്ങളുടെ ലക്ഷ്യം.

ഓരോ മത്സ്യബന്ധനഗ്രാമത്തിലും ഒരു മത്സ്യത്തൊഴിലാളി ക്ഷേമ സംഘം രൂപീകരിക്കണം. ആ ഗ്രാമത്തിൽ സ്ഥിരതാമസമുള്ള ഏതൊരു മീൻപിടുത്തക്കാരനും സംഘത്തിൽ അംഗമാവാം. 18 വയസ്സ് പ്രായമായിരിക്കണമെന്നേയുള്ളു.

മത്സ്യത്തൊഴിലാളി ക്ഷേമസംഘത്തിൻെറ ചുമതലകൾ താഴെ പ്പറയുന്നവയാണ്:

1. സംഘാംഗങ്ങൾക്ക് ന്യായമായ വിലയ്ക്ക് മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കുക.

2. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ തവണകളായി തിരിച്ചടയ്ക്കാവുന്ന വായ്പകൾ ലഭ്യമാക്കുക.

3. ഉല്പന്നങ്ങൾ സൂക്ഷിക്കാനും സംസ്കരിക്കാനും വിപണനം നടത്താനും വേണ്ട ഏർപ്പാടുകൾ ചെയ്യുക.

4. മത്സ്യബന്ധന ഗ്രാമത്തിലുള്ളവരുടെ ക്ഷേമത്തിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

5. മത്സ്യബന്ധനോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സൗകര്യങ്ങളേർപ്പെടുത്തുക.

6. അപകടത്തിന്നിരയാകുന്ന സംഘാംഗങ്ങളുടെ കുടുംബത്തിന്ന് ആശ്വാസം നല്കുക.

7. തൊഴിൽ ചെയ്യാൻ കഴിവു നഷ്ടപ്പെടുന്ന അംഗങ്ങൾക്ക് സഹായം നല്കുക.

8. ഇവ കൂടാതെ, ആവശ്യമെന്നുതോന്നുന്ന മറ്റു ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

സംഘത്തിൻെറ പ്രവർത്തനങ്ങൾക്കായി ഗവൺമെൻറ് ഗ്രാൻറും വായ്പയുമായി ആവശ്യമായ തുക അനുവദിക്കുന്നതാണ്. കൂടുതൽ തുക ആവശ്യമാണെന്നു വന്നാൽ, അതുണ്ടാക്കാൻ നിയമപ്രകാരം സംഘത്തിന് അവകാശമുണ്ട്. ഓരോ സംഘത്തിനും ഫിഷറീസ് വില്ലേജ് സൊസൈറ്റീസ് ഫണ്ട് ഉണ്ടായിരിക്കും. സംഘത്തിന് ലഭിക്കുന്ന ധനസഹായം ഈ ഫണ്ടിലേക്ക് മാറ്റുന്നു. സംഘത്തിലെ അംഗങ്ങൾക്കല്ലാതെ മറ്റാർക്കും വായ്പ അനുവദിക്കുന്നതല്ല.

സംഘാംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡൻറും മറ്റ് കമ്മറ്റി അംഗങ്ങളും ചേർന്ന കമ്മറ്റിയായിരിക്കും സംഘത്തിൻെറ ഭരണം നടത്തുക. ഈ കമ്മറ്റിയുടെ സെക്രട്ടറി, ഫിഷറീസ് ഓഫീസറായിരിക്കും. സാമ്പത്തികച്ചുമതലകൾ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നു. ഫിഷറീസ് ഡയറക്ടർക്ക് സംഘത്തിൻെറ പ്രവർത്തനം പരിശോധിക്കാൻ അധികാരമുണ്ടായിരിക്കും.

മത്സ്യതൊഴിലാളികൾക്ക് വീടുവെക്കാൻ ധനസഹായം

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഈ ആസൂത്രിത ഭവനനിർമാണപദ്ധതി, ഹഡ്കോയുടെ സഹായത്തോടെ മത്

സ്യത്തൊഴിലാളിക്ഷേമകോർപ്പറേഷൻ ആരംഭിച്ചതാണ്. ഇതനുസരിച്ച് ഇരുപത്തൊന്ന് ചതുരശ്ര മീറ്റർ അളവിൽ കുറയാത്ത ഒരു വീടു നിർമിക്കുന്നതിന് 4000 രൂപ ധനസഹായം നല്കുന്നു. ഇതിനുപുറമെ ഏഴു ചതുരശ്രമീറ്റർ വിസ്തീർണമുള്ള സ്റ്റോർമുറി പണിയുന്നവർക്ക് 1000 രൂപ കൂടി നല്കും. മൊത്തം നല്കുന്ന തുകയിൽ 2000 രൂപ ഗ്രാൻറും 3000 രൂപ 15 വർഷംകൊണ്ട് അടച്ചു തീർക്കേണ്ട വായ്പയുമാണ്. വായ്പത്തുകയിൽ 2000 രൂപ ഹഡ്കോയുടെതും 1000 രൂപ സംസ്ഥാന സർക്കാരിൻേറതുമാണ്. പലിശനിരക്ക് 5 ശതമാനം.

സഹായത്തിന് അപേക്ഷിക്കുന്ന ആൾ, കേരളത്തിൽ സ്ഥിരതാമസമുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളിയായിരിക്കണം. അപേക്ഷകന് കെട്ടിടം നിർമിക്കാനാവശ്യമുള്ള ഒരു സെൻറ് ഭൂമിയെങ്കിലും സ്വന്തമായി ഉണ്ടായിരിക്കണം. ഭൂമി സ്വന്തം പേരിലല്ലെങ്കിൽ, ഭാര്യ, മക്കൾ എന്നിവരുടെ പേരിലായാലും മതി. അങ്ങനെ വരുമ്പോൾ, അവരെകൂടി അപേക്ഷയിൽ പങ്കു ചേർക്കണമെന്നേയുള്ളൂ. കൂടാതെ കെട്ടിടം സ്ഥിതിചെയ്യുന്ന വസ്തുക്കൾ ജാമ്യമായും നല്കണം.

ഭവനനിർമാണ സഹായം ലഭിക്കുന്നതിന് രണ്ടു രൂപ വിലയുള്ള ഫോറത്തിൽ അപേക്ഷ നല്കണം. അപേക്ഷയോടൊപ്പം വസ്തുവിൻെറ അസ്സൽ പ്രമാണമോ, പട്ടയമോ, കുടികിടപ്പു സർട്ടിഫിക്കറ്റോ ഹാജരാക്കണം. കൂടാതെ, വസ്തുവിൻെറ കൈവശസർട്ടിഫിക്കറ്റും, കരം അടച്ച രസീതും, വരുമാനസർട്ടിഫിക്കറ്റും വില്ലേജാഫീസിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം നൽകണം. മുൻ കടബാധ്യത ഇല്ലെന്നു കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് സബ് രജിസ്ട്രാർ ആപ്പീസിൽനിന്നു വാങ്ങിയത് ഇതോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. മത്സ്യത്തൊഴിലാളി ക്ഷേമകോർപ്പറേഷൻെറ ഫീൽഡ് ആപ്പീസർ അപേക്ഷ പരിശോധിച്ച് ആവശ്യമായ അന്വേഷണം നടത്തുന്നു. വസ്തുതകൾ തൃപ്തികരമാണെന്നു കണ്ടാൽ സഹായം അനുവദിക്കും. ധനസഹായം വീടു പണി പുരോഗമിക്കുന്നതിന്നനുസരിച്ച് തവണകളായിട്ടാണ് ലഭിക്കുക. ഗുണഭോക്താക്കൾ നിശ്ചിതസമയത്തിനുള്ളിൽ വീടുപണി നടത്തേണ്ടതാണ്.

അപേക്ഷാഫോറം: അനുബന്ധം 27-ൽ

മീൻപിടുത്തക്കാർക്ക് വള്ളവും വലയും വാങ്ങുന്നതിന് സഹായം

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വള്ളവും

വലയും നല്കി അവരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കാനുള്ള ഒരു പദ്ധതിയാണിത്. ഇതനുസരിച്ച് മീൻപിടുത്ത ത്തിന്നാവശ്യമുള്ള കട്ടമരങ്ങളും ചെറു വള്ളങ്ങളും വലയും വാങ്ങു ന്നതിന് ധനസഹായം ലഭിക്കും. തൊഴിലാളികൾ ഒറ്റയ്ക്കല്ല, കൂട്ടാ യിട്ടാണ് തൊഴിലുപകരണങ്ങൾ വാങ്ങേണ്ടത്. വാങ്ങുന്ന ഉപകരണ ങ്ങളിൽ തൊഴിലാളികൾക്ക് കൂട്ടുടമസ്ഥാവകാശം ലഭിക്കും. വള്ളം വല എന്നിവ വാങ്ങാനുള്ള ധനസഹായം നല്കുക, രണ്ടുപേരോ, അഞ്ചുപേരോ ഒമ്പതുപേരോ അടങ്ങുന്ന തൊഴിലാളികളുടെ ഗ്രൂപ്പി നാണ്. രണ്ടുപേരടങ്ങുന്ന ഗ്രൂപ്പിന് കട്ടമരവും വലയും വാങ്ങാൻ സബ്സിഡിയുൾപ്പെടെ 3000 രൂപയും, അഞ്ചുപേരുള്ള സംഘത്തിന് 10000 രൂപയും ഒമ്പതുപേരുള്ള സംഘത്തിന് വള്ളവും വലയും വാങ്ങാൻ 17500 രൂപയും ലഭിക്കുന്നതാണ്. പുതുതായി വാങ്ങുന്ന ഉപകരണങ്ങളുടെ വിലയിൽ 10% തൊഴിലാളികൾ സ്വയം വഹിക്കേ ണ്ടതും 15 ശതമാനം മത്സ്യത്തൊഴിലാളി കോർപ്പറേഷൻ സബ്സി ഡിയായി നല്കുന്നതുമാകുന്നു. ബാക്കി 75 ശതമാനം തുക 4 ശതമാനം പലിശയുള്ള ബാങ്ക് വായ്പ.

അപേക്ഷകരുടെ പ്രതിവർഷ കുടുംബവരുമാനം, പട്ടണത്തിലാ ണെങ്കിൽ കൂടിയത് 3000 രൂപയിലോ നാട്ടിൻ പുറത്താണെങ്കിൽ 2000 രൂപയിലോ കവിയാതിരിക്കണം. കഠിനാദ്ധ്വാനം ചെയ്യാൻ കഴി വുള്ളവരും 18-50 പ്രായപരിധിയിലുള്ളവരുമായിരിക്കണം, അപേക്ഷ കർ. വായ്പത്തുക 36 തവണകളായി 4 വർഷംകൊണ്ട് അടച്ചുതീർ ക്കണം. ധനസഹായത്തിനുള്ള അപേക്ഷകൾ രണ്ടു രൂപ വിലവരുന്ന നിശ്ചിത ഫോറത്തിൽ നല്കേണ്ടതാണ്. മത്സ്യത്തൊഴിലാളി കോർപ്പറേഷൻെറ ഫീൽഡ് ആപ്പീസർമാർ അപേക്ഷയിലെ വിശദാം ശങ്ങളെക്കുറിച്ച് അന്വേഷണം നടത്തി, സ്വീകാര്യമായ അപേക്ഷകൾ ബാങ്കിലേക്ക് ശുപാർശ ചെയ്തയക്കും. ബാങ്കുകളിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങാൻ പണം ലഭിക്കുക.

നാടൻ വള്ളങ്ങളിൽ മോട്ടോർ ഘടിപ്പിക്കാനുള്ള സഹായം

പരമ്പരാഗത മത്സ്യത്തൊഴിലാളികളുപയോഗിക്കുന്നനാടൻവള്ള ങ്ങളിൽ മോട്ടോറുകൾ ഘടിപ്പിച്ച് മീൻപിടുത്തം കൂടുതൽ ആയാ

സാരഹിതവും കാര്യക്ഷമവുമാക്കാൻ ഈ പദ്ധതി ഉപകരിക്കുന്നു. യന്ത്രം ഘടിപ്പിക്കാൻ കഴിയുന്ന നാടൻവള്ളം സ്വന്തമായിട്ടുള്ള മത്സ്യതൊഴിലാളികൾ ഈ ആനുകൂല്യത്തിനർഹരാണ്.

യന്ത്രം വാങ്ങുന്നതിനാവശ്യമായ തുകയിൽ 25 ശതമാനം മത്സ്യത്തൊഴിലാളി കോർപ്പറേഷൻ സബ്സിഡിയായി നല്കും. വിലയുടെ 7.5 ശതമാനം അപേക്ഷകർ സ്വയം വഹിക്കണം. ബാക്കിവരുന്ന തുക 4 ശതമാനം പലിശക്ക് വായ്പ ലഭിക്കും. മണ്ണെണ്ണയിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക്, നിയന്ത്രിത വിലക്ക് മണ്ണെണ്ണ ലഭിക്കാനുള്ള ഏർപ്പാടും ഉണ്ട്.

മീൻ കച്ചവടക്കാർക്ക് സൈക്കിൾ വാങ്ങുന്നതിന്

മത്സ്യം വിറ്റ് ഉപജീവനം നടത്തുന്ന തൊഴിലാളികൾക്ക് ഈ ആവശ്യത്തിനായി സൈക്കിൾ വാങ്ങാൻ സാമ്പത്തിക സഹായം ലഭിക്കും. ഈ പദ്ധതിപ്രകാരമുള്ള ധനസഹായം ഗ്രാൻറായും പലിശയോടുകൂടിയ വായ്പയായും ഗുണഭോക്താക്കൾക്കു കിട്ടും. സഹായധനമായി കിട്ടുന്ന 100 രൂപ നിർദിഷ്ട ബാങ്കുകളിൽ നിക്ഷേപിച്ചാൽ, സൈക്കിളിൻെറ ബാക്കി വിലയും മത്സ്യക്കച്ചവടത്തിൻെറ മൂലധനച്ചെലവിലേയ്ക്ക് 200 രൂപയും അർഹതയുള്ള അപേക്ഷകർക്ക് ബാങ്കിൽനിന്നും വായ്പ ലഭിക്കും. പലിശനിക്ക് 4 ശതമാനം.

മത്സ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷനാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പ്രത്യേകം ഫോറമുണ്ട്. വില രണ്ടുരൂപ.
അപേക്ഷാഫോറം അനുബന്ധം 28-ൽ.

* മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ്:

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തുടർന്നു പഠനം നടത്താൻ സഹായധനം നല്കുന്ന പദ്ധതിയാണിത്. പ്രൊഫഷണൽ കോഴ്സുവരെയുള്ള വിദ്യാഭ്യാസത്തിന് ആനുകൂല്യം ലഭിക്കും. പ്രതിവർഷം 400 രൂപ മുതൽ 1000 രൂപവരെ സ്കോളർഷിപ്പായി അനുവദിക്കും. പ്രിഡിഗ്രിക്ക് 250 രൂപ, ഡിഗ്രിക്ക് 400 രൂപ, ബിരുദാനന്തരബിരുദം, മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾ 500 രൂപ എന്നിങ്ങനെ പഠിക്കുന്ന കോഴ്സിൻെറ സ്വഭാവമനുസരിച്ച് സ്കോളർഷിപ്പ് തുകയിലും മാറ്റങ്ങളുണ്ടാകും.

പ്രതിവർഷ കുടുംബവരുമാനം 3000 രൂപയിൽ കൂടുതലില്ലാത്ത കുടുംബങ്ങളിലെ കുട്ടികൾക്കുമാത്രമേ ഈ സ്കോളർഷിപ്പിന്നപേക്ഷിക്കാൻ അർഹതയുള്ളു. അർഹതയുള്ള വിദ്യാർഥികൾ, കോളേജധികാരികൾ വഴി അപേക്ഷ ഫിഷറീസ് ഡയറക്ടർക്കയക്കണം. അപേക്ഷാഫോറം റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കും. അപേക്ഷയോടൊപ്പം വരുമാനസർട്ടിഫിക്കറ്റും മറ്റു ബന്ധപ്പെട്ട രേഖകളും സമർപ്പിക്കണം

* മത്സ്യത്തൊഴികൾക്കുവേണ്ടിയുള്ള ഇൻഷുറൻസ് പദ്ധതി

ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതിന്നിടയിൽ അപ്രതീക്ഷിതമായ കാരണങ്ങളാൽ മരണമടയുകയോ കഷ്ടനഷ്ടങ്ങൾക്ക് ഇരയാവുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ദുഃഖിതകുടുംബത്തിന് ധനസഹായം നല്കാനുള്ള ഈ പദ്ധതി 1980 ജൂലായ് മാസത്തിൽ പ്രാബല്യത്തിൽ വന്നു. ജീവനാ ശം സംഭവിച്ച മത്സ്യത്തൊഴിലാളികളുടെ ദുഃഖിത കുടുംബത്തിന് 10000 രൂപ ധനസഹായം ലഭിക്കുന്നു. ഇപ്രകാരം ആനുകൂല്യത്തിനുള്ള അപേക്ഷ നിശ്ചിതഫോറത്തിൽ സമർപ്പിക്കണം. അപേക്ഷയോടൊപ്പം മരണസർട്ടിഫിക്കറ്റ്, ആശ്രിതരാണെന്നതിനുള്ള സർട്ടിഫിക്കറ്റ് മുതലായവ ബന്ധപ്പെട്ട അധികാരികളിൽനിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ, മത്സ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻെറ ഫീൽഡ് ആപ്പീസർമാർ വേണ്ട സഹായം നല്കും.

* ഫിഷറീസ് ടെക്നിക്കൽ സ്കൂൾ:

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുവേണ്ടി ഫിഷറീസ് വകുപ്പ് സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലുമായി ഏതാനും റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, ബേപ്പൂർ, താന്നൂർ, ചാവക്കാട് എന്നിവിടങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ ഉണ്ട്. 14 വയസ്സിൽ കവിയാത്ത, 7-ാം ക്ലാസ് പാസായ കുട്ടികൾക്കാണ് ഇവിടെ പ്രവേശനം ലഭിക്കുക. ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ, 8, 9, 10 ക്ലാസുകളിലായി 40 കുട്ടികൾക്കാണ് പരിശീലനം നല്കുന്നത്. താമസസൗകര്യമുണ്ട്.

ഓരോ വിദ്യാർത്ഥിക്കും ദിവസം 4 രൂപ വീതം ഡിപ്പാർട്ടുമെൻറ് സാമ്പത്തിക സഹായം നല്കുന്നു.

ടെക്നിക്കൽ സ്കൂളിൽ പ്രവേശനം ലഭിക്കാൻ അപേക്ഷ സമർപ്പിക്കേണ്ടത് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്കാണ് (ട്രെയിനിംഗ്)· അപേക്ഷയോടൊപ്പം താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം:

1. മത്സ്യത്തൊഴിലാളിയുടെ മകനാണെന്ന് (മകൾ) തെളിയിക്കാൻ ബന്ധപ്പെട്ട മേഖല അസിസ്റ്റൻറ് ഡയറക്ടറിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റ്.

2. 7-ാം ക്ലാസിലെ വർഷാവസാനപരീക്ഷയ്ക്കും ക്ലാസ് പരീക്ഷകൾക്കും ലഭിച്ച മാർക്കിന്റെ വിവരങ്ങൾ മൂന്നുരൂപ മുദ്രപത്രത്തിൽ രേഖപ്പെടുത്തിയത്; ഇതിൽ ഹെഡ്മാസ്റ്ററുടെയും, എ.ഇ.ഒവിന്റെയും ഒപ്പും സീലുമുണ്ടായിരിക്കണം.

3. കുട്ടിയുടെ രക്ഷകർത്താവ് യഥാർഥ മത്സ്യത്തൊഴിലാളിയാണെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പഞ്ചായത്ത് പ്രസിഡൻറിൽ നിന്നുലഭിച്ചത്.

4. കുട്ടിയുടെ സ്വാഭാവസർട്ടിഫിക്കറ്റ് - ഏഴാം ക്ലാസുവരെ പഠിച്ച സ്കൂളിലെ ഹെഡ്മാസ്റ്ററിൽനിന്ന്.

അപേക്ഷാഫോറം: അനുബന്ധം. 29

കേരള ഖാദി ഗ്രാമവ്യവസായബോർഡിൻെറ പ്രവർത്തനങ്ങൾ

കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ സാധ്യതയുണ്ടാക്കാൻ ശ്രമിക്കുന്ന ഒരു സ്ഥാപനമാണ് കേരള ഖാദി ഗ്രാമവ്യവസായബോർഡ്. ഗ്രാമപ്രദേശങ്ങളിൽ ലഭ്യമായ വിഭവങ്ങൾ പ്രയോജനപ്പെടുത്തി കൈത്തൊഴിലുകളും ചെറുകിട വ്യവസായങ്ങളും ആരംഭിക്കുന്നതിന് ബോർഡ് മുൻഗണന നല്കുന്നു. കൈത്തൊഴിലോ വ്യവസായമോ ആരംഭിക്കാൻ ബോർഡിൽനിന്ന് ഗ്രാൻറായും വായ്പയായും ധനസഹായം ലഭിക്കും. ഗ്രാമവ്യവസായബോർഡിൽനിന്നും ലഭിക്കുന്ന വായ്പക്ക് പലിശ കുറവാണ്—നാലരശതമാനം. ഖാദി വ്യവസായത്തിന് പലിശയില്ല. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൻെറ ആസ്ഥാനം തിരുവനന്തപുരത്താണ്. ഓരോ ജില്ലയിലും ഇതിന് ആപ്പീസുകളുണ്ട്. ജില്ലാ ആപ്പീസിലെ പ്രോജക്റ്റ് ഓഫീസറാണ് പദ്ധതികൾ നിർവഹിക്കുന്നത്.

ഖാദിഗ്രാമവ്യവസായ ബോർഡിൽനിന്നും സഹായം ലഭിക്കുക താഴെപ്പറയുന്നവർക്കാണ്.

1. ബോർഡ് രജിസ്റ്റർ ചെയ്തതോ, അതിൻെറ നിയന്ത്രണത്തിലുള്ളതോ ആയ സഹകരണസംഘങ്ങൾക്ക്.

2. തിരുകൊച്ചി ധർമ്മസ്ഥാപനം രജിസ്ട്രാക്കൽ നിയമത്തിൻെറ കീഴിൽ രജിസ്റ്റർചെയ്ത സ്ഥാപനങ്ങൾക്ക്.

3. വ്യക്തികൾക്ക്.

താഴെപ്പറയുന്ന വ്യവസായങ്ങളാണ് ഖാദി ഗ്രാമവ്യവസായ ബോർഡിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാൻ അർഹതയുള്ളവ:

1. കുമ്മായം, മൺപാത്രനിർമാണം, കല്ലുവെട്ട്, കല്ല് ചില്ലിയാക്കൽ, കല്ലിൽ കൊത്തുപണി, കല്ലുകൊണ്ടുള്ള സാമഗ്രികളുടെ നിർമാണം.

2. കൈകടലാസ് പശ തീപ്പെട്ടി ചന്ദനത്തിരി മുള ചൂരൽക്കട്ട വട്ടി എന്നിവയുടെ നിർമ്മാണം

3. പേപ്പർ ബാഗ് പ്ലേറ്റ് കപ്പ് സാധനങ്ങൾ വാങ്ങിക്കാനുള്ള സഞ്ചി എന്നിവയുടെ നിർമ്മാണം

4. അക്കൗണ്ട് ബുക്കുകൾ, നോട്ട് ബുക്കുകൾ, കവർ നിർമാണം ബുക്ക് ബൈൻഡിങ്ങ്.

5. രാമച്ചംകൊണ്ടുള്ള വിശറി, ചൂൽ എന്നിവ നിർമിക്കൽ.

6. വനവിഭവസംഭരണം, വനവിഭവങ്ങൾ പാകപ്പെടുത്തൽ, സൂക്ഷിക്കൽ.

7. ഫോട്ടോ ഫ്രെയിം ചെയ്യൽ.

8. ഫലസംസ്ക്കരണവുംചക്കര-പനം ചക്കര നിർമാണം, വെളിച്ചെണ്ണ നിർമാണം, തേനീച്ച വളർത്തൽ.

9. പുല്പായ നിർമാണം.

10. കശുവണ്ടി സംസ്കരണം, പപ്പടനിർമാണം, മസാലപ്പൊടി നിർമാണം, ബേക്കറി.

11. തുകൽ, റബ്ബർ, സോപ്പ് നിർമാണം.

12. റസീൻ-പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമാണം.

13. എല്ല്, കൊമ്പ് എന്നിവകൊണ്ടുള്ള വസ്തുക്കളുടെ നിർമാണം.

14. മെഴുതിരി നിർമാണം.

15. മരപ്പണി, ലോഹപ്പണി, ഗോബർഗ്യാസ്.

16. പേപ്പർ പിൻ, ക്ലിപ്പ്, സ്റ്റൗപിൻ, സേഫ്റ്റിപിൻ, മൊട്ടുസൂചി എന്നിവ നിർമിക്കൽ.
17. കണ്ണാടി നിർമാണം.
18. കുടനിർമാണവും റിപ്പയറും.
19. കിടയ്ക്ക, തലയണ, കുഷ്യൻ എന്നിവയുടെ നിർമാണം.
20. തയ്യൽ, റെഡിമെയ്ഡ് വസ്ത്രനിർമാണം.
21. മീൻപിടുത്ത വല നിർമിക്കൽ.
22. അലക്ക്, ബാർബറിങ്ങ്, പ്ലംബിങ് എന്നിവ.

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് വ്യക്തികൾക്കുവേണ്ടി അനുവദിക്കുന്ന ഏതാനും കുടിൽ വ്യവസായങ്ങൾ:

1. മസാല നിർമാണം:

മൂലധനച്ചെലവ്	ഗ്രാൻറ്	വായ്പ
1. ഉപകരണങ്ങൾ	500	500
2. പ്രവർത്തനമൂലധനം		3000

2. പപ്പടനിർമാണയൂണിറ്റ്

വാർഷിക ഉല്പാദനശേഷി	3300 കിലോഗ്രാം
മൂല്യം	31000 ക.
ജോലിസാധ്യത	3 പേർക്ക്

മൂലധനച്ചെലവ്	ഗ്രാൻറ്	വായ്പ
ഉപകരണങ്ങൾ	1000 രൂപ	
പ്രവർത്തനമൂലധനം		3000 രൂപ

3. ആശാരിപ്പണി (കുടുംബയൂണിറ്റ്)

വാർഷിക ഉല്പാദനശേഷി		10000 ക.
ജോലി സാദ്ധ്യത		2 പേർക്ക്
മൂലധനച്ചെലവ്	ഗ്രാൻറ്	വായ്പ
ഉപകരണങ്ങൾ, പണിയായുധങ്ങൾ	900 ക	900 ക
പ്രവർത്തനമൂലധനം		3000 ക

4. കക്ക നീറ്റുന്നതിന്

വാർഷിക ഉല്പാദനശേഷി		9000 ക
തൊഴിൽ സാധ്യത		3 പേർക്ക്
മൂലധനസഹായം	ഗ്രാൻറ്	വായ്പ
തൊഴിലുപകരണങ്ങൾ (നാടൻ ചൂള)	500 ക.	500 ക.

ബ്ലോവറിന്ന്		2000 ക.
പ്രവർത്തനമൂലധനം		3000 ക.

ചൂളയ്ക്കുള്ള 100 ചതുരശ്ര അടി സ്ഥലം സ്വന്തമായുണ്ടായിരിക്കണം

അഗർബത്തി സിടൈപ്പ് യൂണിറ്റ് (കുടുംബയൂണിറ്റ്)

വാർഷിക ഉല്പാദന ലക്ഷ്യം.		62,000 ക.
മൂലധനച്ചെലവ്		2500 ക
പ്രവർത്തനമൂലധനം		15000 ക.

5. ഫലസംസ്കരണവും സംഭരണവും (കുടുംബയൂണിറ്റ്)

വാർഷിക ഉല്പാദനശേഷി		18000 ക.
തൊഴിൽ സാധ്യത		2 പേർക്ക്
മൂലധനച്ചെലവ്	ഗ്രാൻറ്	വായ്പ
വസ്തുവും കെട്ടിടവും		
യന്ത്രസാമഗ്രികൾ		5000 ക.
പ്രവർത്തനമൂലധനം		5000 ക.
ലൈസൻസ് ഫീസ്	100 ക.	

ഈറ-മുള വ്യവസായം (കുടുംബയൂണിറ്റ്)

വാർഷിക ഉല്പാദനലക്ഷ്യം:		1000Oക.
തൊഴിൽ സാധ്യത		4, പേർക്ക്
മൂലധനച്ചെലവ്	ഗ്രാൻറ്	വായ്പ
വർക്കിങ്ങ് പ്ലാറ്റ്ഫോം	500 ക.	500 ക.
ഉപകരണങ്ങൾ	250 ക.	250 ക.
പ്രവർത്തനമൂലധനം		5000 ക.

പാദരക്ഷാ നിർമാണ യൂണിറ്റ്:

മൂലധനച്ചെലവ്	ഗ്രാൻറ്	വായ്പ
യന്ത്രങ്ങളും ഉപകരണങ്ങളും		10000 ക.
പ്രവർത്തനമൂലധനം		15000 ക.

തുകൽ ഉല്പന്നങ്ങളുടെ നിർമാണം

മൂലധനച്ചെലവ്		വായ്പ
യന്ത്രങ്ങളും ഉപകരണങ്ങളും		5000 ക.
പ്രവർത്തനമൂലധനം		12000 ക.

രാമച്ചത്തട്ടി നെയ്ത്ത് (കുടുംബയൂണിറ്റ്)

വാർഷിക ഉല്പാദനലക്ഷ്യം		50000 ക.
തൊഴിൽ സാധ്യത		2 പേർക്ക്
മൂലധനച്ചെലവ്	ഗ്രാൻറ്	വായ്പ

പണിയായുധങ്ങളും മറ്റ് ഉപകരണങ്ങളും	1150 ക.	1150 ക.
പ്രവർത്തനമൂലധനം		125000

പണിപ്പുരക്ക് സ്വന്തം സ്ഥലമുണ്ടായിരിക്കണം.

11. ഫോട്ടോഫ്രെയ്മിങ്ങ്

വാർഷിക ഉല്പാദന ലക്ഷ്യം:		45000 ക.
തൊഴിൽ സാധ്യത		2 പേർക്ക്
ധനസഹായരീതി	ഗ്രാൻറ്	വായ്പ
പണിയായുധങ്ങളും ഉപകരണങ്ങളും	500 ക.	500 ക.
പ്രവർത്തനമൂലധനം		5000 ക.

12. റെക്സിൻ, പിവിസി മുതലായവയെ അടിസ്ഥാനമാക്കിയുള്ള 'വ്യവസായങ്ങൾ'
(കുടുംബയൂണിറ്റ്)

വാർഷിക ഉല്പാദനലക്ഷ്യം		7500 ക.
തൊഴിൽ സാധ്യത		ഒരാൾക്ക്
മൂലധനച്ചെലവ്	ഗ്രാൻറ്	വായ്പ
പണിയായുധങ്ങൾ, ഉപകരണങ്ങൾ	350	350
പ്രവർത്തനമൂലധനം		3000

വിശദവിവരങ്ങൾക്കായി സമീപിക്കേണ്ടത്, ജില്ലാ ഖാദി ഗ്രാമവ്യവസായബോർഡ് പ്രോജക്റ്റ് ഓഫീസറെയാകുന്നു.

ബാങ്കുവായ്പ—തൊഴിലിനും കച്ചവടത്തിനും



അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കു വേണ്ടിയുള്ള വായ്പാപദ്ധതി

എസ്.എസ്.എൽ.സി.യും ഐ.ടി.ഐ. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് സാങ്കേതിക കോഴ്സുകളും പാസായ ചെറുപ്പക്കാർക്ക് വ്യവസായമാരംഭിക്കുന്നതിനും അതിനോടനുബന്ധിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനും പൊതുമേഖലാബാങ്കുകളിൽ നിന്നും വയ്പ ലഭിക്കും. അപേക്ഷകരുടെ പ്രായം 18 നും 35 നും ഇടയിലായിരിക്കണം. കുടുംബത്തിൻെറ വാർഷിക വരുമാനം 10,000 രൂപയിൽ കവിയരുത്. ബാങ്കുവായ്പ ഉപയോഗിച്ചുണ്ടാക്കുന്ന ആസ്തി, സമാന്തര ഈട്, ആൾജാമ്യം എന്നിവ ആവശ്യമില്ല. വ്യവസായിക പദ്ധതികൾക്കായി 35,000 രൂപവരെയും സേവനപദ്ധതികൾക്കായി 25,000 രൂപവരെയും കച്ചവടാവശ്യങ്ങൾക്ക് 15,000 രൂപ വരെയും വായ്പ ലഭിക്കും.

വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിൽ 10 ശതമാന വും മറ്റുള്ള സ്ഥലങ്ങളിൽ 12 ശതമാനവുമാണ് പലിശ നിരക്ക്. വായ്പക്കു 25 ശതമാനം കേന്ദ്രഗവൺമെൻറ് സബ്സിഡി

നൽകുന്നു. സാധാരണ ഗതിയിൽ വായ്പത്തുക മൂന്നുവർഷം മുതൽ ഏഴുവർഷംവരെയുള്ള കാലയളവിൽ തിരിച്ചടക്കേണ്ടതാണ്. കാലാവധി വായ്പയുടെ ഉൽപാദനക്ഷമതയെ അടിസ്ഥാനമാക്കി നിർണ്ണയിക്കാവുന്നതാണ്.

നഗരങ്ങളിലെ പാവപ്പെട്ടവർക്കുവേണ്ടി സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടി

സംയോജിത ഗ്രാമവികസന പദ്ധതി പ്രാബല്യത്തിലില്ലാത്ത പട്ടണ പ്രദേശത്ത്, കുറഞ്ഞത് മൂന്നുവർഷമെങ്കിലും സ്ഥിരമായി താമസിക്കുന്ന ആൾക്ക് ഈ വായ്പക്ക് അർഹതയുണ്ടായിരിക്കും. അയാളുടെ കുടുംബവരുമാനം പ്രതിമാസം 600 രൂപയിൽ കവിയരുതെന്നു മാത്രം. പരമാവധി 5000 രൂപയാണ് വായ്പത്തുക. വായ്പയുടെ 25 ശതമാനം ഇന്ത്യാഗവൺമെൻറ് സബ്സിഡിയായി നൽകും. വായ്പയുപയോഗിച്ചുവാങ്ങുന്ന വസ്തു ഈടായി നൽകിയാൽ മതി. 10% സാധാരണ പലിശമാത്രം. 3 വർഷത്തിനുള്ളിൽ 33 മാസത്തവണകളായി അടച്ചുതീർത്താൽ മതി. ആദ്യത്തെ തിരിച്ചടവ് മൂന്നു മാസത്തിനുശേഷം.

* ചെറുകിട കച്ചവടക്കാർക്കും ബാങ്കുവായ്പ ലഭിക്കും. 25000 രൂപ വരെയുള്ള വായ്പകൾക്ക് വാങ്ങുന്ന സാധനങ്ങൾ ഈടുകൊടുത്താൽമതി. പലിശ 12.5 ശതമാനം മുതൽ 16.5 ശതമാനം വരെ.

വിദ്യാഭ്യാസവായ്പ

ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ തുടങ്ങിയ പഠനങ്ങൾക്കാവശ്യമുള്ള ട്യൂഷൻഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്കുവേണ്ടിയും പഠനസാമഗ്രികൾ വാങ്ങാനും ദേശസാൽകൃതബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കും. സാമ്പത്തിക പ്രയാസം മൂലം പഠനം തുടരാൻ വിഷമിക്കുന്ന കുട്ടികൾക്കാണ് ഇതു ലഭിക്കുക. വായ്പത്തുക വിദ്യാർത്ഥിയുടെ യഥാർത്ഥ സാമ്പത്തിക ആവശ്യമനുസരിച്ചായിരിക്കും. കുടുംബത്തിൻെറ വാർഷികവരുമാനം 12000 രൂപയിൽ കവിയാത്ത വിദ്യാർത്ഥികൾക്ക് 10 ശതമാനം പലിശക്കും അല്ലാത്തവർക്ക് 15 ശതമാനം പലിശക്കുമാണ് വായ്പ ലഭിക്കുക. കോഴ്സ് പൂർത്തിയാക്കി ഉദ്യോഗം ലഭിക്കുമ്പോൾ, അനുയോജ്യമായ തവണകളായി തിരിച്ചടച്ചാൽ മതി.

മറ്റു ചില ആനുകൂല്യങ്ങൾ

സ്പോർട്ട്സ് താരങ്ങൾക്ക് ധനസഹായം

മികച്ച കായികതാരങ്ങൾ സാമ്പത്തികമായ അവശതയനുഭവിക്കുന്നവരാണെങ്കിൽ അവരെ സഹായിക്കാനുള്ളതാണ് പാവപ്പെട്ട സ്പോർട്ട്സ് താരങ്ങൾക്ക് ധനസഹായം നല്കാനുള്ള പദ്ധതി. ഇതനുസരിച്ച് കേരളത്തിൽ സ്ഥിരതാമസമുള്ളവരും, പ്രതിമാസ കുടുംബ വരുമാനം 300 രൂപയിൽ കവിയാത്തവരുമായ സ്പോർട്ട്സ് താരങ്ങളാണ് ഈ ആനുകൂല്യത്തിനർഹതയുള്ളവർ.

100 രൂപ മുതൽ 200 രൂപ വരെയുള്ള സംഖ്യയാണ് പെൻഷനായി കിട്ടുക ഇത് ഒരു നിശ്ചിതകാലയളവിലേക്കോ ജീവിതകാലം മുഴുവനുമോ ലഭിക്കാം. സ്പോർട്സ് താരത്തിന്റെ ആശ്രിതർക്ക് ധനസഹായം നല്കുന്ന വ്യവസ്ഥയനുസരിച്ച് അയാളുടെ വിധവയ്ക്ക് ആനുകൂല്യത്തിനർഹതയുണ്ടായിരിക്കും.

സ്പോർട്സ് താരങ്ങൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നല്കാനുള്ള അധികാരം സ്പോർട്ട്സ് വകുപ്പുമന്ത്രി, സ്പോർട്ട്സ് വകുപ്പു സെക്രട്ടറി, സ്പോർട്ട്സ് കൗൺസിൽ പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന ഒരു കമ്മറ്റിയായിരിക്കും. ധനസഹായം ലഭിക്കാനുള്ള

അപേക്ഷ അതിന്നായുള്ള പ്രത്യേക ഫാറത്തിൻെറ ഈരണ്ടു കോപ്പി പൂരിപ്പിച്ച് സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറിക്കാണ് സമർപ്പിക്കേണ്ടത്. സെക്രട്ടറി ഫോറത്തിൻെറ ഒരു കോപ്പി കളക്ടർ വഴി ബന്ധപ്പെട്ട തഹസിൽദാർക്കും മറ്റൊരു കോപ്പി ജില്ലാ സ്പോർട്ട്സ് കൗൺസിലിനും അയച്ചുകൊടുക്കും. ഫോറത്തിൽ നല്കിയിരിക്കുന്ന സാമ്പത്തിക സ്ഥിതിയും കായികരംഗത്തെ നേട്ടങ്ങളും ശരി തന്നെയാണോഎന്നന്വേഷിക്കാനാണിത്,തഹസിൽദാരിൽനിന്നുംജില്ലാ സ്പോർട്ട്സ് കൗൺസിലിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടനുസരിച്ച് മുകളിൽ പറഞ്ഞ കമ്മറ്റി അപേക്ഷയിന്മേൽ യുക്തയമായ തീരുമാനമെടുക്കുന്നു.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കുടുംബവരുമാനത്തിൻെറ അടിസ്ഥാനത്തിൽ ഫീസാനുകൂല്യം ലഭിക്കുന്നു. ഇതിന് സാമുദായികമോ മതപരമോ ആയ പരിഗണനയില്ല. കുടുംബത്തിൻെറ വാർഷിക വരുമാനം 3600 രൂപയിൽ കുറവുള്ള കുട്ടികൾക്ക് പ്രീഡിഗ്രിക്കും, 4800 രൂപയിൽ താഴെ വരുമാനമുള്ളവർക്ക് ഡിഗ്രിക്കും ഫീസാനുകൂല്യം ലഭിക്കും. 12000 രൂപയിൽത്താഴെ വാർഷികവരുമാനമുള്ള കുടുംബത്തിലെ കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും, ടെക്നിക്കൽ കോഴ്സുകൾക്കും, ബിരുദാനന്തര ബിരുദ പഠനത്തിനും എല്ലാവിധ ഫീസാനുകൂല്യങ്ങളും നല്കുന്നതാണ്. ഇതിനുപുറമെ 100 രൂപ ലംപ്സംഗ്രാൻറും നൽകിവരുന്നു.

ഇതിനുള്ള അപേക്ഷാഫോറം, അധ്യായനവർഷത്തിൻെറ ആരംഭത്തിൽ ബന്ധപ്പെട്ട കോളേജിൽ നിന്നു ലഭിക്കും. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള ആനുകുല്യത്തിനു ശ്രമിക്കുന്നത്, ആദ്യമായി ട്ടാണെങ്കിൽ ഫോറം നമ്പർ ഒന്നിലും, കിട്ടിയ ആനുകൂല്യം തുടർന്ന് ലഭിക്കാൻ വേണ്ടി ഫോറം നമ്പർ (1എ.) യിലുമാണ്

അപേക്ഷിക്കേണ്ടത്. നിർദ്ദേശിക്കപ്പെട്ട ഫോറം പൂരിപ്പിച്ച് കുടുംബവരുമാനം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിനോടൊപ്പം നിശ്ചിതസമയത്ത് കോളേജധികാരികൾക്ക് സമർപ്പിക്കണം. അർഹതയുള്ള അപേക്ഷകർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ജില്ലാ വെൽഫയർ ഓഫീസറാണ്.

സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷൻ നല്കുന്ന പദ്ധതി:

അമ്പതു വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിമാസ വരുമാനം 300 രൂപയിൽ കവിയാത്തവരുമായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കുമാണ് ഈ പദ്ധതി പ്രകാരമുള്ള പെൻഷന് അർഹത. പ്രതിമാസം 100 രൂപ മുതൽ 300 രൂപവരെയാണ് പെൻഷൻ തുക. മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി, വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു കമ്മറ്റിയാണ് പെൻഷൻെറ തുകയും കാലാവധിയും നിശ്ചയിക്കുക. വിദ്യാഭ്യാസ ഡയറക്ടറാണ് പെൻഷൻ തുക വിതരണം ചെയ്യുക.

ജനനത്തീയതി, പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, ലഭിച്ച അവാർഡുകൾ, പ്രശംസാപത്രങ്ങൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും വില്ലേജാഫീസറിൽനിന്നും വാങ്ങിയ വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും സഹിതം അപേക്ഷ, ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിൻറ് സെക്രട്ടറിക്ക് (ഇ. വകുപ്പ്) അയയ്ക്കണം. അപേക്ഷകൻ പെൻഷന് അർഹനാണോ എന്ന് ബന്ധപ്പെട്ട അക്കാദമിയുമായി ആലോചിച്ചതിനുശേഷമാണ് കമ്മറ്റി പെൻഷൻ നിശ്ചയിക്കുന്നത്. അപേക്ഷാഫോറം അനുബന്ധം 30-ൽ.

പെൻഷൻ-സർക്കസ് കലാകാരന്മാർക്ക്

അവശതയനുഭവിക്കുന്ന കേരളീയ സർക്കസ് കലാകാരന്മാർക്ക് സഹായം നല്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന ഈ പദ്ധതി

1980 ഏപ്രിൽ മുതല്ക്കാണ് പ്രാബല്യത്തിൽ വന്നത്. ഏതെങ്കിലും സർക്കസ് കമ്പനിയിൽ 15 വർഷമെങ്കിലും പ്രവർത്തിച്ചവരും, ഇപ്പോൾ ശാരീരികമായി അവശത അനുഭവിക്കുന്നവരുമായ സർക്കസ് കലാകാരന്മാർക്കാണ് പെൻഷൻ ലഭിക്കാൻ അർഹത. സർക്കസിനിടയിൽ അപകടം സംഭവിച്ച് അവശതയിലകപ്പെട്ടവർക്ക്, നിയമത്തിൻെറ കാര്യത്തിൽ ഈ നിബന്ധന ബാധകമല്ല. അപേക്ഷ സമർപ്പിക്കുന്ന പുരുഷന്മാരുടെ പ്രായം 45 വയസ്സിൽ കൂടുതലും സ്ത്രീകളുടേത് 35 വയസ്സിൽ കൂടുതലും ആയിരിക്കണം. അവരുടെ പ്രതിമാസ വരുമാനം 300 രൂപയിൽ താഴെയാവുകയും വേണം. പെൻഷനായി ലഭിക്കുന്ന തുക പ്രതിമാസം 150 രൂപ.

ധനസഹായത്തിനുള്ള അപേക്ഷ ആവശ്യമുള്ള രേഖകളോടൊപ്പം ജില്ലാ കളക്ടർക്കാണ് സമർപ്പിക്കേണ്ടത്. പെൻഷൻ അനുവദിക്കാനുള്ള അധികാരം പൊതുഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി, സർക്കസ് കമ്പനി ഉടമസ്ഥന്മാരുടെയും സർക്കസ് കലാകാരന്മാരുടെയും പ്രതിനിധികൾ, എന്നിവരടങ്ങിയ ഒരു കമ്മറ്റിയാണ്. അപേക്ഷാ ഫോറം അനുബന്ധം 31-ൽ.

കരകൗശല വിദഗ്ധന്മാർക്ക് വാർധക്യകാല പെൻഷൻ

പാവപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധന്മാർക്ക് 100 രൂപ വീതം വാർധക്യകാല പെൻഷൻ നല്കാനുള്ള പദ്ധതിയാണിത്. കുടുംബത്തിൻെറ പ്രതിവർഷ വരുമാനം 1200 രൂപയിൽകൂടുതലില്ലാത്തവർക്കേ ഇതിനപേക്ഷിക്കാൻ അർഹതയുള്ളു. പ്രായം 60 വയസ്സ് കഴിഞ്ഞിരിക്കണം. വികലാംഗർക്ക് വയസ്സിളവ് അനുവദിക്കും.

അപേക്ഷിക്കുന്നതിന് പ്രത്യേക ഫോറമുണ്ട്. അതിൻെറ മൂന്നു കോപ്പി പൂരിപ്പിച്ച് ജില്ലാ വ്യവസായ ആപ്പീസർക്കു സമർപ്പിക്കണം. അപേക്ഷയോടൊപ്പം വരുമാനസർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, കേരളത്തിൽ തുടർച്ചയായി 10 വർഷം താമസിച്ചുവെന്നതിന് തഹസിൽദാരുടെ സർട്ടിഫിക്കറ്റ്, മറ്റൊരിടത്തുനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നില്ലെന്നതിന് സത്യവാങ്മൂലം എന്നിവ ഉണ്ടായിരിക്കണം. ഡിസമ്പർ 30ന് മുമ്പ് അപേക്ഷ നല്കിയിരിക്കേണ്ടതാണ്. വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടറാണ്, ആവശ്യമായ അന്വേഷണങ്ങൾക്കുശേഷം പെൻഷൻ അനുവദിക്കുന്നത്.

ആശ്രിതർക്ക് ജോലി നൽകാനുള്ള പദ്ധതി

സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജോലി ലഭിക്കാനർഹതയുണ്ട്. പാർട്ട് ടൈം ജീവനക്കാരടക്കമുള്ള എല്ലാ സർക്കാരുദ്യോഗസ്ഥന്മാർക്കും ഈ ആനുകൂല്യത്തിനർഹതയുണ്ടായിരിക്കും. മരണമടയുന്ന ഉദ്യോഗസ്ഥന് ചുരുങ്ങിയത് അഞ്ചുവർഷമെങ്കിലും സർവ്വീസുണ്ടായിരിക്കണം. പ്രത്യേക സാഹചര്യത്തിൽ സർവ്വീസ് ഇളവു ചെയ്തുകൊടുക്കാൻ ബന്ധപ്പെട്ട മന്ത്രിക്കധികാരമുണ്ട്. ജീവനക്കാരനെ പൂർണമായും ആശ്രയിച്ചു കഴിയുന്ന ഭാര്യ, മക്കൾ, അച്ഛനമ്മമാർ, സഹോദരീസഹോദരന്മാർ എന്നിവരെയാണ് ആശ്രിതരായി കണക്കാക്കുന്നത്. ഇവരുടെ പ്രതിവർഷ കുടുംബവരുമാനം 9000 രൂപയിൽ കവിയാൻ പാടില്ല. ആശ്രിതർക്കുള്ള ജോലിക്കപേക്ഷിക്കുന്നവർ ജീവനക്കാരൻ മരിച്ച് ഒരു വർഷത്തിനകം സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കണം. ആശ്രിതൻ പ്രായപൂർത്തിയാവാത്ത ആളാണെങ്കിൽ കാലാവധി മൂന്നുവർഷം വരെ നീട്ടിക്കിട്ടും.

പാവപ്പെട്ടവർക്ക് നിയമസഹായം

പാവപ്പെട്ടവർക്ക് സൗജന്യനിയമസഹായം നല്കാനുള്ള പദ്ധതി 1978 മുതൽ ആരംഭിച്ചതാണ്. ഇതനുസരിച്ച് സംസ്ഥാനത്തിലെ ഏതെങ്കിലും മുൻസിഫ് കോടതിയിലോ, ലേബർ കോടതിയിലോ ജില്ലാ കോടതിയിലോ, ലാൻഡ് ട്രിബ്യൂണലിലോ, ലേബർ ട്രിബ്യൂണലിലോ നിലനിൽക്കുന്ന എല്ലാ കേസുകൾക്കും പാവപ്പെട്ടവർക്ക് നിയമസഹായം ലഭിക്കാനർഹതയുണ്ട്.

അപേക്ഷകർ കേരളത്തിൽ സ്ഥിരതാമസക്കാരും പ്രതിമാസ വരുമാനം 400 രൂപയിൽ കുറവുള്ളവരുമായിരിക്കണം. വരുമാനമെന്നാൽ അപേക്ഷകന്റെ കുടുംബവരുമാനമെന്നാണർത്ഥം. നിയമസഹായത്തിനുവേണ്ടിയുള്ള അപേക്ഷ നൽകേണ്ടത് ബന്ധപ്പെട്ട കേസ് സ്ഥിതി ചെയ്യുന്ന താലൂക്കിലെ തഹസീൽദാർക്കാണ്. അപേക്ഷയോടൊപ്പം മാസവരുമാനം കൂടി കാണിക്കുന്ന ഒരു സത്യവാങ്മൂലം കൂടി നൽകണം. നിയമസഹായത്തിനുള്ള അപേക്ഷ തഹസീൽദാർ അനുവദിച്ചാൽ അപേക്ഷകൻ നിശ്ചിത ഫോറത്തിൽ നിയമോപദേശത്തി

നു വേണ്ടി വീണ്ടും ഒരപേക്ഷ സമർപ്പിക്കണം. സഹായത്തിന് അർഹനാണെങ്കിൽ, ബന്ധപ്പെട്ട ഗവൺമെൻറ് പ്ലീഡറോട് അപേക്ഷകനു നിയമോപദേശം നൽകാനും കോടതിയിൽ ഹാജരായി കേസ് വാദിക്കാനും തഹസീൽദാർക്ക് നിർദ്ദേശിക്കാം.

സൗജന്യനിയമസഹായം ലഭിച്ച അപേക്ഷകന് എതിർകക്ഷിയിൽ നിന്നും, സർക്കാർ കേസിനുവേണ്ടി ചെലവഴിച്ചു കഴിച്ചു ബാക്കി സംഖ്യ മാത്രമേ ലഭിക്കുകയുള്ളൂ.

അപേക്ഷാഫോറം അനുബന്ധം 26 എയും ബി യും

പുതിയ റേഷൻകാർഡ് ലഭിക്കാൻ എന്തുചെയ്യണം

കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ഇപ്പോൾ റേഷൻകാർഡുണ്ട്. അതിൻെറ കാലാവധി 1990 ഡിസമ്പർ 31 വരെയാണ്. സാധാരണയായി, മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് മാറിത്താമസിക്കുക, ഈ സംസ്ഥാനത്തിൽത്തന്നെ, താലൂക്ക് മാറിത്താമസിക്കുക, കുടുംബങ്ങൾ തമ്മിൽ ഭാഗം കഴിഞ്ഞ് വെവ്വേറെത്താമസിക്കുക തുടങ്ങിയ അവസരങ്ങളിൽ മാത്രമേ, ഇപ്പോൾ ഒരു കുടുംബത്തിന് പുതുതായി റേഷൻകാർഡിന് അപേക്ഷിക്കേണ്ടിവരുന്നുള്ളൂ. ഇങ്ങിനെ പുതിയ കാർഡ് ആവശ്യമുള്ള കുടുംബങ്ങൾ അവർക്ക് അതതു സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്ന റേഷൻ കാർഡ് വെട്ടിയ—പേര് കാർഡിൽനിന്നു നീക്കം ചെയ്തു—സർട്ടിഫിക്കറ്റ് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്ന്—സിറ്റി റേഷനിങ് ഓഫീസിൽ നിന്ന്—വാങ്ങേണ്ടതാണ്.

പുതിയ റേഷൻകാർഡ് ലഭിക്കാൻ, പുതുതായി താമസിക്കുന്ന സ്ഥലത്തെ താലൂക്ക് സപ്ലൈ ആഫീസർക്കാണ് അപേക്ഷിക്കേണ്ടത്. ഇതിനുവേണ്ടി താലൂക്ക് സപ്ലൈ ആഫീസിൽനിന്നു ലഭിക്കുന്ന ഫോറം പൂരിപ്പിച്ച് മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റും വീട്ടുനമ്പർ തെളിയിക്കുന്ന സർട്ടിഫിക്കറ്റും സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്കു സമർപ്പിക്കണം. വീട്ടുനമ്പർ കാണിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികാരിയിൽ നിന്നാണ് വാങ്ങേണ്ടത്

കാർഡ് നഷ്ടപ്പെട്ടവർ നിർദ്ദിഷ്ടഫോറത്തിൽ രണ്ടു രൂപ സ്റ്റാമ്പൊട്ടിച്ച്, ബന്ധപ്പെട്ട റേഷൻകടക്കാർ പൂരിപ്പിക്കേണ്ട ഭാഗം പൂരിപ്പിച്ച് താലൂക്ക് സപ്ലൈ ഓഫീസർക്ക്/സിറ്റി റേഷനിങ്ങ് ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

അനുബന്ധം 1

ഫാറം നമ്പർ 1

(ചട്ടം 7.എ നോക്കുക)

അഗതികൾക്കുള്ള പെൻഷൻ അപേക്ഷാഫാറം

1. അപേക്ഷകൻെറ പേരും പൂർണ്ണമായ മേൽ വിലാസവും
2. വയസ്സ്
3. ടി. സ്ഥലത്തു എത്രകാലമായി താമസിക്കുന്നു.
4. അപേക്ഷകൻ പ്രായപൂർത്തിയാകാത്തവനോ ബുദ്ധിസ്ഥിരത ഇല്ലാത്തവനോ ആണെങ്കിൽ രക്ഷകർത്താവിൻെറ പേരും പൂർണ്ണമായ മേൽ വിലാസവും.
5. ഏതുവിഭാഗത്തിൽപ്പെട്ട പെൻഷനുവേണ്ടിയാണ് അപേക്ഷിക്കുന്നത് എന്ന് (ആവശ്യമില്ലാത്ത ഭാഗം വെട്ടിക്കളയുക).

വാർദ്ധക്യകാല പെൻഷൻ/വിധവാ പെൻഷൻ/വികലാംഗർക്കുള്ള പെൻഷൻ

6. പ്രതിജ്ഞ
   (1) എൻെറ കാലയാപനത്തിന് യാതൊരു മാർഗ്ഗവും ഇല്ല.
   (2) താഴെ വിവരിക്കുന്ന ബന്ധുക്കൾ എനിക്കുണ്ട്.
   അച്ഛൻ/അമ്മ/ഭർത്താവ്/ഭാര്യ/മകൻ/മകൻെറ മകൻ
   (ആവശ്യമില്ലാത്തഭാഗം വെട്ടിക്കളയുക).
   (3) മുകളിൽ വിവരിച്ചിട്ടുള്ള ബന്ധുക്കളിൽ ആർക്കും പ്രതിമാസം അമ്പതു രൂപയിൽ കവിയാത്ത വരുമാനം ഇല്ല.
   (4) ഞാൻ കേരളീയനാണ്.
   (5) ഗവൺമെൻറിൽനിന്നോ മറ്റു സ്ഥാപനങ്ങളിൽനിന്നോ എനിക്കു തുടർച്ചയായി ധനസഹായം യാതൊന്നും ലഭിക്കുന്നില്ല.
   (6) മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ എല്ലാം സത്യമാണ്.

സ്ഥലം: അപേക്ഷകൻെറ ഒപ്പ്/വിരലടയാളം

തീയതി: രക്ഷകർത്താവിൻെറ ഒപ്പ്/ വിരലടയാളം

7. അന്വേഷണറിപ്പോർട്ട്.

വില്ലേജ് ഓഫീസർ

8. തഹസീൽദാരുടെ ഉത്തരവ്.

തഹസിൽദാർ

അനുബന്ധം 2

ഫാറം നമ്പർ 1

(ചട്ടം 7.എ നോക്കുക)

വികലാംഗർക്കുള്ള സ്പെഷ്യൽ പെൻഷൻ അപേക്ഷാഫാറം

1. അപേക്ഷകൻെറ പേരും പൂർണ്ണമായ മേൽ വിലാസവും
2. വയസ്സ്
3. ടി. സ്ഥലത്തു എത്രകാലമായി താമസിക്കുന്നു.
4. അപേക്ഷക ബുദ്ധിസ്ഥിരതയില്ലാത്തവനാണെങ്കിൽ രക്ഷകർത്താവിൻെറ പേരും പൂർണ്ണമായ മേൽ വിലാസവും.
5. പ്രതിജ്ഞ

(1) എൻെറ കാലയാപനത്തിന് യാതൊരു മാർഗ്ഗവും ഇല്ല.

(2) താഴെ വിവരിക്കുന്ന ബന്ധുക്കൾ എനിക്കുണ്ട്.

അച്ചരൻ/അമ്മ/ഭർത്താവ്/ഭാര്യ/മകൻ.

(3) മുകളിൽ വിവരിച്ചിട്ടുള്ള ബന്ധുക്കളിൽ ആർക്കും പ്രതിമാസം .... രൂപായിൽ കവിഞ്ഞു വരുമാനം ഇല്ല.

(4) ഞാൻ കേരളീയനാണ്.

(5) ഗവൺമെൻറിൽനിന്നോ മറ്റു സ്ഥാപനങ്ങളിൽനിന്നോ എനിക്കു തുടർച്ചയായി ധനസഹായം യാതൊന്നും ലഭിക്കുന്നില്ല.

മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ എല്ലാം സത്യമാണ്.

സ്ഥലം: അപേക്ഷകൻെറ ഒപ്പ്/വിരലടയാളം

തീയതി: രക്ഷകർത്താവിൻെറ ഒപ്പ്/വിരലടയാളം

6. അന്വേഷണറിപ്പോർട്ട്.

വില്ലേജ് ഓഫീസർ

7. തഹസീൽദാരുടെ ഉത്തരവ്.

തഹസിൽദാർ

അനുബന്ധം 3

ക്ഷയരോഗികൾക്ക് ധനസഹായത്തിനുള്ള അപേക്ഷ

ഡിസ്ട്രിക്റ്റ്..താലൂക്ക്.....................
വില്ലേജ്.....................
പട്ടണം......................

1. അപേക്ഷകക്ഷിയുടെ പേര് ശ്രീ/ശ്രീമതി
2. പിതാവിൻെറയോ ഭർത്താവിൻെറയോ പേര്
3. പൂർണ്ണമായ മേൽവിലാസം
4. വയസ്സ്
5. അപേക്ഷകക്ഷി ക്ഷയരോഗബാധിതനാണെങ്കിൽ അതിൻെറ വിവരണം
6. അപേക്ഷകക്ഷിയുടെ പ്രതിജ്ഞ:

(എ) എനിക്ക് എല്ലാ മാർഗ്ഗങ്ങളിലൂടെയുമുള്ള പ്രതിവർഷവരുമാനം മൂന്നൂറുരൂപയിൽ കവിയുകയില്ല.

(ബി) എനിക്ക് ക്ഷയരോഗം ബാധിച്ചിട്ടുണ്ട്. ചുരുങ്ങിയത് ആറുമാസത്തെ ചികിത്സയെങ്കിലും എനിക്ക് ആവശ്യമാണ്.

(സി) സംസ്ഥാനത്തിൻെറ യാതൊരു ക്ഷയരോഗ ക്ലിനിക്കിലോ, ക്ഷയരോഗ ആശുപത്രിയിലോ, സാനട്ടോറിയത്തിലോ ഇപ്പോൾ എനിക്ക് പ്രവേശനം ലഭിച്ചിട്ടില്ല.

(ഡി) ഞാൻ കേരള നിവാസിയാകുന്നു. കഴിഞ്ഞ...................വർഷങ്ങളായി ഞാൻ കേരളത്തിൽ താമസിച്ചുവരുന്നു.

(ഇ) ഞാൻ ഇതിന് മുമ്പ് ഈ ധനസഹായത്തിനുവേണ്ടി അപേക്ഷസമർപ്പിച്ചിട്ടുണ്ട്/സമർപ്പിച്ചിട്ടില്ല.

മുമ്പ് കൊടുത്ത അപേക്ഷയിന്മേൽ താഴെ കുറിക്കുന്ന തീരുമാനമുണ്ടായി:

സ്ഥലം: അപേക്ഷകക്ഷിയുടെ ഒപ്പ്
തീയതി: (വിരലടയാളം)

അനുബന്ധം 4

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകയുടെ പേരും മേൽവിലാസവും
2. മരിച്ചുപോയ ഭർത്താവിൻെറ പേരും മേൽവിലാസവും
3. ഭർത്താവിൻെറ മരണം സംഭവിച്ച തീയതി, സ്ഥലം.
4. മരണകാരണം
5. അപേക്ഷകയുടെ സന്താനങ്ങളുടെ വിവരങ്ങൾ (പേര്, ജനനത്തീയതി)
   പെൺകുട്ടികൾ എത്ര?
   ആൺകുട്ടികൾ എത്ര?
6. വിവാഹം ചെയ്ത് അയയ്ക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിയുടെ ജനനത്തീയതി.
7. വിവാഹം തീർച്ചപ്പെടുത്തിയിട്ടുള്ള പ്രതിശ്രുതവരൻെറ പേരും മേൽവിലാസവും.
8. പ്രതിശ്രുതവരൻെറ തൊഴിൽ
9. അപേക്ഷകയുടെ പ്രതിമാസ വരുമാനം
10. ആവശ്യപ്പെടുന്ന സഹായധനം
11. ഏതു ആവശ്യത്തിനാണ് സഹായധനം ആവശ്യപ്പെടുന്നത്.
12. വിവാഹം നടത്താൻ നിശ്ചയിച്ചിട്ടുള്ള തീയതിയും വിവാഹസ്ഥലവും

അപേക്ഷകയുടെ ഒപ്പ്

സ്ഥലം:

തീയതി:

വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിയുടെ ഒപ്പ്

അനുബന്ധം 5

ട്രൈസം പരിശീലനം നേടാനാഗ്രഹിക്കുന്നവർ പൂരിപ്പിക്കേണ്ട അപേക്ഷാഫാറം

ബ്ലോക്ക് ഡെവലപ്പ്മെൻറ് ആഫീസർക്ക്,
..........................ബ്ലോക്ക്,
..........................ജില്ല.

സർ,

സ്വയം ജോലി കണ്ടെത്തുന്നതിനുവേണ്ടി ഗ്രാമീണയുവജനങ്ങൾക്ക് പരിശീലനം നല്കുന്നതിനായുള്ള ദേശീയപദ്ധതിയിൽ (ടി.ആർ.വൈ.എസ്.ഇ.എം.) പങ്കെടുക്കുന്നതിന് എനിക്ക് സമ്മതമാണ്.

1. പേര്
2. അച്ഛൻെറ പേര്
3. സ്ഥിരമേൽവിലാസം
4. ജനനത്തീയതി
5. വിദ്യാഭ്യാസ യോഗ്യതകൾ
6. ഞാൻ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടതാണ്/അല്ല. (സർട്ടിഫിക്കറ്റ് ഇതോടൊപ്പം ഹാജരാക്കുന്നു)
7. ഞാൻ ഒരു ചെറുകിട കൃഷിക്കാരൻ/നാമമാത്ര കൃഷിക്കാരൻ/കർഷകത്തൊഴിലാളി/ഗ്രാമീണകൈത്തൊഴിലുകാരൻ അല്ലെങ്കിൽ ഞാൻ..............................ൻെറ/മകൻ മകൾ ആണ്.
8. എൻെറ കൈവശമുള്ള അല്ലെങ്കിൽ എൻെറ പിതാവ് എനിക്ക് നല്കുവാൻ തയ്യാറുള്ള ഭൂമിയുടെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

   വിസ്തീർണ്ണം

   കൈവശഭൂമികൾ

   ജലസേചനം നടത്തിയ ഭൂമിയുടെ വിസ്തീർണ്ണം
9. പരിശീലന വിഷയങ്ങളിൽ മുൻഗണനാക്രമത്തിലുള്ള ആഭിമുഖ്യം

(എ)
(ബി)
(സി)

10. ഇപ്പോഴത്തെ പ്രതിമാസ വരുമാനം

ട്രെയിനിംഗിനുശേഷം സർവ്വീസിലിരിക്കാൻ ഞാൻ താത്പര്യപ്പെടുകയില്ലെന്നും ഗ്രാമപ്രദേശത്തുതന്നെ എൻെറ ജോലി കണ്ടെത്തിക്കൊള്ളാമെന്നും ഞാൻ ഇതിനാൽ ഉറപ്പ് ചെയ്യുന്നു.

തീയതി: അപേക്ഷകൻെറ ഒപ്പ്

ബി.ഡി.ഒ.യുടെ ആഫീസ്.................ബ്ലോക്ക്.............ജില്ല

തീയതി..................................രജിസ്ട്രേഷൻ നമ്പർ...........................

.......................ത്ത് താമസിക്കുന്ന..മകൻ/മകൾ ആയ ശ്രീമാൻ/കുമാരി.............യിൽ നിന്നും ട്രൈസെമിന്നുള്ള അപേക്ഷ സ്വീകരിച്ചിരിക്കുന്നു.

ബി.ഡി.ഒ. യുടെ ഒപ്പ്

അനുബന്ധം 6

വികലാംഗർക്ക് തൊഴിൽ ചെയ്യുന്നതിന് ധനസഹായത്തിനുള്ള അപേക്ഷാഫാറം

(എല്ലാ കോളങ്ങൾക്കും വ്യക്തമായ ഉത്തരം നല്കി പൂരിപ്പിക്കേണ്ടതാണ്. പൂർണ്ണമായി കോളങ്ങൾ പൂരിപ്പിക്കാതെ വിടുന്നത് സ്വീകാര്യമല്ല)

1. അപേക്ഷകൻെറ പേരും മേൽവിലാസവും:
2. പിതാവിൻെറ/രക്ഷകർത്താവിൻെറ പേരും: മേൽവിലാസവും
3. പിതാവിൻെറ/രക്ഷകർത്താവിൻെറ തൊഴിൽ:
4. അപേക്ഷകൻെറ ജനനസ്ഥലം, വില്ലേജ്, താലൂക്ക്, ജില്ല:
5. അപേക്ഷകൻെറ ജനനതീയതി

(ക്രിസ്താബ്ദം)

6. അംഗവൈകല്യത്തിൻെറ സ്വഭാവം: പൂർണ്ണമായ അന്ധത/ഭാഗികമായ അന്ധത/പൂർണ്ണമായ ബധിരത/ഭാഗികമായ ബധിരത/അസ്ഥി സംബന്ധമായ വൈകല്യം.
(വൈകല്യത്തിൻെറ സ്വഭാവം വ്യക്തമാക്കുക)
7. അപേക്ഷകൻെറ വിദ്യാഭ്യാസ യോഗ്യത:
8. അപേക്ഷകൻെറ സാങ്കേതിക യോഗ്യത (തെളിവുകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം ഹാജരാക്കുക):
9. ചെയ്യാനുദ്ദേശിക്കുന്ന തൊഴിൽ:
10. ആ തൊഴിലിൽ മുൻപരിചയമുണ്ടോ?:
11. പ്രസ്തുത തൊഴിലിൽ നിന്നും പ്രതീക്ഷിക്കുന്ന പ്രതിമാസ വരുമാനം:
12. തുടങ്ങാനുദ്ദേശിക്കുന്ന തൊഴിലിന് ആവശ്യമായ ഏറ്റവും കുറഞ്ഞ മുതൽമുടക്ക്:
13. സർക്കാരിൽനിന്നും ധനസഹായമായി ലഭിക്കുന്ന 500 രൂപ കഴിച്ചുള്ള മുടക്കുമൂലധനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗം:
14. ചെയ്യാൻ ഉദ്ദേശിക്കുന്ന തൊഴിലിനാവശ്യമായ സാധനസാമഗ്രികളുടെ വിവരണം:
15. അപേക്ഷകന് ഇതിനുമുമ്പ് ഈ പദ്ധതിപ്രകാരം സഹായം ലഭിച്ചിട്ടുണ്ടോ:
ഉണ്ട്/ഇല്ല
16. നിങ്ങളുടേയും കുടുംബത്തിൻേറയും ശരാശരി വാർഷികവരുമാനം, അതു ലഭിക്കുന്ന വഴി:
17. അപേക്ഷകനിപ്പോൾ തൊഴിൽ വല്ലതും ഉണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.
18. പ്രസ്തുത തൊഴിലിൽനിന്നും ലഭിക്കുന്ന വാർഷികവരുമാനം:

19. അപേക്ഷകൻ പട്ടികജാതിയിലോ പട്ടികവർ ഗ്ഗത്തിലോ ഉൾപ്പെടുന്ന ആളാണോ:
20. ആണെങ്കിൽ വിശദവിവരം പ്രസ്താവിക്കുക:
21. ബന്ധപ്പെട്ട മറ്റു വല്ലകാര്യങ്ങളും ഉണ്ടെങ്കിൽ അവയെപ്പറ്റിയുള്ള വിവരണം:

പ്രതിജ്ഞ

ഈ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന എല്ലാ വസ്തുതകളും സത്യമാണ്. എനിക്കു ലഭിക്കുന്ന ധനസഹായംകൊണ്ട്, ഞാൻ ഈ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന തൊഴിൽ, തുക ലഭിച്ച് മൂന്നു മാസത്തിനകം തുടങ്ങുന്നതും, ആ തൊഴിലിൻെറ പുരോഗതിക്കും അതുവഴി എൻെറ സ്വതന്ത്രമായ ജീവിതമാർഗ്ഗത്തിനും എൻെറ എല്ലാ കഴിവും വിനിയോഗിക്കുന്നതാണെന്നും കാലകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാമെന്നും ഇതിനാൽ പ്രതിജ്ഞചെയ്തു കൊള്ളുന്നു.

സ്ഥലം:

തീയതി:

(അപേക്ഷകൻെറ ഒപ്പ്)

കുറിപ്പ്: (1) അംഗവൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും വില്ലേജാഫീസറിൽനിന്നും ഹാജരാക്കേണ്ട വരുമാനവും, ജാതിയും, തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും അനുബന്ധമായി ചേർത്തിരിക്കുന്ന ഫാറത്തിൽ ഹാജരാക്കേണ്ടതാണ്.

(2) ധനസഹായം ലഭിച്ചാൽ മൂന്നുമാസത്തിനകം അവ ശരിയായി ഉപയോഗിച്ചു എന്ന് സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

അനുബന്ധം 6 എ

സ്ത്രീകൾക്ക് തൊഴിൽ അവസരമുണ്ടാക്കുന്നതിലേക്കുള്ള ധനസഹായപദ്ധതിപ്രകാരമുള്ള അപേക്ഷാഫോറം

1. സംഘടനയുടെ പേര്.
2. രജിസ്റ്റർ നമ്പർ:
3. ഏതു നിയമം അനുസരിച്ചാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്:
4. സംഘടനയിലെ ആകെ അംഗ സംഖ്യ:
5. സംഘടനയുടെ കീഴിൽ നിലവിലുള്ള തൊഴിൽ:
6. തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകളുടെ എണ്ണം.
7. പ്രതിമാസം നൽകിവരുന്ന വേതനം:
8. സംഘടനയുടെ അധീനതയിലുള്ള സ്വത്തുക്കൾ, അവയുടെ വില, ഓരോന്നിനേയും സംബന്ധിക്കുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്:
    1. മെഷിനറി
    2. തൊഴിലുപകരണങ്ങൾ
    3. അസംസ്കൃത സാധനങ്ങൾ
9. പുതുതായി തൊഴിൽ തുടങ്ങാനാണ് ഉദ്ദേശമെങ്കിൽ അവയുടെ വിവരങ്ങൾ:
    (എ) തുടങ്ങാനുദ്ദേശിക്കുന്ന തൊഴിൽ
    (ബി) അതിൽ എത്രപേർക്ക് തൊഴിൽ നൽകാൻ സാദ്ധ്യതയുണ്ട്
    (സി) സംഘടന സ്വരൂപിച്ചിട്ടുള്ള മൂലധനം
    1. മെഷിനറി
    2. തൊഴിൽ ഉപകരണങ്ങൾ
    3. അസംസ്കൃത സാധനങ്ങൾ
    4. പ്രവർത്തന ചെലവിനുള്ള രൂപ
10. ഗവൺമെൻറിൽനിന്നോ, മറ്റേതെങ്കിലും സ്ഥാപനങ്ങളിൽനിന്നോ, ഗ്രാൻറായോ, പണമായോ, മെഷിനറിയോ, എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അവ എവിടെനിന്ന് കിട്ടി

യെന്നും കിട്ടിയ സഹായധനത്തിൻെറ വിവരണം നൽകുക.

11. ഇപ്പോ൦ ആവശ്യപ്പെടുന്ന സഹായം

12. എന്തിനുവേണ്ടി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുവെന്ന്

13. മറ്റു വിവരങ്ങ൦ എന്തെങ്കിലും ഉണ്ടെങ്കിൽ അവ

സ്ഥലം : അപേക്ഷിക്കുന്ന ആളിൻെറ പേരും ഒപ്പും
തീയതി: സ്ഥാപനവുമായുള്ള ഔദ്യോഗിക ബന്ധ

അനുബന്ധം 7

വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് ഇൻറർവ്യൂവിന് ഹാജരാകുന്നതിന് ധനസഹായം നല്കുന്നതിനുള്ള അപേക്ഷാഫോറം

1. അപേക്ഷകൻെറ പേരും സ്ഥിരം മേൽവിലാസവും
2. അപേക്ഷകൻെറ ജനനസ്ഥലം
(എ) താലൂക്ക്
(ബി) ജില്ല
3. അപേക്ഷകൻെറ ഇപ്പോഴത്തെ മേൽവിലാസം

4. പിതാവിൻെറ/രക്ഷകർത്താവി
ൻെറ പേരും മേൽവിലാസവും
5. അംഗവൈകല്യത്തെ സംബന്ധി
ക്കുന്ന വിശദവിവരം
അന്ധത/ബധിരത
അസ്ഥി സംബന്ധമായ വൈകല്യം
6. വിദ്യാഭ്യാസ യോഗ്യത
7. ജോലിയുടെ സ്വഭാവം
8. ഇൻറർവ്യൂവിന് ഹാജരായ സ്ഥാ
പനത്തിൻെറ പേര്
9. ഇൻറർവ്യൂവിന് ഹാജരായ സ്ഥലം
തീയതി
10. ഇൻറർവ്യൂവിന് ക്ഷണിച്ചു
കൊണ്ടുള്ള മെമ്മോ നമ്പരും
തീയതിയും
11. ഇൻറർവ്യൂ നടത്തപ്പെട്ട ഉദ്യോ
ഗപ്പേര്
12. മടക്കയാത്ര ആരംഭിച്ച സ്ഥല
ത്തിൻെറ പേര്, സമയം, തീയതി
13. മടക്കയാത്ര അവസാനിച്ച സ്ഥല
ത്തിൻെറ പേര്, സമയം, തീയതി
14. യാത്ര ചെയ്ത രീതി തീവണ്ടി/ബസ്സ്

15. ഏതെങ്കിലും രീതിയിലുള്ള
യാത്രാ സൗജന്യം ഈ യാത്രയ്ക്ക്
ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ സൗജ
ന്യത്തിൻെറ സ്വഭാവം, മൂല്യം,
അനുവദിച്ച സ്ഥാപനം എന്നിവ
യെ സംബന്ധിക്കുന്ന വിവരങ്ങൾ
നല്കുക
16. യാത്രയിൽ സഹായി അനുഗമി

ച്ചിരുന്നോ? അനുഗമിച്ചിരുന്നുവെ
ങ്കിൽ അയാളുടെ പേരും ഇപ്പോഴ
ത്തെ മേൽവിലാസവും

17. യാത്രയ്ക്ക് സഹായിയുടെ
സാന്നിദ്ധ്യം അനുപേക്ഷണീയ
മായി തീർത്ത പ്രത്യേക
കാരണങ്ങൾ?

(1)

(2)

(3)

സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകളെല്ലാം എൻെറ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് ഞാൻ ഇതിനാൽ സാക്ഷിപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം:

തീയതി: അപേക്ഷകൻെറ ഒപ്പ്/വിരലടയാളം

കുറിപ്പ്: (1) അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റ്, വരു മാന സർട്ടിഫിക്കറ്റ്, കൂടിക്കാഴ്ച നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് എന്നിവ ഒന്ന്, രണ്ട്, മൂന്ന് എന്നീ ക്രമത്തിൽ അനുബന്ധമായിചേർത്തിരിക്കുന്ന ഫോറത്തിൽ ഹാജരാക്കേണ്ടതാണ്.

(2) ഇൻെറർവ്യൂ കാർഡിൻെറ അസ്സൽ, അപേക്ഷയോടൊപ്പം ഹാജരാക്കണം.

(3) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൻേറയോ, പബ്ലിക് സർവ്വീസ് കമ്മീഷൻെറയോ നിർദ്ദേശപ്രകാരം ഇൻെറർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതില്ല. ഇൻെറർവ്യൂ കാർഡിൻെറ അസ്സൽ ഹാജരാക്കിയാൽ മതിയാകും.

(4) യാത്രയ്ക്ക് ഒരു സഹായിയെ അനുവദിക്കുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥ ഏതൊരപേക്ഷകൻെറയും അലംഘ

നീയമായ ഒരു അവകാശമായി പരിഗണിക്കുവാൻ പാടുള്ള തല്ല. അപേക്ഷകൻെറ അംഗവൈകല്യത്തിൻെറ സ്വഭാവ വും വ്യാപ്തിയും കണക്കിലെടുത്തുകൊണ്ട്, കോളം 17-ൽ നൽകിയിട്ടുള്ള കാരണങ്ങൾ തികച്ചും ന്യായീകരിക്കാവുന്ന താണെന്ന്, സൗജന്യം അനുവദിക്കുന്ന ഉദ്യോഗസ്ഥന് ബോദ്ധ്യമുള്ള കേസുകളിൽ മാത്രമേ യാത്രാ സഹായിക്കു ള്ള ആനുകൂല്യങ്ങൾ അനുവദിക്കപ്പെടുകയുള്ളു.

അനുബന്ധം 8

മിശ്രവിവാഹം ചെയ്തതുകാരണം ബുദ്ധിമുട്ടനുഭവി ക്കുന്ന ദമ്പതിമാർക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും

ധനസഹായം ലഭിക്കുന്നതിനുള്ള

അപേക്ഷാ ഫാറം

1. പേരും പൂർണ്ണമായ മേൽവിലാസവും
   (എ) ഭർത്താവിൻെറ
   (ബി) ഭാര്യയുടെ
2. വിവാഹത്തിനു മുമ്പുള്ള പൂർണ്ണമായ മേൽ വിലാസം
   (എ) ഭർത്താവിൻെറ
   (ബി) ഭാര്യയുടെ
3. ജാതി
   (എ) ഭർത്താവിൻെറ
   (ബി) ഭാര്യയുടെ
4. വിവാഹത്തിനു മുമ്പുള്ള തൊഴിലും പ്രതിമാസ വരുമാനവും
   (എ) ഭർത്താവിൻെറ

(ബി) ഭാര്യയുടെ

5. അപേക്ഷിക്കുന്ന സമയത്തുള്ള തൊഴിലും പ്രതിമാസ വരുമാനവും
   (എ) ഭർത്താവിൻെറ
   (ബി) ഭാര്യയുടെ
6. വിവാഹം സംബന്ധിച്ചുള്ള വിവരങ്ങൾ
   (എ) വിവാഹം നടക്കുമ്പോൾ പ്രായം
   (1) ഭർത്താവിൻെറ
   (2)ഭാര്യയുടെ
   (ബി) വിവാഹം രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ രജിസ്റ്റർ നമ്പരും തീയതിയും രജിസ്റ്റർ ചെയ്ത ആഫീസിൻെറ പേരും
   (സി)വിവാഹം നടത്തി എന്നു തെളിയിക്കുന്നതിന് എന്തെങ്കിലും തെളിവുകൾ ഹാജരാക്കുന്നു എങ്കിൽ ഹാജരാക്കുന്ന പ്രമാണങ്ങളുടെ വിവരം
7. വിവാഹത്തിനുശേഷം ദമ്പതികൾ എപ്പോഴെങ്കിലും വേർപെട്ടു താമസിച്ചിട്ടുണ്ടോ
   (എ) ഉണ്ടെങ്കിൽ എത്രനാൾ വേർപെട്ടു താമസിച്ചു?
   (ബി) വേർപെട്ടു താമസിക്കുന്നതിനുള്ള കാരണങ്ങൾ.
8. ധനസഹായം ലഭിക്കുകയാണെങ്കിൽ അത് എന്ത് ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാം?
9. മിശ്രവിവാഹം നടത്തിയതുകാരണം എന്തെങ്കിലും പ്രയാസങ്ങളോ കഷ്ടതകളോ അനുഭവിക്കുന്നെങ്കിൽ അതിൻെറ പൂർണമായ വിവരം

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ സത്യമാണെന്നും ശരിയാണെന്നും ഞങ്ങൾ ....ഇതിനാൽ വിന

യപുരസ്സരം ഉറപ്പുചെയ്യുന്നു.

സ്ഥലം: ഭർത്താവിന്റെ പേര്

തീയതി: ഭാര്യയുടെ ഒപ്പ്

ജില്ലാ സ്പെഷ്യൽ ന്യൂട്രീഷൻ ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ്

എന്റെ അന്വേഷണത്തിൽ മുകളിൽ കൊടുത്തിട്ടുള്ള എല്ലാ വിവരങ്ങളും സത്യമാണെന്നും ദമ്പതികൾ മിശ്രവിവാഹം നിമിത്തം ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഇൻസ്പെക്ടർ,

സ്പെഷ്യൽ ന്യൂട്രീഷൻ പ്രോഗ്രാം

അപേക്ഷയോടൊപ്പം താഴെപ്പറയുന്ന പ്രമാണങ്ങൾ ഹാജരാക്കേണ്ടതാണ്.

1. ദമ്പതികളുടെ ജാതി തെളിയിക്കുന്നതിനുള്ള തഹസീൽദാർ നൽകിയ സർട്ടിഫിക്കറ്റ്.
2. ദമ്പതികളുടെ വരുമാനം തെളിയിക്കുന്നതിന് തഹസീൽദാർ നൽകിയ സർട്ടിഫിക്കറ്റ്.
3. മിശ്രവിവാഹം തങ്ങളുടെ ആഫീസിൽ രജിസ്റ്റർ ചെയ്തു എന്ന് കാണിച്ചുകൊണ്ട് താഴെ പറയുന്നതിൽ ഏതെങ്കിലും ഒരു വ്യക്തിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
   (എ) സബ്രജിസ്ട്രാർ
   (ബി) പഞ്ചായത്ത് പ്രസിഡന്റ്
   (സി) ഗവൺമെന്റ് അംഗീകരിച്ച ഒരു മിശ്രവിവാഹ സംഘടന
   (ഡി) ഒരു ക്ഷേത്രത്തിലെ മാനേജർ അല്ലെങ്കിൽ ശ്രീകാര്യക്കാർ
   (ഇ) കരയോഗം സെക്രട്ടറി
   (എഫ്) എസ്.എൻ.ഡി.പി. ശാഖായോഗം സെക്രട്ടറി
   (ജി) പള്ളി അധികാരികൾ
4. ദമ്പതികൾ കഴിഞ്ഞ ഒരുവർഷത്തിലധികമായി ഒരുമിച്ചു താമസിക്കുന്നു എന്ന് കാണിക്കുന്നതും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ, പാർലമെന്റ് മെമ്പറോ, ലെജിസ്ലേറ്റീവ് അസംബ്ലി മെമ്പറോ നൽകിയതുമായ സർട്ടിഫിക്കറ്റ്.

അനുബന്ധം 9

ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെൻറിലെ ഭവനനിർമ്മാണ പദ്ധതിക്കുള്ള അപേക്ഷ

1. അപേക്ഷകൻെറ പേര്
2. അപേക്ഷകൻെറ വയസ്സ്
3. പൂർണ്ണമായ മേൽവിലാസം (വീട്ടുപേര്, കര, പകുതി, പോസ്റ്റാഫീസ്, താലൂക്ക്)
4. ജാതി (മതം)
5. തൊഴിൽ
6. കുടുംബത്തിൻെറ ആണ്ടടക്കവരുമാനം
7. അപേക്ഷകൻെറ സംരക്ഷണയിലുള്ള അംഗങ്ങളുടെ എണ്ണം.
8. അപേക്ഷകൻ ഇപ്പോൾ എവിടെ എന്തു വ്യവസ്ഥയിൽ താമസിക്കുന്നു എന്ന്?
9. സ്വന്തമായ ഭൂമിയിലാണെങ്കിൽ അതിൻെറ വിസ്തീർണ്ണം, സർവ്വേ നമ്പർ, മറ്റു സ്വഭാവങ്ങൾ
10. ഇപ്പോൾ താമസിക്കുന്ന വീടിൻെറ (ഭിത്തിയുടെയും മേൽക്കൂരയുടെയും സ്വഭാവം)
11. അപേക്ഷകൻെറ ജാതി, മതം, തൊഴിൽ, വാർഷിക വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ആര്, എന്നു നൽകി
12. അപേക്ഷിക്കുന്നയാളിൻെറ ഭാര്യയ്ക്ക് അഥവാ ഭർത്താവിന് ഈ ഡിപ്പാർട്ടുമെൻറിൽ നിന്ന് ഭവന നിർമ്മാണത്തിനുള്ള ഗ്രാൻറ് കിട്ടിയിട്ടുണ്ടോ?
13. ഉണ്ടെങ്കിൽ അതിൻെറ സ്വഭാവവും അനുവദിച്ച തീയതിയും
14. അപേക്ഷകൻെറ അവിവാഹിതരായ മക്കളിൽ ആർക്കെങ്കിലും ഗവൺമെൻറ് ഉദ്യോഗമുണ്ടോ? ഉണ്ടെങ്കിൽ ഉദ്യോഗപ്പേരും ഡിപ്പാർട്ടുമെൻറിൻെറ പേരും
15. നിയമാനുസൃതമായ അവകാശിയുടെ പേരും മേൽവിലാസവും
16. അപേക്ഷകൻെറ ഒപ്പ് അഥവാ വിരലടയാളം

17. സ്ഥലം:

തീയതി

മേൽക്കാണിച്ചിട്ടുള്ള വിവരങ്ങളെല്ലാം എൻെറ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും ഏതെങ്കിലും വിവരങ്ങൾ, അന്വേഷണത്തിൽ തെറ്റാണെന്ന് തെളിയുകയാണെങ്കിൽ എനിക്ക് അനുവദിക്കുന്ന വീട് ഡിപ്പാർട്ടുമെൻറിൻെറ ഇഷ്ടപ്രകാരം കൈമാറ്റം ചെയ്യുന്നതിന് എനിക്കു സമ്മതമാണെന്നും ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം:

തീയതി: അപേക്ഷകൻെറ ഒപ്പ്/വിരലടയാളം

അന്വേഷണ ഉദ്യോഗസ്ഥൻെറ റിപ്പോർട്ട്

സ്ഥലം: (ഒപ്പ്)

തീയതി പേര്, ഉദ്യോഗപ്പേര്

വില്ലേജാഫീസർ, തഹശീൽദാർ, റവന്യൂ ഇൻസ് പെക്ടർ പഞ്ചായത്ത് പ്രസിഡൻറ്, മുനിസിപ്പൽ ചെയർമാൻ, എം.എൽ.എ., എം.പി.. എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റുകൾ മതിയായ തെളിവായി സ്വീകരിക്കുന്നതാണ്.

ഹരിജൻ വെൽഫെയർ ഡയറക്ടർ

അനുബന്ധം 10

കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള ഭവനനിർമ്മാണ വായ്പാനിയമത്തിലെ 9-ാം വകുപ്പനുസരിച്ച് വായ്പ ലഭിക്കുവാനുള്ള അപേക്ഷാഫാറം

1. അപേക്ഷകൻെറ പേരും മേൽവിലാസവും (പൂർണ്ണമായി)
2. അച്ഛൻെറ പേര്
3. തൊഴിൽ
4. പ്രായം
5. വാർഷികവരുമാനം വരവിനം സഹിതം

ഇനം

വരവ്

(1)

(2)

(3)

6. വായ്പയായി ആവശ്യപ്പെടുന്ന തുക
7. വായ്പ ആവശ്യപ്പെടുന്നതിൻെറ ഉദ്ദേശ്യം
8. അപേക്ഷകന് ഇപ്പോൾ സ്വന്തമായി വീടുണ്ടോ?

   (ഉണ്ടെങ്കിൽ അതിൻെറ വിശദവിവരങ്ങൾ)
9. വീടുവയ്ക്കാനുള്ള സ്ഥലം അപേക്ഷകന് സ്വന്തമായി ഉണ്ടോ?

   (ഉണ്ടെങ്കിൽ അതിൻെറ വിശദവിവരങ്ങൾ)

   താലൂക്ക്

   വില്ലേജ്

   സർവ്വേ നമ്പർ

   വലിപ്പം

   ഉദ്ദേശ വില
10. വീടുവയ്ക്കുവാൻ വേണ്ടി നിർദ്ദേശിച്ചിട്ടുള്ള സ്ഥലം ഇപ്പോൾ അപേക്ഷകൻെറ സ്വന്തം വക തന്നെയോ?
11. നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തിന് വേറെ നിയമപരമായ അവകാശികൾ ഉണ്ടോ?
12. നിർമ്മിക്കാനുദ്ദേശിക്കുന്ന വീടിൻെറ ഉദ്ദേശ വില

13. വീടിന് ഉണ്ടായിരിക്കണമെന്നുദ്ദേശിക്കുന്ന സൗകര്യങ്ങൾ
    (1) തറയുടെ വിസ്തീർണ്ണം
    (2)മുറികളുടെ എണ്ണം
14. നിർമ്മിക്കുവാനുദ്ദേശിക്കുന്ന വീടിൻെറ പ്ലാനും എസ്റ്റിമേറ്റും (രൂപകല്പനയും മതിപ്പു ചെലവും) ഹാജരാക്കിയിട്ടുണ്ടോ?
15. പ്ലാനും എസ്റ്റിമേറ്റും സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥൻെറ പേരും പദവിയും മേൽവിലാസവും
16. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള ഭവനനിർമ്മാണ വായ്പാ പദ്ധതിയുടെ നിബന്ധനകൾ അംഗീകരിച്ച് അതിനു വിധേയമായി പ്രവർത്തിക്കുവാൻ അപേക്ഷകൻ സന്നദ്ധനാണോ?

മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ എൻെറ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് ഞാൻ ഇതിനാൽ ബോധിപിച്ചുകൊള്ളുന്നു.

സ്ഥലം:
തീയതി:

അപേക്ഷകൻെറ ഒപ്പ്
പേര്

താലൂക്ക് വെൽഫെയർ ഓഫീസറുടെ ശുപാർശ

........................താലൂക്ക്

........................ജില്ലാ വെൽഫെയർ ഓഫീസർ മുമ്പാകെ ഹാജരാക്കുന്നു. ആവശ്യമായ അന്വേഷണങ്ങൾ നടത്തി. അപേക്ഷകൻ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന അംഗമാണ്. അപേക്ഷകന്/അപേക്ഷകയ്ക്ക് ഇപ്പോൾ സ്വന്തമായി ഒരു വീട് ഉണ്ട്/ഇല്ല. അപേക്ഷകൻെറ/അപേക്ഷകയുടെ പരിപൂർണ്ണമായ ഉടമസ്ഥതയിൽ ബാദ്ധ്യതയില്ലാത്ത സ്വത്തായി ....വില്ലേജിൽ..........സർവ്വേ നമ്പ

